# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 07 No. 02 | THE ONLINE OFFICIAL NEWS BULLETIN | 2024 January 11


## SEASON OF EPIPHANY | ദനഹാകാലം | ܥܕܢܐ ܕܕܢܚܐ

| ܚܕܒܫܒܐ SUNDAY | ܬܪܝܢ ܒܫܒܐ MONDAY | ܬܠܬܐ ܒܫܒܐ TUESDAY | ܐܪܒܥܐ ܒܫܒܐ WEDNESDAY | ܚܡܫܐ ܒܫܒܐ THURSDAY | ܥܪܘܒܬܐ FRIDAY | ܫܒܬܐ SATURDAY |
|---|---|---|---|---|---|---|
| 2nd Sunday after Epiphany ♪3 **14** |  ♪1 ✠ **Feast of St. Mary for Seeds** Comme. of Paul the Monk **15** | ♪3 **16** | ♪7 **17** |  ♪3 Comme. of St. Samuel, St. Simon and St. Antony the hermit. 68st Mem. of Michael Mar Dionysius Metropolitan ✠ (Panampady) **18** | ♪7 **19** | ♪3 **20** |



വള്ളിക്കാട്ട് ദയറായിൽ ദനഹാ പെരുന്നാൾ ശുശ്രൂഷകൾക്ക് പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ മുഖ്യ കാർമികത്വം വഹിച്ചു.



107-ാമത് മധ്യതിരുവിതാംകൂർ ഓർത്തഡോക്സ് കൺവൻഷൻ പന്തലിന്റെ കാൽനാട്ടു കർമം പ. മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ നിർവഹിച്ചു. ജനുവരി 19 മുതൽ 25 വരെ മാക്കാംകുന്ന് സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് കത്തീഡ്രൽ മൈതാനിയിൽ നടക്കും.




കുവൈറ്റ് മാർ ബസേലിയോസ് മൂവ്മെന്റിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങളായ ബസേലിയോ 2023-24-നോടനുബന്ധിച്ച് സംഘടിപ്പിച്ച കുടുംബസംഗമത്തിന്റെ ഉത്ഘാടനം അലക്സിയോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ നിർവഹിച്ചു.




2024 ഫെബ്രുവരി 25-ന് കോട്ടയത്ത് നടക്കുന്ന മാർത്തോമ്മൻ പൈതൃക സംഗമര ബ്രോഷറിന്റെ പ്രകാശനം പ. കാതോലിക്കാ ബാവാ പരുമലയിൽ നിർവഹിച്ചു. കെ. വി. പോൾ റമ്പാൻ, ഡോ. ജോഷ്വാ മാർ നിക്കോദിമോസ്, ഡോ. മാത്യൂസ് മാർ തിമോത്തിയോസ്, റോണി വർഗീസ് ഏബ്രഹാം, അഡ്വ. ബിജു ഉമ്മൻ, ഫാ. ഡോ. തോമസ് വർഗീസ് അമയിൽ, മത്തായി ടി. വർഗീസ്, യൂഹാനോൻ മാർ പോളിക്കാർപ്പോസ്, ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, ഏബ്രഹാം മാർ എപ്പിഫാനിയോസ് എന്നിവർ സമീപം.

## മാർ റാഫേൽ തട്ടിലിന് പ. കാതോലിക്കാ ബാവാ ആശംസകൾ നേർന്നു



ദേവലോകം: സീറോ മലബാർ സഭയുടെ പുതിയ മേജർ ആർച്ച് ബിഷപ്പായി തെരഞ്ഞെടുക്കപ്പെട്ട മാർ റാഫേൽ തട്ടിലിന് പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ ആശംസകൾ നേർന്നു.

സഭയെ യഥോചിതം നയിക്കുവാനുള്ള ദൈവകൃപയും അനുഗ്രഹങ്ങളും ലഭിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നതായി പ. പിതാവ് പറഞ്ഞു.




ചുങ്കത്തറയിൽ ഓർത്തഡോക്സ് സഭ മലബാർ ഭദ്രാസന സപ്തതി ആഘോഷത്തിന്റെയും ഭദ്രാസന കൺവൻഷന്റെയും പന്തൽ കാൽനാട്ടുകർമം ഭദ്രാസനാധ്യക്ഷൻ ഗീവർഗീസ് മാർ പക്കോമിയോസ് നിർവഹിക്കുന്നു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

വിശ്വാസ പാഠനം

# തിരുവെഴുത്തുകൾ: സഭയുടെ ആധികാരിക പാരമ്പര്യം - 11

## ഡോ. തോമസ് മാർ അത്താനാസിയോസ്



പഴയനിയമ യിസ്രായേലും പുതിയനിയമസഭയും തമ്മിലുള്ള ബന്ധം വിശദീകരിക്കുന്നതിനും, പുതിയനിയമ സഭയുടെ പരിസര - പശ്ചാത്തലം വ്യക്തമാക്കുന്നതിനും, ടൈപ്പോളജിയുടെ സാധ്യത സഭ പ്രയോജനപ്പെടുത്തുന്നുണ്ട്. അത് സഭയുടെ ആരാധന ക്രമങ്ങളിൽ കണ്ടെത്താവുന്നതാണ് . അതു വിശദീകരിക്കുവാനായി ദേവാലയ കൂദാശയിലെയും കൂദോശ് ഈത്തോ - ഹൂദോസ് ഈത്തോ ഞായറാഴ്ചകളിലെ നമസ്കാരത്തിന്റെ പ്രുമിയോൻ - സെദറാകളിലെയും പ്രസക്തഭാഗങ്ങൾ ഇവിടെ ഉദ്ധരിക്കുന്നു. ഇവിടെ സഭയും ദേവാലയവുമെല്ലാം പഴയനിയമ മുൻകുറികളുടെ യാഥാർത്ഥ്യവത്കരണമായി അവതരിപ്പിക്കപ്പെടുന്നു. ശിലാസ്ഥാപന ശുശ്രൂഷയിലെ സെദ്റ ഇപ്രകാരമാണ്:

'നിന്റെ സഭയുടെ സൂചകമായ സമാഗമനകൂടാരത്തിൽ നീ സന്നിഹിതനായി തിരുസഭയുടെ തേജസ്സും പ്രഭയും വെളിപ്പെടുത്തുവാൻ തിരുമനസ്സായി. നിന്റെ ബഹുമതിക്കായി മോശ തിരുനിവാസം രൂപപ്പെടുത്തുകയും മനോഹരമായി അതിനെ അലങ്കരിക്കുകയും ചെയ്തു. അതിനെ സഭയുടെ ദൃഷ്ടാന്തമായി നീ വെളിപ്പെടുത്തി. ദർശകരായ നിബിയന്മാർ സഭയെപ്പറ്റി പ്രവചിച്ചു. പൂർവ്വപിതാവായ നോഹ ജലപ്രളയത്തിൽ നിന്ന് രക്ഷിച്ചതിനുള്ള നന്ദി സൂചകമായി ആശ്വാസത്തിന്റെ പരിമളധൂപം നിനക്കണയ്ക്കുകയും പരിശുദ്ധ ബലിപീഠത്തിന്റെ രഹസ്യം വെളിപ്പെടുത്തുകയും ചെയ്തു. വിശ്വാസികളുടെ പിതാവായ അബ്രഹാം മോറിയ മലയുടെ ഉയരങ്ങളിലേയ്ക്കു കരേറി തന്റെ ഏകജാതന്റെ ബലിക്കൊരുങ്ങി. ഇതു പുത്രൻ തമ്പുരാന്റെ തിരുബലിയുടെയും സഭയ്ക്കുള്ളിൽ അണയ്ക്കപ്പെടുന്ന സ്തോത്ര യാഗത്തിന്റെയും മുൻകുറിയായിത്തീർന്നു. നിന്റെ വാത്സല്യവാനായ യാക്കോബ് ബഥേലിൽ വെച്ച് ശില അഭിഷേകം ചെയ്ത് നേർച്ചകളും വഴിപാടുകളും അതിൽ അർപ്പിച്ചു. തന്മൂലം ഇവിടെ നിനക്കണയ്ക്കുന്നതായ ദൈവിക രഹസ്യങ്ങളെ മുൻകൂട്ടി വെളിപ്പെടുത്തി. ഏലിയാ ദീർഘദർശി കർമ്മേലിൽ യാഗപീഠം നിർമ്മിച്ച് ബലിയൊരുക്കി ദിവ്യ മർമ്മങ്ങളുടെ അനുഷ്ഠാനത്തെ ദൃഷ്ടാന്തീകരിച്ചു. ജ്ഞാനിയായ ശലോമോൻ നിനക്ക് ആലയം പണിത് തിരുസഭയുടെ സൗന്ദര്യവും ശോഭയും വെളിപ്പെടുത്തി. അവിടെ അർപ്പിക്കപ്പെട്ടിരുന്ന ബലികളാൽ നിന്റെ തിരുബലിയുടെയും ഇവിടെ അണയ്ക്കപ്പെടുന്ന സ്തോത്ര യാഗങ്ങളുടെയും സൂചന നൽകി. രാജാവും ദീർഘദർശിയും ആയ ദാവീദ് യബുസായനായ ആരാമിന്റെ കളത്തറയിൽ വെച്ച് യാഗം അർപ്പിച്ച് ജനത്തിന്മേൽ നിശ്ചയിക്കപ്പെട്ട വസന്തയെ തടഞ്ഞത് തിരുസഭയിൽ അണയ്ക്കപ്പെടുന്ന ദിവ്യബലിയുടെ ദൃഷ്ടാന്തമായി. കർത്താവിന്റെ ഭവനം പർവ്വതശൃംഗത്തിൽ പണിയപ്പെടും; അതിൽ വിജാതിയർ തടിച്ചു കൂടുകയും ചെയ്യും എന്ന പ്രവചനം തിരുസഭയുടെ രൂപപ്പെടലിൽ യാഥാർത്ഥ്യമായി. സഭയോട് അതിന്റെ കൂടാര കയറുകൾക്ക് നീളം വർദ്ധിപ്പിക്കുക; അതിന്റെ വിരികളെ വിസ്താരപ്പെടുത്തുക എന്ന ദീർഘദർശനം സഭയുടെ സാർവ്വത്രികതയെയും സകലർക്കും അതിൽ ഇടം ലഭ്യമാകുന്നതിനെയും സൂചിപ്പിച്ചു. ബാബേൽ പ്രവാസത്തിനു ശേഷം നെഹമ്യ തകർന്നു പോയ ആലയം പുനർ നിർമ്മിച്ച് പുതിയനിയമസഭയുടെ നിർമ്മിതിയെ പ്രവചിച്ചു. ദൈവിക ഗായകനായ ദാവീദ് ബലിപീഠത്തിനരികെ പക്ഷിക്കുഞ്ഞുങ്ങൾ പാർക്കുന്നതിനെക്കുറിച്ച് പാടി സഭയെ പറ്റി ദീർഘദർശനം നൽകി. ഇപ്രകാരം സഭയെപ്പറ്റിയും അതിലെ ദൈവിക ആരാധനയെ പറ്റിയും ഉള്ള ദൈവിക സത്യങ്ങളെ ദൃഷ്ടാന്തങ്ങളും ഉപമാനങ്ങളും ആയി മുൻകൂട്ടി വെളിപ്പെടുത്തിയത് ഞങ്ങൾ സംഭ്രമപൂർവ്വം അനുസ്മരിക്കുന്നു ' .

വീണ്ടും ദേവാലയ ശുദ്ധീകരണത്തിന്റെ രണ്ടാം ക്രമത്തിലെ സെദ്റയിൽ ഇപ്രകാരം അവതരിപ്പിക്കുന്നു:

'സഭയുടെ അടിസ്ഥാനശിലയും സത്യസ്വരൂപനുമായ മിശിഹായേ, നീ നിന്റെ



സഭയെ നിർമ്മിക്കുന്നതിന് അതിന്റെ ആധാരശിലയായി സ്വയം നൽകിയല്ലോ. ദൈവജനമായിരുന്ന ഇസ്രായേൽമക്കൾക്കു ദാഹിച്ചപ്പോൾ പ്രകൃത്യാതീതമായി ജലം പ്രവഹിച്ച പാറ നിന്നെ സൂചിപ്പിക്കുന്നു. അവിടെ നിന്ന് ഒഴുകിയിറങ്ങിയ ജലം സത്യോപദേശങ്ങളുടെ കൈവഴികളും സഭയിൽ ദർശിക്കുന്ന വൈവിദ്ധ്യമാർന്ന ദൈവകൃപകളുടെ നീർച്ചാലുകളുമായി ഞങ്ങൾ തിരിച്ചറിയുന്നു. ഇസ്രായേൽ ജനത്തിന് ദാഹജലം നൽകി അവരുടെ ജീവൻ സംരക്ഷിച്ച പാറയാകുന്ന കർത്താവിന്മേൽ പണിയപ്പെട്ടിരിക്കുന്ന തിരുസഭയെ പ്രതീകങ്ങളും സൂചകങ്ങളുമായി പഴയനിയമസഭയിൽ വെളിപ്പെടുത്തിയിരിക്കുന്നതു കണ്ട് ഞങ്ങൾ ആശ്ചര്യപ്പെടുന്നു.

നിന്റെ തിരുസഭയുടെ പ്രാഭവത്തെ ദർശിച്ച് സ്വർഗ്ഗീയ ഗായകനായ ദാവീദ് വിസ്മയഭരിതനായി അതിനെ വർണ്ണിച്ചുകൊണ്ട് പാട്ടുപാടി. ന്യായപ്രമാണപ്രകാരം ഉള്ള രോമനിർമ്മിതവും വർണ്ണസമൃദ്ധവുമായ ദേവാലയ വിരികൾ പരിശുദ്ധ സഭയുടെ മഹത്വത്തിന്റെ നിഴലായി നിലകൊള്ളുന്നു. അവ തിരുസഭയിലെ രക്ഷാകരമായ കൗദാശികാനുഷ്ഠാനങ്ങളുടെ രഹസ്യസൂചകമായ രൂപങ്ങളായി ഞങ്ങൾ ഗ്രഹിക്കുന്നു. ഇസ്രായേലിന്റെ ദേവസ്ഥാനങ്ങളെ അലങ്കരിച്ച ആകർഷകമായ നിറമാർന്ന നൂലുകൾ കൊണ്ടുള്ള അലങ്കാരങ്ങൾ പുതിയനിയമ സഭയുടെ ആത്മിക ചങ്ങലകളുടെയും പരിശുദ്ധാത്മപ്രേരിതമായ സുകൃതങ്ങളുടെയും സൂചനയാകുന്നു. ലോഹനിർമ്മിതമായ തൂണുകളും താങ്ങുകളും സഭയുടെ സ്തംഭങ്ങളായ പരിശുദ്ധ ശ്ലീഹന്മാരുടെയും സുവിശേഷപ്രഘോഷകരായ അറിയിപ്പുകാരുടെയും നിഴലാകുന്നു. ചങ്ങാലികളുടെയും കൊറ്റനാടുകളുടെയും രക്തത്തിൽ കുതിർന്ന പഴയനിയമ ബലിപീഠം ലോകത്തിന്റെ പാപത്തെ വഹിക്കുന്ന ദൈവപുത്രനായ കുഞ്ഞാടിന്റെ കളങ്കരഹിതമായ പുണ്യ രക്തത്താൽ ശുദ്ധീകൃതമായ ആത്മീയ യാഗപീഠമായ പരിശുദ്ധ സഭയുടെ പ്രതിരൂപമായി വെളിപ്പെട്ടിരിക്കുന്നു. ബലിപീഠത്തെ പ്രകാശിപ്പിച്ചിരുന്ന ഏഴു ശിഖരമുള്ള ദ്രവ്യനിർമ്മിതമായ വിളക്ക് നീതിസൂര്യനായ കർത്താവിലും ഉദയ നക്ഷത്രങ്ങളായിരുന്ന പരിശുദ്ധ ശ്ലീഹന്മാരിലും യാഥാർത്ഥ്യമായി. പൊരുളായ സഭയെ ദർശകർ പ്രതീകങ്ങളാൽ വെളിപ്പെടുത്തി. വെളിച്ചം അടുത്തിരിക്കയാൽ എഴുന്നേറ്റു പ്രകാശിക്കുക എന്ന് മഹത്വമുള്ളവനായ ഏശായ ആസന്നമായ സഭയുടെ രൂപപ്പെടലിനെ പറ്റി പ്രവചിച്ചു. കർത്താവിന്റെ ആദരവ് നിന്റെ മേൽ ഉണ്ടാകും എന്ന ഏശായായുടെ ദീർഘദർശനം സഭയിൽ

നിവൃത്തിയായി. നിന്റെ ജനത്തെയും പിതൃഭവനത്തെയും വിസ്മരിച്ച് രാജാവിനോടു ചേരുക എന്ന് ഗായകനായ ദാവീദ് പാടിയത് എല്ലാം നിഷേധിച്ചു മിശിഹായുടെ മണവാട്ടിയായിത്തീർന്ന സഭയെപ്പറ്റിയാണെന്ന് ഞങ്ങൾ ഗ്രഹിക്കുന്നു. രാജാവ് നിന്റെ അംഗ ലാവണ്യത്തെ വർണ്ണിക്കുകയും സൗന്ദര്യത്തിൽ ആകൃഷ്ടനാവുകയും ചെയ്യുമെന്ന ദാവീദിന്റെ ദർശനം സഭയുടെ ശോഭയെ പറ്റിയാകുന്നു.

പ. സഭയേ നിന്റെ നയനങ്ങൾ നീല നിറമുള്ളവയും വസ്ത്രം പ്രശോഭിതവും ആകുന്നു. നിന്റെ കമനീയതയിൽ അത്ഭുതപ്പെടുന്നവർ അനേകം. നിന്റെ രൂപസൗന്ദര്യം വർണ്ണിക്കുന്നവരാകട്ടെ നിരവധിയാകുന്നു.

ഇതിനു സമാനമായ വായനയാണ് കൂദോശ് ഈത്തോ ഞായറാഴ്ചയിലെ പ്രഭാത നമസ്കാരത്തിലെ സെദ്റയിലും കാണുന്നത്.

പുതിയനിയമസഭ പഴയനിയമ ദൃഷ്ടാന്തങ്ങളാകുന്ന മുൻകുറികളാൽ സൂചിപ്പിക്കപ്പെടുന്നതായി പള്ളി കൂദാശക്രമം വ്യക്തമാക്കുന്നു: 'മണവാട്ടിയുടെ ശുദ്ധീകരണമാകുന്ന ഈ കൂദാശപ്പെരുന്നാൾ ഞങ്ങൾ ആചരിക്കുകയും വിശുദ്ധ ഗാനങ്ങൾ അതിനെ മഹത്വീകരിക്കുകയും ചെയ്യുന്നു. ദൈവിക നൽവരങ്ങളുടെ ശ്രീഭണ്ഡാരമാകുന്ന വിശുദ്ധ സഭയേ നീ ഭാഗ്യവതിയാകുന്നു. ദൈവം തന്റെ സിംഹാസനമായി നിന്നെ തെരഞ്ഞെടുത്തതിനാൽ നീ സന്തോഷിക്കുക. ദൈവവചനം തിരിച്ചറിഞ്ഞ ഭരണാധികാരികളെ അവരുടെ അധികാര ചിഹ്നങ്ങളോടെ നിന്റെ അടുക്കലേയ്ക്കാകർഷിക്കുന്ന പരിശുദ്ധ സഭയേ നിനക്ക് ഭാഗ്യം. മഹത്വമുള്ളവനായ ഏശായാ ദീർഘദർശിയുടെ വചനപ്രകാരം നീതി വസിക്കുന്ന അനുഗൃഹീത സമൂഹമേ നിനക്ക് ഭാഗ്യം. ജ്ഞാനിയായ ശലോമോൻ വിജ്ഞാന സമുദ്രം എന്നു വിളിക്കുന്ന പരിശുദ്ധ സഭയേ നിനക്കു ഭാഗ്യം. നിബിവാക്യം പോലെ ദൈവികസൗന്ദര്യം വെളിവാക്കുന്ന പരിശുദ്ധ സഭയേ നീ ഭാഗ്യവതിയാകുന്നു. സീനായ് മലമുകളിൽ വെച്ച് രഹസ്യം നിറഞ്ഞ ദൃഷ്ടാന്തമായി മോശയ്ക്കു വെളിപ്പെട്ട സഭയേ നിനക്ക് ഭാഗ്യം. പാതാള ഗോപുരങ്ങൾക്ക് ഭീതി ജനിപ്പിക്കുവാൻ കഴിയാത്ത വാഗ്ദത്ത വധുവായ സഭയേ നിനക്ക് ഭാഗ്യം.'

ഹൂദോസ് ഈത്തോ ഞായറാഴ്ച സന്ധ്യയിലെ സെദ്റ പ്രാർത്ഥനയിൽ ഇപ്രകാരം കാണുന്നു: 'ഈ സഭയെ പൂർവ്വപിതാക്കന്മാരും പ്രധാന പിതാക്കന്മാരും അവരവരുടെ ജീവിതഘട്ടങ്ങളിൽ ദൃഷ്ടാന്തീകരിച്ചു കാണിച്ചിരുന്നു. നീതിമാനായ നോഹ തനിക്കും തന്നോടു കൂടെയുള്ളവർക്കും രക്ഷയ്ക്കുവേണ്ടി മരംകൊണ്ട് പെട്ടകം ഉണ്ടാക്കി അതിനെ ദൃഷ്ടാന്തീകരിച്ചു. കുടുംബങ്ങളുടെയും ഗോത്രങ്ങളുടെയും പിതാവായ അബ്രഹാം പർവ്വതത്തിന്റെ മുകളിൽ ബലിപീഠം പണിത് അതിൽ നിന്റെ ഒരു മുൻകുറി എന്നവണ്ണം തന്റെ മകനായ ഇസഹാക്കിനെ സമർപ്പിച്ചുകൊണ്ട് അതിനെ രൂപീകരിച്ചു. പിതാക്കന്മാരുടെ തലവനായ യാക്കോബ് നാട്ടി അഭിഷേകം ചെയ്ത കല്ലു മൂലം അതിനെ മുൻകാണിച്ച് ഇതു വിശുദ്ധ സ്ഥലവും സ്വർഗ്ഗത്തിലേയ്ക്കുള്ള വാതിലും എന്നു വിളിച്ചു പറഞ്ഞു. മഹാനായ മോശ സഭയിൻ കൂടാരം മൂലം അതിനെ സൂചിപ്പിച്ചു. അതു ശലോമോൻ പണിയിച്ച ആലയത്തേക്കാൾ അതിമഹത്തരവും പ്രാഗത്ഭ്യവും ഉള്ളതാകുന്നു. 'രാജകുമാരി അകമേ മുഴുവനും ഭംഗിയുള്ളതാകുന്നു. അവളുടെ വസ്ത്രം തങ്കത്തേക്കാൾ അലംകൃതമത്രേ' എന്ന് ദിവ്യനായ ദാവീദ് ഘോഷിച്ചിരിക്കുന്നു . യെശയ്യാ പ്രവാചകൻ അതിനോട് ഇങ്ങനെ വിളിച്ചു പറഞ്ഞു: 'നിന്റെ ഉയരമുള്ള പ്രബല വാതിലുകൾ തുറക്കപ്പെട്ടിരിക്കുന്നു ,അടയ്ക്കപ്പെടുകയില്ല. എന്തുകൊണ്ടെന്നാൽ നിന്റെ വിലയേറിയ രക്തത്താൽ അതു വിലയ്ക്ക് വാങ്ങപ്പെട്ടിരിക്കുന്നു.'

കൂദോശ് ഈത്തോ ഞായർ സന്ധ്യയുടെ സെദ്റ പ്രാർത്ഥനയിലും സഭയെ പറ്റിയുള്ള മുൻകുറികൾ കാണാവുന്നതാണ്:

'അതു ആകൃതിയിൽ ചിത്രീകരിക്കപ്പെട്ട പക്ഷിയാകുന്നുവെന്നും അതിനെ സ്വർഗ്ഗസേനകൾ വളഞ്ഞിരിക്കുന്നുവെന്നും ദാവീദ് സൂചിപ്പിച്ചിട്ടുണ്ട്. യെശയ്യാ ഉപമകളാൽ അതിനെ ദൃഷ്ടാന്തപ്പെടുത്തി. മോശ കൂടാരം മൂലം അതിനെ കാണിച്ചു. ഹസ്കിയേൽ തന്റെ ദർശനത്താലും സഖറിയ മഹത്തര സംഗതികൾകൊണ്ടും അതിനെ അറിയിച്ചു.' അതേ ദിവസം രാത്രി ഒന്നാം കൗമയിൽ ഇപ്രകാരം സൂചിപ്പിക്കുന്നു . ദിവ്യനായ ദാവീദ് ദൈവത്തിന്റെ നഗരമെന്ന് നിന്നെ വിളിച്ചിരിക്കുക കൊണ്ട് നീ എഴുന്നേറ്റ് ശോഭിക്കുക. സഖറിയാ പ്രവാചകൻ വിശുദ്ധിയിൻപീഠമെന്ന് നിനക്ക് നാമകരണം ചെയ്തിരിക്കുകയാൽ എഴുന്നേറ്റു ശോഭിക്കുക. ഹസ്കിയേൽ നിന്റെ ദൃഷ്ടാന്തം സ്ഫടിക സിംഹാസനത്തിൽ കണ്ടിട്ടുള്ളതുകൊണ്ട് നീ എഴുന്നേറ്റു ശോഭിക്കുക. ദൈവത്തിന് ഇരിപ്പിടമായി തിരഞ്ഞെടുക്കപ്പെട്ട പർവ്വതമെന്ന് വിളിക്കപ്പെട്ടതുകൊണ്ട് നീ എഴുന്നേറ്റു ശോഭിക്കുക. ഗൗരവ സംഗതികൾ നിന്നിൽ സംസാരിക്കപ്പെട്ടതു കൊണ്ട് ദൈവ

**പഴയനിയമത്തിലെ വ്യക്തികളും വസ്തുക്കളും സംഭവങ്ങളും മാത്രമല്ല പുതിയനിയമ യാഥാർത്ഥ്യങ്ങളുടെ മുൻകുറികൾ. പഴയനിയമസഭയും ദേവാലയവും ശുശ്രൂഷകളും പുതിയനിയമത്തിന്റെ മുൻകുറികളായി ഓർത്തഡോക്സ് ആരാധനക്രമങ്ങളിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.**

ത്തിന്റെ പട്ടണമേ എഴുന്നേറ്റു ശോഭിക്കുക. നിന്റെ അഴക് സകല സൗന്ദര്യത്തിലും പ്രബലമായിരിക്കകൊണ്ട് എഴുന്നേറ്റു ശോഭിക്കുക. നിത്യജീവന്റെ അവകാശം എല്ലാ പ്രകാരേണയും നിനക്കു വാഗ്ദാനം ചെയ്യപ്പെട്ടതിനാൽ എഴുന്നേറ്റു ശോഭിക്കുക. നിന്റെ പ്രകാശം വന്നടുത്തു എന്ന് മഹത്വമുള്ളവനായ ഏശായാ പറഞ്ഞിരിക്കകൊണ്ട് എഴുന്നേറ്റു ശോഭിക്കുക. രാജാവ് നിന്റെ ഭംഗിയെ മോഹിക്കും എന്ന് കർത്താവിന്റെ പ്രവാചകൻ വചനിച്ചിരിക്കുക കൊണ്ട് നീ എഴുന്നേറ്റു ശോഭിക്കുക. എല്ലാ ഭൂഭാഗങ്ങളുടെയും പ്രത്യാശയായവൻ സമാധാനത്താൽ നിന്റെ അതിരു നിർണ്ണയിച്ചിരിക്കുകകൊണ്ട് നീ എഴുന്നേറ്റു ശോഭിക്കുക. ലോകനിയന്താവിന്റെ തൃക്കൈകളാൽ നീ രൂപീകരിക്കപ്പെട്ടതു കൊണ്ട് എഴുന്നേറ്റു ശോഭിക്കുക. ആത്മാക്കളുടെ ഇടയന്റെ പ്രബലഭുജം നിന്നെ രക്ഷിച്ചതുകൊണ്ട് നീ എഴുന്നേറ്റു ശോഭിക്കുക. കർത്താവിന് പ്രീതികരമായി താൻ അതിൽ വസിച്ച സിയോൻ നീയാകകൊണ്ട് എഴുന്നേറ്റു ശോഭിക്കുക.'

കൂദോശ് ഈത്തോയുടെ രാത്രി നമസ്കാരത്തിലെ ഒന്നാം കൗമയുടെ സെദ്റയിൽ ഇപ്രകാരം കാണുന്നു: ആത്മീയ വാക്യങ്ങളാൽ ഉച്ചത്തിൽ പറയുന്നു. തിരുസഭയേ എഴുന്നേറ്റു പ്രകാശിക്കുക. നിന്നെ സ്ഥാപിച്ച ജ്ഞാനിയായ ശില്പിയാൽ നിന്റെ കതകുകളുടെ സാക്ഷാ ബലവത്തായിരിക്കുന്നു . സഭയേ ഉണർന്നു ശോഭിക്കുക. സകല സൃഷ്ടികളുടെയും രക്ഷകൻ നിന്റെ മക്കളെ വാഴ്ത്തിയിരിക്കുന്നു. ദിവ്യനായ ദാവീദ് ദൈവത്തിന്റെ നഗരമെന്ന് നിന്നെ വിളിച്ചിരിക്കുകകൊണ്ട് നീ എഴുന്നേറ്റു ശോഭിക്കുക. ഓഫീറിലെ തങ്കാലങ്കാരംകൊണ്ട് നിന്നെ പ്രാഭവപ്പെടുത്തിയതിനാൽ നീ എഴുന്നേറ്റു ശോഭിക്കുക. ജീവദായകൻ നിനക്ക് നിത്യജീവൻ നിശ്ചയിച്ചിരിക്കുകയാൽ നീ എഴുന്നേറ്റു ശോഭിക്കുക. സഖറിയാ പ്രവാചകൻ വിശുദ്ധിയിൻപീഠമെന്ന് നിനക്ക് നാമകരണം ചെയ്തിരിക്കുകയാൽ എഴുന്നേറ്റു ശോഭിക്കുക. ഹസ്കിയേൽ നിന്റെ ദൃഷ്ടാന്തം സ്ഫടിക സിംഹാസനത്തിൽ കണ്ടിട്ടുള്ളതുകൊണ്ട് നീ എഴുന്നേറ്റു ശോഭിക്കുക. ദൈവത്തിന് ഇരിപ്പിടമായി തിരഞ്ഞെടുക്കപ്പെട്ട പർവ്വതം എന്ന് വിളിക്കപ്പെട്ടിരിക്കുന്നുവെന്നതിനാൽ നീ എഴുന്നേറ്റു ശോഭിക്കുക. ഗൗരവ സംഗതികൾ നിന്നിൽ സംസാരിക്കപ്പെട്ടതു കൊണ്ട് ദൈവത്തിന്റെ പട്ടണമേ എഴുന്നേറ്റു ശോഭിക്കുക. നിന്റെ അഴക് സകല സൗന്ദര്യത്തിലും പ്രബലമായിരിക്കുക കൊണ്ട് നീ എഴുന്നേറ്റു ശോഭിക്കുക. നിത്യജീവന്റെ അവകാശം എല്ലാ പ്രകാരേണയും നിനക്ക് വാഗ്ദാനം ചെയ്യപ്പെട്ടതിനാൽ എഴുന്നേറ്റു ശോഭിക്കുക . നിന്റെ പ്രകാശം വന്നടുത്തു എന്ന് മഹത്വമുള്ളവനായ ഏശായാ ദീർഘദർശി പറഞ്ഞിരിക്കുകകൊണ്ട് എഴുന്നേറ്റു ശോഭിക്കുക. രാജാവ് നിന്റെ ഭംഗിയെ മോഹിക്കും എന്ന് കർത്താവിന്റെ പ്രവാചകൻ വചനിച്ചിരിക്കുക കൊണ്ട് നീ എഴുന്നേറ്റു ശോഭിക്കുക.

സുറിയാനി സഭയുടെ വിവാഹകൂദാശയിൽ സഭയും കർത്താവും തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കുന്ന പ്രമേയം ശുശ്രൂഷ ക്രമത്തിൽ ഉടനീളം കാണാവുന്നതാണ്. ഈ ബന്ധത്തെപ്പറ്റി പറയുവാൻ ഉപയോഗപ്പെടുത്തിയിരിക്കുന്ന രൂപങ്ങൾ പഴയനിയമത്തിലെ ഉത്തമഗീതത്തിൽ നിന്നും മറ്റുമാണ്. ശാലോമോൻ സഭയെ ലാളിക്കുന്നതായി വിവാഹത്തിന്റെ കിരീട വാഴ്‌വിന്റെ പ്രുമിയോൻ കഴിഞ്ഞുള്ള ഗീതത്തിൽ പാടുന്നു. മിസ്രയീമിൽ നിന്ന് ദൈവം മോചിപ്പിച്ചു കൊണ്ടുവന്ന യിസ്രായേൽ കർത്താവിന്റെ മണവാട്ടിയായ സഭയായിരുന്നുവെന്ന് രണ്ടാം ക്രമത്തിലെ ആശീർവാദ പ്രാർത്ഥനയുടെ അന്ത്യത്തിൽ പറയുന്നു. ഈ പ്രാർത്ഥനാ ഭാഗങ്ങളെല്ലാം സ്വയം വിശദീകരണ (self explanatory) ശേഷിയുള്ളതുകൊണ്ട് മറ്റൊന്നും എഴുതിച്ചേർക്കേണ്ടതായിട്ടില്ല.

പഴയനിയമത്തിലെ വ്യക്തികളും വസ്തുക്കളും സംഭവങ്ങളും മാത്രമല്ല പുതിയനിയമ യാഥാർത്ഥ്യങ്ങളുടെ മുൻകുറികൾ. പഴയനിയമസഭയും ദേവാലയവും ശുശ്രൂഷകളും പുതിയനിയമത്തിന്റെ മുൻകുറികളായി ഓർത്തഡോക്സ് ആരാധനക്രമങ്ങളിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നത് ശ്രദ്ധിക്കുക. ഇവ വീണ്ടും പഴയനിയമവെളിപാടിന്റെ ആധികാരികതയും തിരുവെഴുത്തുകളുടെ ഐക്യവും അന്യോന്യബന്ധവും വെളിപ്പെടുത്തുന്നു.

❑

സഭാപിതാക്കന്മാർ

# നിനുവയിലെ മാർ ഇസഹാക്കും അന്ത്യോഖ്യായിലെ മാർ ഇസഹാക്കും

ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്താ

**1. നിനുവയിലെ മാർ ഇസഹാക്ക്**

സഭാ വ്യത്യാസമില്ലാതെ എല്ലാ പൗരസ്ത്യ സഭകളും ഒരുപോലെ ആദരിക്കുന്ന ഒരു മഹൽ വ്യക്തിയാണ് സുറിയാനിസഭയിലെ പ്രസിദ്ധനായ എഴുത്തുകാരനും പണ്ഡിതനും സന്യാസിയുമായ നിനുവയിലെ മാർ ഇസഹാക്ക്. ഇദ്ദേഹത്തിന്റെ ജീവചരിത്രത്തെപ്പറ്റി വ്യക്തമായ അറിവുകൾ ഒന്നും നമുക്കു ലഭിച്ചിട്ടില്ല. സന്യാസപ്രസ്ഥാനത്തിൽ വളരെ പ്രശസ്തി ആർജിച്ചിട്ടുള്ള ഈ പിതാവിനെക്കുറിച്ചു കാര്യമായ പഠനവും നടത്തിയിട്ടില്ല. 'ഈശോദനാഹ്' എന്ന ആൾ സന്യാസപ്രസ്ഥാനത്തെക്കുറിച്ചുള്ള തന്റെ ഗ്രന്ഥത്തിൽ ഒരു അദ്ധ്യായത്തിൽ മാർ ഇസഹാക്കിനെക്കുറിച്ചു എഴുതിയിട്ടുണ്ട്. ഈ ഗ്രന്ഥത്തിന്റെ കൈയെഴുത്തു പ്രതിക്ക് 18 -ാം നൂറ്റാണ്ടിനു പിന്നിലേക്കു പഴക്കമില്ലാത്തതിനാൽ അതിൽ എഴുതിയിരിക്കുന്ന ചരിത്രത്തിന്റെ ആധികാരികത ഒരുപക്ഷേ ചോദ്യം ചെയ്യാവുന്നതാണ്. ഇതു കൂടാതെ ഗ്രന്ഥകർത്താവിന്റെ പേരു വയ്ക്കാത്ത ചില കൃതികളിലും മാർ ഇസഹാക്കിനെക്കുറിച്ചു ലഘുവായി പരാമർശിക്കുന്നുണ്ട്.


ഈശോദനാഹിന്റെ വിവരണം അനുസരിച്ചു പൗരസ്ത്യസഭയ്ക്കു അനേക എഴുത്തുകാരെ സംഭാവന ചെയ്തിട്ടുള്ള സുപ്രസിദ്ധ ക്രൈസ്തവ കേന്ദ്രമായിരുന്ന ഇറാക്കിലെ ഖത്തറിൽ (ബേത്ത് ഖത്തറായേ) ഏഴാം നൂറ്റാണ്ടിലാണ് മാർ ഇസഹാക്ക് ജാതനായത്. പ്രാഥമിക വിദ്യാഭ്യാസത്തിനും വൈദിക വിദ്യാഭ്യാസത്തിനും ശേഷം സ്വദേശത്തു ഒരു സന്യാസിയും അദ്ധ്യാപകനുമായി തന്റെ ജീവിതം ആരംഭിച്ചു. സെലൂക്യായിലെ മേലധികാരിയും ഖത്തറിലെ മെത്രാന്മാരും തമ്മിൽ അഭിപ്രായ വ്യത്യാസമുണ്ടായപ്പോൾ അതിൽ ദുഃഖിതനായി മാർ ഇസഹാക്ക് ഖുർഡിസ്ഥാൻ പർവ്വത പ്രദേശങ്ങളിലേക്കു പോയി അവിടെ ഒരു കഠിന സന്യാസിയായി ജീവിച്ചു.

ഏ. ഡി. 676 -ൽ പൗരസ്ത്യ സുറിയാനിസഭയുടെ ഗീവർഗ്ഗീസ് കാതോലിക്കാ ഖത്തറിൽ എത്തുകയും അവിടെയുള്ള അഭിപ്രായവ്യത്യാസങ്ങൾക്ക് ശമനം ഉണ്ടാകുകയും ചെയ്തപ്പോൾ മാർ ഇസഹാക്ക് വീണ്ടും ഖത്തറിൽ തിരിച്ചെത്തി. തുടർന്ന് നിനുവായിലെ എപ്പിസ്കോപ്പായായ മാർ മൂശയുടെ പിൻഗാമിയായി മാർ ഇസഹാക്കിനെ മാർ ഗീവർഗീസ് കാതോലിക്കാ ഇറാക്കിലെ ബെത്തു ആബേ ആശ്രമത്തിൽ വച്ചു മെത്രാനായി വാഴിച്ചു.

മാർ ഇസഹാക്ക് നിനുവായിലെ മെത്രാപ്പോലീത്താ ആയി കേവലം അഞ്ചു മാസമേ സഭാ ഭരണം നടത്തിയുള്ളൂ. അദ്ദേഹം രാജി വയ്ക്കുകയും പർവ്വതപ്രദേശങ്ങളിലേക്കു പോയി കുറെനാൾ ഏകാന്തവാസിയായി അവിടെ തുടരുകയും ചെയ്തു. ഭരണപരമായ കാര്യങ്ങളിലേക്കു താൻ ഇടപെടുന്നതു തന്റെ ആത്മീയ ജീവിതത്തെ തടസ്സപ്പെടുത്തുന്നു എന്നു മനസ്സിലാക്കിയാണ് അദ്ദേഹം മെത്രാപ്പോലീത്താ സ്ഥാനം രാജിവച്ചത്. കുറച്ചുനാളത്തെ ഏകാന്തവാസത്തിനു ശേഷം അദ്ദേഹം 'റബ്ബാൻ ഷാബൂർ' ആശ്രമത്തിൽ ചേർന്നു. ഇവിടെ വെച്ചാണ് അദ്ദേഹത്തിന്റെ കൃതികളിൽ അധികപങ്കും എഴുതിയിട്ടുള്ളത്. കാലക്രമേണ അദ്ദേഹത്തിന്റെ കാഴ്ചശക്തി നഷ്ടപ്പെട്ടു. വാർദ്ധക്യസഹജമായ അസുഖത്താൽ അദ്ദേഹം കാലം ചെയ്തു. അദ്ദേഹത്തിന്റെ ഭൗതിക ശരീരം റബ്ബാൻ ഷാബൂർ ആശ്രമത്തിൽ അടക്കം ചെയ്യപ്പെട്ടു.

**മാർ ഇസഹാക്കിന്റെ കൃതികൾ**

ഒരു വലിയ വിശുദ്ധനും ആദ്ധ്യാത്മിക ഗ്രന്ഥകർത്താവുമായിട്ടാണ് മാർ ഇസഹാക്കിനെ സഭ കാണുന്നത്. അദ്ദേഹം അടുക്കിലും ക്രമത്തിലും രചനകൾ നടത്തിയെന്നു പറയാവുന്നതല്ല. അദ്ദേഹത്തിന്റെ ആദ്ധ്യാത്മിക ചിന്തകളുടെ ഉത്ഭവം പല സ്ഥാനങ്ങളിൽ നിന്നായിരുന്നു. ഈജിപ്റ്റിലെ സന്യാസ പിതാക്കന്മാരുടെ ചിന്തകളാണ് അദ്ദേഹത്തെ അധികം സ്വാധീനിച്ചിട്ടുള്ളത്. തന്റെ കൃതികളിൽ പ്രധാനമായവ താഴെക്കുറിക്കുന്നു:




i) സന്യാസജീവിത സ്വഭാവത്തെ സംബന്ധിക്കുന്ന പ്രഭാഷണങ്ങൾ: അബ്ദീശോയുടെ വിവരണം അനുസരിച്ചു മാർ ഇസഹാക്ക് 'ആത്മീയ ജീവിതം', ദൈവീക രഹസ്യങ്ങൾ, ന്യായവിധി, പരീക്ഷകൾ,' എന്നിവ സംബന്ധിച്ചു ഏഴു വാല്യങ്ങൾ എഴുതിയിട്ടുണ്ട്. ഇസഹാക്കിന്റെ പ്രധാന കൃതിയുടെ തലക്കെട്ടു തന്നെ സന്യാസജീവിതത്തിനു ഊന്നൽ നൽകുന്നതാണ്. "The book on the way of monasticism, asceticism and the naziritehood", എൺപത്തി രണ്ടു ഭാഗങ്ങളായി തിരിച്ചിരിക്കുന്ന ഒരു വലിയ ഗ്രന്ഥമാണിത്. ഇതിലെ ആദ്യത്തെ ആറു പ്രഭാഷണങ്ങൾ വളരെ പ്രാധാന്യമുള്ളവയും പല ആധുനിക ഭാഷകളിലേക്കും വിവർത്തനം ചെയ്തിട്ടുള്ളവയുമാണ്.

ii) കൃപയുടെ പുസ്തകം (Book of Grace) എന്ന ഒരു ഗ്രന്ഥവും മാർ ഇസഹാക്കിന്റേതായിട്ടുണ്ട്. അതിൽ ആത്മീയ ജീവിതവുമായി ബന്ധപ്പെട്ട അനേക വിഷയങ്ങളെ പരാമർശിച്ചിരിക്കുന്നു. ഇതിലെ പല ഭാഗങ്ങളും ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്തിട്ടുണ്ട്. പ്രാർത്ഥനയുടെ രീതി, ലക്ഷ്യം എന്നിവയെക്കുറിച്ചും പ്രാർത്ഥനയ്ക്കു മറുപടി ലഭിക്കുവാൻ താമസിക്കുന്ന സന്ദർഭങ്ങളെക്കുറിച്ചും കാരണങ്ങളെക്കുറിച്ചും ഇതിന്റെ ഒന്നാംഭാഗത്തു വിവരിക്കുന്നുണ്ട്. വിനയത്തിന്റെ ആവശ്യകത, ശരീരത്തിന്റെ പ്രാധാന്യം - ശരീരംകൊണ്ടും മനസ്സുകൊണ്ടുമുള്ള ദൈവസംസർഗ്ഗത്തിനാവശ്യമായ ഘടകങ്ങൾ എന്നിവയും ഈ ഗ്രന്ഥത്തിൽ വിവരിക്കുന്നു. കൂടാതെ മനഃപൂർവ്വമല്ലാത്ത പാപങ്ങൾ, നിശബ്ദ പ്രാർത്ഥനയുടെ ഫലങ്ങൾ എന്നിവയെക്കുറിച്ചും വിവരിക്കുന്നു.

iii) സന്യാസജീവിതത്തിന്റെ സൗന്ദര്യം പരിപാലിക്കുന്നതു സംബന്ധിച്ചും, അതു ദൈവത്തെ മഹത്വപ്പെടുത്തുന്നതിനു മാർഗ്ഗമായി തീരുന്നതിനെക്കുറിച്ചുമുള്ള വിവരണം നൽകുന്ന ഒരു ഗ്രന്ഥം.

iv) ഇസഹാക്കിന്റേതായി ഒരു വി. കുർബ്ബാന തക്സാ സഭയിൽ ഉപയോഗിക്കുന്നുണ്ടെങ്കിലും അതു ഈ ഇസഹാക്ക് തന്നെയാണോ എന്നു സംശയമുണ്ട്.

**ഇസഹാക്കിന്റെ ചില പ്രധാന ചിന്തകൾ**

മാർ ഇസഹാക്കിന്റെ ഏറ്റവും പ്രധാന ചിന്ത "അനുതാപത്തെ" കുറിച്ചുള്ള

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

താണ്. തന്റെ അഭിപ്രായത്തിൽ 'അനുതാപം ഒരു വ്യക്തി താൻ സ്വീകരിച്ചിരിക്കുന്ന പ. മാമോദീസായുടെ യാഥാർത്ഥ്യം സ്പഷ്ടമാകത്തക്ക രീതിയിൽ ഉണരുന്നതും വീണ്ടും ജനിക്കുന്നതുമായ പ്രക്രിയയാണ്. കഠിനമായ വ്രതത്തിലൂടെയും ദൈവസന്നിധിയിൽ ഏകാന്തമായി പ്രാർത്ഥിക്കുന്നതിലൂടെയുമാണ് ഈ അവസ്ഥ ഒരാൾക്കു യഥാർത്ഥമായി സംജാതമാകുന്നത്. അനുതാപം പൂർണ്ണമാക്കുവാൻ ഏകാന്തത അത്യാവശ്യമാണ്. ഏകാന്തത ലോകത്തെ മറക്കുവാനും, ശാന്തത അനുഭവിക്കുവാനും, സ്വയത്തെ യഥാർത്ഥമായി മനസ്സിലാക്കുവാനും, സംഭ്രാന്തി അകറ്റുവാനും, ഏകാഗ്രത സായത്തമാക്കുവാനും സഹായകമാകുന്നു. ഏകാന്തതയില്ലാതെ ഒരാത്മാവിന് ഇന്ദ്രിയജയം സാദ്ധ്യമാകുകയില്ല. ഏകാന്തതയിലുള്ള ദൈവ സംസർഗ്ഗം മനുഷ്യന്റെ സഹായകരമാവുകയും ഉന്നത വാസസ്ഥലങ്ങളെക്കുറിച്ചു ധ്യാനിക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു.

മാർ ഇസഹാക്കിനെ സംബന്ധിച്ചിടത്തോളം ഏകാന്തത കന്യാവ്രതത്തിന്റെ അനുഷ്ഠാനങ്ങളുമായി ബന്ധപ്പെട്ടാണിരിക്കുന്നത്. ഉപവാസം, ജാഗരണം, ദൈവസ്തുതി (fasting, vigil and Psalmody) എന്നിവയാണ് പ്രധാന അനുഷ്ഠാനങ്ങൾ. ഈ ഭൂമിയിലെ ജീവിതവും പോരാട്ടങ്ങളും നിത്യജീവിതത്തിലേക്കുള്ള യാത്രയുടെ പ്രാഥമിക ഘട്ടങ്ങളാണ്. ഈ അവസ്ഥയിലെ ഏറ്റവും പ്രധാന നന്മ ദൈവഭയമാണ്. ദൈവഭയം ഉൽകൃഷ്ടതയുടെ അടിസ്ഥാനവും ഉൽകൃഷ്ടത വിശ്വാസത്തിന്റെ സന്തതിയുമാണ്. ഈ ലോകത്തിന്റെ വ്യാകുലതകളിൽ നിന്നു വേറിട്ട് വരാനുള്ള ലോകത്തിലെ പുതിയ ജീവനുവേണ്ടി നിരന്തരമായി ധ്യാനിക്കുന്ന ഒരാളുടെ മനസ്സിൽ ഇതു വിതയ്ക്കപ്പെടുന്നു. ഇവിടെയാണ് അനുതാപം അർത്ഥവത്താകുന്നത്.

അനുതാപത്തിലൂടെ നേടിയെടുക്കുവാൻ കഴിയുന്ന അടുത്ത അവസ്ഥയാണ് ശുദ്ധീകരണം. ഇവിടെ മാനസികവും ശാരീരികവുമായ ശുദ്ധീകരണം ഉണ്ട്. കന്യാവ്രത നിഷ്ഠകൾ, അച്ചടക്കം, സന്യാസജീവിതത്തിലുള്ള സ്ഥിരോത്സാഹം, സ്വയത്യാഗം തുടങ്ങിയ പലതും ഒരു സന്യാസിയെ വിശുദ്ധീകരണത്തിലൂടെ ആഴത്തിൽ വളരാൻ സഹായിക്കുന്നു. ലൗകിക മോഹങ്ങളോടുള്ള വിരക്തി ഇവിടെ സാദ്ധ്യമാകുന്നു. ഇതു കഠിനമായ ശ്രമത്തിലൂടെ നേടിയെടുക്കാവുന്ന ഒരു അവസ്ഥയാണ്. മാനസിക അച്ചടക്കം മനുഷ്യാത്മാവിനെ വിനയമുള്ളതും നശിച്ചുപോകുന്നതായ പദാർത്ഥമയമായ കാര്യങ്ങളിൽ നിന്നു വിമുക്തി നൽകി വിശുദ്ധീകരിക്കുന്നതുമാകുന്നു. ഇതു മനുഷ്യനെ മറ്റു ലൗകിക മോഹങ്ങളിൽ നിന്നു പിൻമാറ്റി ദൈവരാജ്യത്തെക്കുറിച്ചു സ്ഥിരമായി ധ്യാനിക്കുവാൻ പ്രാപ്തനാക്കുന്നു.

വിശുദ്ധീകരണത്തിലൂടെയുള്ള ആത്മീയ വളർച്ചയിൽ മനുഷ്യൻ യഥാർത്ഥ പ്രാർത്ഥന സായത്തമാക്കുന്നു. എന്താണ് യഥാർത്ഥ പ്രാർത്ഥന (pue prayer) എന്നതിനു മറുപടി മാർ ഇസഹാക്ക് നൽകുന്ന തിപ്രകാരമാണ്: 'ഭൗമികമായ എല്ലാ കാര്യങ്ങളിൽനിന്നും മനുഷ്യ മനസ്സു സ്വതന്ത്രമാകുകയും ഭാവി പ്രത്യാശയിലേക്ക് ഹൃദയത്തിന്റെ ദൃഷ്ടി പായിക്കുകയുമാണ് യഥാർത്ഥ പ്രാർത്ഥന."

യഥാർത്ഥ പ്രാർത്ഥന ഹൃദയത്തിന്റെ അന്തർഭാഗത്തു നിന്നുയരുന്നതായിരിക്കണം. പ്രാർത്ഥനയിൽ കണ്ണുനീരിന് പ്രത്യേക സ്ഥാനമുണ്ട്. പരിശുദ്ധാത്മ നിദർശനത്താൽ ഉളവാകുന്ന കണ്ണുനീർ വിശ്വാസിയുടെ പ്രാർത്ഥനാജീവിതവുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നാണ് മാർ ഇസഹാക്കിന്റെ അഭിപ്രായം. അദ്ദേഹത്തിന്റെ ചിന്തയിൽ ആത്മീയ കണ്ണുനീർ മനുഷ്യനെ പുനരുത്ഥാനത്തിന്റെ പുതുജീവനിലേക്കു നയിക്കുന്നു. കണ്ണുനീർ താഴ്ന്ന തലത്തിലും ഉയർന്ന തലത്തിലുമുണ്ട്. താഴ്ന്ന തലത്തിലുള്ളതു ശുദ്ധീകരണത്തിന്റെ അവസ്ഥയും ഉയർന്ന തലത്തിലുള്ളതു പ്രകാശോജ്ജ്വലമായ അവസ്ഥയുമാണ്. താഴ്ന്ന തലത്തിലുള്ളതു പാപത്തെക്കുറിച്ചുള്ള ദുഃഖവും ഉയർന്ന തലത്തിലുള്ളതു ദൈവത്തിന്റെ അനന്തമായ സ്നേഹത്തിനുള്ള നന്ദി പ്രകടനവുമാണ്.

മനുഷ്യനിലുള്ള ദൈവഛായ മാർ ഇസഹാക്കിന്റെ ഒരു അടിസ്ഥാന ആശയമാണ്. മനുഷ്യൻ സൃഷ്ടിയുടെ മകുടമാണ്. പ്രപഞ്ചത്തിൽ കാണുന്ന ക്രമവും താളലയവും മനുഷ്യനിൽ കാണുവാൻ കഴിയുന്നു. എന്നാൽ മനുഷ്യന്റെ മഹത്വം പ്രപഞ്ചവുമായുള്ള സാധർമ്മ്യത്തിലല്ല; പ്രത്യുത അവനിലുള്ള ഈശ്വര ഛായയിലാണ്. ഏതു രീതിയിലാണ് മനുഷ്യൻ ഈശ്വരഛായയിലായിരിക്കുന്നത് എന്നതിന് ഉത്തരം മാർ ഇസഹാക്കു നൽകുന്നില്ല. എന്നാൽ മനുഷ്യനിലുള്ള ദൈവഛായ അവനെ ദൈവത്തെ അറിയുവാൻ കഴിവുള്ളവനാക്കിത്തീർക്കുന്നു എന്നും മനുഷ്യാത്മാവിന് ദൈവത്തോടുള്ള സാധർമ്മ്യമാണ് ഇതു സാദ്ധ്യമാക്കുന്നതെന്നും അദ്ദേഹം ഉറപ്പിച്ചു പറയുന്നു. മാർ ഇസഹാക്കിന്റെ ഭാഷയിൽ ദൈവഛായയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന മനുഷ്യൻ നിരന്തരം പ്രലോഭനങ്ങളുമായി പോരാടുകയും നിസ്സംഗതയിലെത്തുകയും (Apathy) വേണം. ഇവിടെ നിസ്സംഗത (apathy) ഒരു ആത്മീയ വിജയമാണ്. ലൗകിക മോഹങ്ങൾ അറിഞ്ഞുകൂടാത്ത അവസ്ഥയല്ല; പ്രത്യുത അവയെ തരണം ചെയ്യാനുള്ള പരിപൂർണ ശക്തിയാണ്.

**സാത്താനോടുള്ള പോരാട്ടത്തിൽ ജയിക്കുന്നതിനുവേണ്ടി അതീവ ജാഗ്രതയോടിരിക്കണം എന്നു അനുശാസിക്കുന്നുണ്ടെങ്കിലും മനുഷ്യന്റെ സ്വാതന്ത്ര്യത്തിനും ഇച്ഛയ്ക്കും ഒരു തരത്തിലും ഹാനി സംഭവിക്കരുതെന്നു മാർ ഇസഹാക്കിനു നിർബന്ധമുണ്ട്. ഒരു ആത്മീയപോരാട്ടക്കാരൻ തന്റെ ജീവിതത്തിൽ ദൈവേച്ഛയോടും കൃപയോടും കൂടി തന്റെ സ്വാതന്ത്ര്യത്തെയും ഇച്ഛയെയും ബന്ധിപ്പിക്കുമ്പോഴാണ് ജീവിതപൂർണ്ണിമ യാഥാർത്ഥ്യമാകുന്നത്.**

### മാർ ഇസഹാക്കിന്റെ പ്രസംഗങ്ങളിൽ നിന്ന് ചില ഉദ്ധരണികൾ

**പ്രാർത്ഥനയെക്കുറിച്ച്:**

– ഒരുവൻ ഒരു രാജാവിനോടു ഒരു ചുമടു വളം ആവശ്യപ്പെടുന്നു എന്നിരിക്കട്ടെ. അവൻ തന്റെ അറിവുകേടു മൂലം നടത്തിയ യുക്തമല്ലാത്ത ഈ അഭ്യർത്ഥന മൂലം സ്വയം നിന്ദ്യനാവുക മാത്രമല്ല, രാജാവിനെ അപമാനിക്കുക കൂടിയാണ് ചെയ്യുന്നത്. ഒരു മനുഷ്യൻ തന്റെ പ്രാർത്ഥനയിൽ ശരീരത്തിനാവശ്യമായവ അഭ്യർത്ഥിക്കുമ്പോഴും വാസ്തവത്തിൽ ഇതു തന്നെയാണ് സംഭവിക്കുന്നത്.

– ദൈവം നിന്റെ പ്രാർത്ഥനയ്ക്കു മറുപടി നൽകാൻ താമസിക്കുന്നുവെങ്കിൽ, നീ ചോദിക്കുകയും യാതൊന്നും ഉടനടി ലഭിക്കാതിരിക്കുകയും ചെയ്യുന്നെങ്കിൽ, നീ തളരേണ്ടതില്ല. കാരണം, നീ ദൈവത്തേക്കാൾ ബുദ്ധിമാനല്ലല്ലോ! യാതൊരു മാറ്റവും കൂടാതെ നീ നിന്റെ മുമ്പിലത്തെ സ്ഥിതിയിൽ തന്നെ ആയിരിക്കുന്നെങ്കിൽ അതു നിന്റെ പെരുമാറ്റം നിന്റെ പ്രാർത്ഥനയോടു പൊരുത്തമില്ലാത്തതുകൊണ്ടായിരിക്കാം. അല്ലെങ്കിൽ നിന്റെ മനസ്സ് നിന്റെ പ്രാർത്ഥനയുടെ ലക്ഷ്യത്തിൽ നിന്നു ഏറെ അകന്നു സഞ്ചരിച്ചതു മൂലമാകാം. അതുമല്ലെങ്കിൽ നീ അഭ്യർത്ഥിച്ചവയുടെ പ്രാധാന്യത്തെ അപേക്ഷിച്ചു നിന്റെ ആന്തരീകാവസ്ഥ കൂടുതൽ ബാലിശമായതു കൊണ്ടാകാം.

**ഏകാന്തവാസികളുടെ പ്രാർത്ഥനാ ജീവിതം:**

ഏകാന്തവാസികളായ സന്യാസിമാരുടെ പ്രാർത്ഥനയ്ക്കും ആരാധനയ്ക്കും അകമ്പടിയായി ഒരു ദിവ്യ പ്രചോദനം ഉണ്ടെന്നുള്ളതു യാഥാർത്ഥ്യമാണ്. സമയാ സമയങ്ങളിൽ ഇതു തങ്ങളുടെ അറയുടെ ശാന്തതയിൽ അവരുടെ മേൽ വ്യാപരിക്കുന്നുണ്ട്. കൂടാതെ സാധാരണ ചിന്തകളെയെല്ലാം തുടച്ചുമാറ്റിക്കൊണ്ട് തങ്ങൾക്കറിഞ്ഞുകൂടാത്ത കാരണങ്ങളാൽ തന്നെ ഒരവാച്യമായ സന്തോഷം അവരുടെ ഹൃദയത്തിൽ നിറയുന്നു. പിതാക്കന്മാരിൽ ഒരാൾ ഈ നിമിഷത്തെ 'പ്രഭാവലയം' (luminous sphere) എന്നു വിളിക്കുന്നു. മറ്റൊരാൾ ഇതിനെ 'സ്വാതന്ത്ര്യത്തിന്റെ കാറ്റായും' (the air of freedom) വേറൊരാൾ സംശുദ്ധമായ നൈസർഗ്ഗീക വലയമായും (pure natural sphere) പരാമർശിക്കുന്നു. ആത്മീയ യുദ്ധത്തിലൂടെ ലഭിക്കുന്ന ഈ ആശ്വാസവും പ്രശാന്തിയും ചിലരിൽ ദിവസങ്ങളോളം നീണ്ടുനിൽക്കാം. ചിലർ ഏഴു ദിവസങ്ങൾ വരെ ഈ അനുഭവത്തിൽ നിലനിന്നിട്ടുണ്ട്. പിന്നീടു അതു അവരിൽ നിന്നു പിൽവലിക്കപ്പെടുന്നു. കുറെ ദിവസങ്ങൾക്കു ശേഷം അവർ വീണ്ടും ഈ അനുഭവത്തിലെത്തുകയും അത്യാഹ്ലാദത്തിൽ നിറയുകയും ചെയ്യും.

ഒരു ഏകാന്തവാസി എപ്പോൾവരെ കൃപയുടെ ഈ അവസ്ഥകളിൽ ആയിരിക്കുമോ അതുവരെ അദ്ദേഹത്തെ യാതൊരു നിയമത്തിനും വിധേയനാക്കരുത്. നിശ്ചിതമായ പ്രാർത്ഥനകളോ പതിവുള്ള വേദവായനയോ, സൃഷ്ടികൾക്കായുള്ള നിയമങ്ങളോ ഒന്നും ഇവർക്ക് ബാധകമാക്കരുത്. കാരണം ഈ ദാനം അയാളുടെ സ്വന്തം ഇച്ഛകൊണ്ട് ലഭിക്കുന്ന ഒന്നല്ല എന്നതു തന്നെ. എന്നാൽ ഈ അനുഭവത്തിൽ നിന്നു പുറത്തുവന്നിട്ടും ഏകാന്തവാസികൾക്കായുള്ള നിയമങ്ങൾ അനുസരിക്കുവാൻ തയ്യാറാകുന്നില്ലെങ്കിൽ അയാൾ പിശാചുക്കൾക്കു കൈമാറ്റം ചെയ്യപ്പെടും. തന്റെ നിയന്ത്രണത്തിനപ്പുറമുള്ള സാഹചര്യങ്ങളുടെ സമ്മർദ്ദമോ രോഗാവസ്ഥയോ മാത്രമേ അയാളെ നിയമങ്ങളിൽ നിന്ന് ഒഴിവാക്കാൻ സാദ്ധ്യമാകുന്നുള്ളു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

## 2. അന്ത്യോഖ്യായിലെ മാർ ഇസഹാക്ക്

പ്രശസ്ത കവിയും സന്യാസിയുമായ മാർ ഇസഹാക്ക് നാലാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ അന്ത്യോഖ്യായിലെ ഓമീദിൽ ജാതനായി. മാർ അപ്രേമിന്റെ ശിഷ്യനായി അദ്ദേഹം വിദ്യാഭ്യാസം നടത്തിയെന്ന ഒരു പാരമ്പര്യം നിലവിലുണ്ട്. തന്റെ കവിതകളെല്ലാം മാർ അപ്രേമിന്റെ കവിതകളുമായി സാമ്യമുള്ളവയാണെന്നതാണ് ഈ ചിന്തയ്ക്കു കാരണം. എന്നാൽ അദ്ദേഹം മാർ അപ്രേമിന്റെ ശിഷ്യനായിരുന്നില്ലെന്നും അപ്രേമിന്റെ പ്രധാന ശിഷ്യനായ സെനോബിയോസ് (ഇയ്യൂബ്) എന്ന കവിക്കു ശിഷ്യപ്പെട്ടതുകൊണ്ടാണ് തന്റെ കവിതകൾക്കു മാർ അപ്രേമിന്റെ കവിതകളോടു സാമ്യമുള്ളതെന്നും മറ്റൊരു ഭാഷ്യമുണ്ട്.

വിദ്യാഭ്യാസത്തിനുശേഷം ഉറഹായിലുള്ള പർവ്വതത്തിനു മുകളിൽ ഏകാന്തസന്യാസജീവിതം ആരംഭിച്ചു. കുറച്ചുനാളത്തെ ഏകാന്തവാസത്തിനുശേഷം അർക്കദിയൂസ് ചക്രവർത്തിയുടെ കാലത്തു റോമാ സാമ്രാജ്യത്തിലെ പല പട്ടണങ്ങളിലും സഞ്ചരിക്കുകയും ബിസാന്തിയായിലേക്കുള്ള യാത്രയിൽ ബന്ധനസ്ഥനാക്കപ്പെടുകയും ചെയ്തു. ബന്ധന വിമുക്തനായതിനുശേഷം ഓമീദിലേക്കു തിരിച്ചുവന്നു ഒരു കശീശാ ആയി പട്ടം ഏറ്റു സഭയെ സേവിച്ചു. ഏ. ഡി. 418 –ൽ ദിവംഗതനായി.

ഇസഹാക്കിന്റെ കൃതികളെല്ലാം മെമ്രാകളാണ്. മാർ അപ്രേമിന്റെ കൃതികളെപ്പോലെ തന്നെ കവിതാ രൂപത്തിൽ ആക്കിയിരിക്കുന്നവയാണ് അവയെല്ലാം. കുസ്തന്തീനോപോലീസിനെതിരെയുള്ള മെമ്രാ, യഹൂദന്മാർക്കെതിരെയുള്ള മെമ്രാ, യേശുക്രിസ്തുവിന്റെ മനുഷ്യാവതാരത്തെക്കുറിച്ചുള്ള മെമ്രാകൾ, ക്രൈസ്തവ ജീവിത പൂർണ്ണിമയെക്കുറിച്ചുള്ള മെമ്രാകൾ തുടങ്ങിയവയാണ് മാർ ഇസഹാക്കിന്റെ ലഭ്യമായിട്ടുള്ള കൃതികൾ.

സന്യാസജീവിതത്തെ പ്രോത്സാഹിപ്പിക്കുകയും സന്യാസികൾക്കു മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുകയാണ് ഇസഹാക്കിന്റെ കൃതികളിലെ പ്രധാന ഊന്നൽ. മിലിട്ടറി രീതികളുമായി ബന്ധപ്പെട്ട രൂപകങ്ങളാണ് സന്യാസജീവിതത്തെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി അദ്ദേഹം ഉപയോഗിച്ചിരിക്കുന്നത്. യുദ്ധത്തിൽ, ധൈര്യമുള്ള പട്ടാളക്കാർ മുൻ നിരയിൽ നിൽക്കുന്നതുപോലെ സാത്താനുമായുള്ള പോരാട്ടത്തിൽ സന്യാസിമാർ ധൈര്യപൂർവ്വം മുൻനിരയിൽ തന്നെ നിൽക്കണം. മിലിട്ടറിക്കാരെ നയിക്കുവാൻ ഒരു ഭൗമിക രാജാവു ഉണ്ടായിരിക്കുന്നതുപോലെ സന്യാസിമാരെ നയിക്കുവാൻ ഒരു സ്വർഗ്ഗീയ രാജാവ് ഉണ്ടായിരിക്കും. ഈ രാജാവിന്റെ കല്പനകൾ അനുസരിക്കുവാൻ തക്കവണ്ണമുള്ള ധൈര്യം, അച്ചടക്കം, ജാഗ്രത, ഉപവാസം, ജിതേന്ദ്രിയത്വം തുടങ്ങിയവ എല്ലാ സന്യാസിമാർക്കും ഉണ്ടായിരിക്കണം.

ജാഗ്രതയുടെ ആവശ്യകതയ്ക്കു മാർ ഇസഹാക്ക് അധികമായി ഊന്നൽ നൽകുന്നു. ഒരു യുദ്ധസമയത്തു പടയാളികൾ തങ്ങളുടെ യുദ്ധ സാമഗ്രികൾ ഒരു നിമിഷത്തേക്കുപോലും തങ്ങളുടെ അടുത്തുനിന്നു മാറ്റിവയ്ക്കാറില്ല. ഇതു ശത്രുക്കളിൽ നിന്നു രക്ഷപ്പെടാനുള്ള അവരുടെ ജാഗ്രതയാണ് കാണിക്കുന്നത്. ആത്മീയയുദ്ധത്തിലും പോരാട്ടത്തിനു വേണ്ടി എപ്പോൾ കാഹളം മുഴക്കിയാലും പരാജയപ്പെടാതിരിക്കാൻ തക്ക ജാഗ്രത വിശ്വാസികൾക്കും പ്രത്യേകിച്ചു സന്യാസിമാർക്കും (Ascetics) ഉണ്ടായിരിക്കണം.

സാത്താനോടുള്ള പോരാട്ടത്തിൽ ജയിക്കുന്നതിനുവേണ്ടി അതീവ ജാഗ്രതയോടിരിക്കണം എന്നു അനുശാസിക്കുന്നുണ്ടെങ്കിലും മനുഷ്യന്റെ സ്വാതന്ത്ര്യത്തിനും ഇച്ഛയ്ക്കും ഒരു തരത്തിലും ഹാനി സംഭവിക്കരുതെന്നു മാർ ഇസഹാക്കിനു നിർബന്ധമുണ്ട്. ഒരു ആത്മീയപോരാട്ടക്കാരൻ തന്റെ ജീവിതത്തിൽ ദൈവേച്ഛയോടും കൃപയോടും കൂടി തന്റെ സ്വാതന്ത്ര്യത്തെയും ഇച്ഛയെയും ബന്ധിപ്പിക്കുമ്പോഴാണ് ജീവിതപൂർണ്ണിമ യാഥാർ ത്ഥ്യമാകുന്നത്. എന്നാൽ തന്റെ ഇച്ഛയ്ക്കും സ്വാതന്ത്ര്യത്തിനും ഹാനി വരത്തക്ക ഒരു തീരുമാനമെടുക്കുവാൻ മനുഷ്യനെ ദൈവം നിർബന്ധിക്കുന്നില്ല. അതുകൊണ്ടു ദൈവമാണ് മനുഷ്യൻ ചെയ്യുന്ന പാപത്തിനു കാരണമെന്നു പറയുവാനും പറ്റുകയില്ല. എല്ലാ മനുഷ്യരും ദൈവം നൽകിയിരിക്കുന്ന സ്വാതന്ത്ര്യത്തെ അതിനു ഹാനി വരരുതാത്ത രീതിയിൽ വിനിയോഗിക്കണമെന്നും ഇസഹാക്ക് അനുശാസിക്കുന്നു.

### മാർ ഇസഹാക്കിൽ നിന്നു ചില ഉദ്ധരണികൾ

**കായേൻ, ഹാബേൽ എന്നിവരുടെ ബലികളെക്കുറിച്ചുള്ള മെമ്രായിൽ നിന്ന്:**

“ഞാൻ സൃഷ്ടിയെക്കുറിച്ചു ധ്യാനിക്കുകയും തലമുറകളെക്കുറിച്ചു വായിക്കുകയും ചെയ്തപ്പോൾ രണ്ടു സഹോദരങ്ങളിൽ ഒരാൾ മറ്റൊരാളെ കൊന്ന സംഭവം കണ്ടെത്തി.”

– സ്നേഹം കൊണ്ടു നിറഞ്ഞിരിക്കുന്നവൻ അടുത്തുവരുകയും ശ്രദ്ധിക്കുകയും സ്തുതി അർപ്പിക്കുകയും ചെയ്യട്ടെ. എന്നാൽ ആരെങ്കിലും കലഹക്കാരനാകുന്നുവെങ്കിൽ ലജ്ജിതനാകാതിരിക്കേണ്ടതിന് അയാൾ തുടരരുത്.”

– തിരുവെഴുത്ത്, അതിലെ ദൃഷ്ടാന്തങ്ങൾ വഴിയായി, വിജ്ഞാനത്തിന്റെ വാതിൽ തുറന്നുകൊണ്ട്, ഒരു അദ്ധ്യാപകൻ എന്നപോലെ, നമ്മെ ക്ഷണിക്കുന്നു.

– പഠനത്തോടുള്ള എന്റെ താല്പര്യം കായീന്റെയും ഹാബേലിന്റെയും കഥ നിങ്ങളെ പരിചയപ്പെടുത്തുവാൻ എന്നെ പ്രേരിപ്പിക്കുന്നു.

ഹാബേൽ ആട്ടിടയനും കായീൻ കർഷകനും ആയിരുന്നു. നീതിമാനായ ദൈവത്തിനു കാഴ്ചയായി അവർ തങ്ങളുടെ ആദ്യഫലങ്ങൾ അർ പ്പിച്ചു. ഹാബേൽ തന്നെപ്പോലെ തന്നെ നിഷ്കളങ്കനായ ഒരാട്ടിൻകുട്ടിയെ സമർപ്പിച്ചപ്പോൾ കായീൻ തന്റെ സ്വഭാവത്തിനു സദൃശ്യമായി ഒരു കെട്ടു പുല്ലാണ് (grass) സമർപ്പിച്ചത്. ദൈവം അവരുടെ പ്രവൃത്തിയെ വിവേചിച്ചതിനൊപ്പം തന്നെ അവരുടെ ഹൃദയങ്ങളെയും വിവേചിച്ചറിഞ്ഞു. അധർമ്മിയേക്കാൾ നീതിമാൻ ദൈവത്തിന്റെ കണ്ണിൽ ഉത്തമനായി. ദൈവം ഇവിടെ കാഴ്ചയെ തിരസ്കരിക്കുകയായിരുന്നില്ല, പ്രത്യുത കാഴ്ച സമർപ്പിച്ച കായീന്റെ വഞ്ചനാപരമായ ഉദ്ദേശ്യത്തെ തിരസ്കരിച്ചുകൊണ്ടു ഹാബേലിന്റെ ഹൃദയ നൈർമ്മല്യത്തെ സ്വീകരിക്കുകയായിരുന്നു ചെയ്തത്.

**ബ്രഹ്മചര്യത്തെക്കുറിച്ചുള്ള മെമ്രായിൽ നിന്ന്**

അക്രൈസ്തവനായ ഒരു കവി ബ്രഹ്മചര്യത്തെ പ്രശംസിക്കുന്നതു ഞാൻ കേട്ടു. ജാതികൾക്കും (pagans) ബ്രഹ്മചര്യം (chastity/virginity) വിലപ്പെട്ടതാണല്ലോ എന്നോർത്തു ഞാൻ ആശ്ചര്യപ്പെട്ടു.

ഒരു യുവാവ് ഒരിക്കൽ ദുഃഖത്തോടെ പാടുന്നതു ഞാൻ കേട്ടു. “ആരെങ്കിലും എന്നെ തകർത്തശേഷം പുനർ നിർമ്മിച്ചെങ്കിൽ; നഷ്ടപ്പെട്ടുപോയ എന്റെ ബ്രഹ്മചര്യം തിരികെ തന്നെങ്കിൽ.......” ഞാൻ അവനോടു പറഞ്ഞു “താങ്കളുടെ ഈ അപേക്ഷ നിറവേറ്റുവാൻ യേശുവിനു സാധിക്കും.”

ശാരീരികമായി ബ്രഹ്മചര്യം നഷ്ടപ്പെട്ടുവെങ്കിൽ കൂടി, അനുതാപം ഇച്ഛാശക്തിയുടെ ശരിയായ വിനിയോഗം എന്നിവയിൽ കൂടി കൂടുതൽ മേന്മയുള്ള ബ്രഹ്മചര്യാവസ്ഥയിൽ എത്താമെന്നു മാർ ഇസഹാക്ക് വിശദീകരിക്കുന്നു. മനുഷ്യന് രണ്ടു പ്രാവശ്യം ജനിക്കാൻ സാധിക്കും. ഒരിക്കൽ മാതാവിന്റെ ഗർഭപാത്രത്തിൽ നിന്നും രണ്ടാമതു സ്വതന്ത്ര ഇച്ഛാശക്തിയുടെ (free will) ഫലമായും.

തങ്ങളുടെ സ്വാഭാവികവും പ്രകൃതിദത്തവുമായ ബ്രഹ്മചര്യം നഷ്ടപ്പെടുത്തുകയോ മലിനമാക്കുകയോ ചെയ്തിട്ടുള്ളവർക്ക് മനഃസാക്ഷിയുടെയും തീരുമാനശക്തിയുടെ ഉറപ്പിൽ ഉളവാകുന്ന ബ്രഹ്മചര്യാവസ്ഥയിലേക്കുയരുവാനും അതിനെ അംഗീകരിക്കുവാനും സാധിക്കും. ഇപ്രകാരമുള്ള ബ്രഹ്മചര്യം പ്രകൃത്യായുള്ളതും നൈസർഗ്ഗീകവുമായ ബ്രഹ്മചര്യത്തെക്കാൾ ശ്രേഷ്ഠവും അതിന് ഒരു മുദ്രയും ആകുന്നു.

– ദൈവമേ, ദൃഢമായ മനസ്സിലുള്ള (മനസ്സോടെയുള്ള) ബ്രഹ്മചര്യം എനിക്കു തന്നാലും; പ്രകൃത്യായുള്ള ബ്രഹ്മചര്യത്തിനു പകരം സ്വതന്ത്ര ഇച്ഛയിൽ നിന്ന് ഉളവാകുന്ന ബ്രഹ്മചര്യം ഞാൻ പ്രാപിക്കട്ടെ. ആമീൻ.

– ഞാൻ എന്റെ ശരീരത്തിന്റെ വിശുദ്ധി കളങ്കപ്പെടുത്തിയതിനാൽ മനസ്സിലെങ്കിലും ഞാൻ ഒരു ബ്രഹ്മചാരി ആയിക്കൊള്ളട്ടെ!

– നമ്മുടെ വ്യണത്തിനു ഔഷധവും സൗഖ്യവും നമ്മിൽ നിന്നു തന്നെ ഉളവാക്കുവാൻ കാരണമാക്കിയവൻ വാഴ്ചപ്പെട്ടവനാകുന്നു. നാം ആഗ്രഹിക്കുന്നതിന്റെ ഫലമായി നമ്മിൽ ബ്രഹ്മചര്യത്തെയും വിശുദ്ധിയെയും പുതുക്കി നൽകിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു. ആമീൻ.

നമ്മെ പുതുക്കുവാൻ അനുതാപത്തെ നമുക്കായി നിശ്ചയിച്ചവൻ, നമ്മുടെ സ്വതന്ത്രമായ ഇച്ഛാശക്തിയുടെ മരണവും ജീവനും നമ്മുടെ കരങ്ങളിൽ തന്നെ എന്നു കാണിച്ചു തന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു.


❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

വിശ്വാസ പഠനം

# വി. കുർബ്ബാനയിലെ അനുസ്മരണ, മദ്ധ്യസ്ഥ പ്രാർത്ഥനകൾ

ഡോ. ഗീവർഗീസ് യൂലിയോസ് മെത്രാപ്പോലീത്താ



ബഹു. ഡോ. ജോർജ് കോശി അച്ചന്റെ 'വി. കുർബ്ബാന: പൗരസ്ത്യ ക്രൈസ്തവ സഭാപാരമ്പര്യത്തിൽ' എന്ന ഗ്രന്ഥത്തിന്റെ പതിമൂന്നാം അദ്ധ്യായമാണ് ഈ ലേഖനത്തിന്റെ പഠനവിഷയം എന്നതിനാൽ ആ അദ്ധ്യായത്തിന്റെ ശീർഷകം തന്നെ ഈ ലേഖനത്തിനും നൽകിയിരിക്കുന്നു. 54 പേജുകളും 88 കുറിപ്പുകളുമായാണ് വിഷയം ചർച്ച ചെയ്യപ്പെട്ടിരിക്കുന്നത്.

പ്രാർത്ഥന അഥവാ ആരാധന എന്നാൽ ആത്യന്തികമായി ദൈവസ്തുതിപ്പാണല്ലോ (Praise and Adoration). അനുസ്മരണയും (ഓർമ്മ) അർത്ഥനയും (അപേക്ഷ) അതിന്റെ അവിഭാജ്യ ഘടകങ്ങളുമാണ്. യേശുതമ്പുരാൻ തന്റെ ശിഷ്യന്മാരെയും അവർ നമ്മെയും പഠിപ്പിച്ച കർത്തൃ പ്രാർത്ഥനയാണല്ലോ എല്ലാ പ്രാർത്ഥനകളുടെയും അടിസ്ഥാന ഭാവം. 'പുത്രന്റെ മരണത്തെ ഓർക്കുവാനും ഉയിർത്തെഴുന്നേൽപ്പിനെ ഏറ്റുപറയുവാനും രണ്ടാമത്തെ എഴുന്നള്ളതിതിനായി നോക്കിപാർക്കുവാനും' സർവ്വത്തിനുമായി കൃതജ്ഞത കാണിക്കുവാനുമുള്ള അവസരമാണ് എല്ലാ കാനോനിക പ്രാർത്ഥനകളും.

പ്രാർത്ഥനകളുടെ എല്ലാ അവസരങ്ങളും ആദാം മുതൽ ഇന്നയോളമുള്ള ജീവനുള്ളവരും മരിച്ചവരും ഒപ്പം ഇനിയും വരുവാനിരിക്കുന്നവരുമായ സർവ്വരുടെയും സംഗമസ്ഥാനമാകയാൽ 'ഞങ്ങൾ' 'ഞങ്ങൾക്ക്' എന്നിങ്ങനെയുള്ള സർവനാമങ്ങൾ ഉപയോഗിക്കണമെന്നും, 'ഞാൻ', 'എന്റെ', 'എനിക്ക്' എന്നിങ്ങനെയുള്ള വ്യക്തികേന്ദ്രീകൃത പ്രാർത്ഥനകൾ വേദശാസ്ത്രപരമായി തെറ്റാണെന്നും പൗരസ്ത്യസഭ ഊന്നിപ്പറയുന്നു. വ്യക്തിപരമായ അനുതാപ പ്രാർത്ഥനകളിൽ (ഉദാ. 51-ാം സങ്കീർത്തനം) മാത്രമെ ഏക വചനപ്രയോഗങ്ങൾക്ക് സ്ഥാനമുള്ളൂ. "യാചിക്കുന്നു; ഞങ്ങളോടൊപ്പം ഞങ്ങൾക്കായ്..." എന്ന ഗാനത്തിലും "നിഷ്ഠയിൽ നിന്നെ പ്രസവിച്ച..." എന്ന ഗാനത്തിലുമെല്ലാം പൗരസ്ത്യ ആരാധനയുടെ ഈ സാർവത്രികമാനം വ്യക്തമാക്കപ്പെടുന്നുണ്ട്. "നിൻ മാതാവു വിശുദ്ധന്മാർ എന്നിവർ തൻ പ്രാർത്ഥനയാൽ..... നിന്നെ ഞങ്ങൾ വാഴ്ത്തും" എന്നതിൽ വി. മാതാവ്, നിബിയന്മാർ, ശ്ലീഹന്മാർ, സഹദേന്മാർ, പരിശുദ്ധന്മാർ, വിശ്വാസികളായ വാങ്ങിപ്പോയവർ എല്ലാവരും പ. സഭയുടെ സർവ്വ ആരാധനയിലും എപ്പോഴും സജീവമായി നിലകൊള്ളുന്നു.

ഈശ്വരവിശ്വാസികൾ, വിശ്വാസ വ്യത്യസ്തതകൾക്കതീതമായി മറ്റുള്ളവർക്കുവേണ്ടി, സഹജീവികളായ സഹോദരങ്ങൾക്കുവേണ്ടിയും സർവ്വ ചരാചരങ്ങൾക്കുവേണ്ടിയും കാണപ്പെടുന്നതും കാണപ്പെടാത്തതുമായ സർവ്വ സൃഷ്ടികൾക്കുംവേണ്ടിയാണ് പ്രാർത്ഥിക്കുന്നത്. 'നീ ജീവനോടിരിക്കേണ്ടതിനു അവൻ (അബ്രഹാം) നിനക്കുവേണ്ടി പ്രാർത്ഥിക്കട്ടെ' (ഉൽപ. 20:7) എന്നു യഹോവയായ ദൈവം രാജാവായ അബീമേലെക്കിനോടും "എന്റെ ദാസനായ ഇയ്യോബ് നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കും; ഞാൻ അവന്റെ മുഖം ആദരിച്ചു നിങ്ങളുടെ മൂഢതയ്ക്കു തക്കവണ്ണം നിങ്ങളോടു ചെയ്യാതിരിക്കും" (ഇയ്യോബ് 42:8) എന്ന് അവന്റെ സ്നേഹിതരോടും കല്പിക്കുന്നതും മോശ ഇസ്രായേൽ ജനതയ്ക്കുവേണ്ടി യഹോവയുടെ സന്നിധിയിൽ മദ്ധ്യസ്ഥം യാചിക്കുന്നതുമെല്ലാം (പുറ. 32:11-14) നാം കാണുന്നുണ്ടല്ലോ.

ദൈവത്തിനും മനുഷ്യനുമിടയിൽ, അഥവാ സ്രഷ്ടാവിനും സൃഷ്ടിക്കുമിടയിൽ ഏക മദ്ധ്യസ്ഥൻ യേശുക്രിസ്തു മാത്രമാണ് എന്നത് പൗരസ്ത്യസഭയുടെ അടിസ്ഥാനവിശ്വാസമാണ്. "ദൈവം ഒരുവനല്ലൊ; ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥനും ഒരുവൻ; എല്ലാവർക്കുംവേണ്ടി മറുവിലയായി കൊടുത്ത മനുഷ്യനായ യേശു ക്രിസ്തു തന്നെ" (1 തിമോ. 2:5) എന്ന വാക്യവും "... അവൻ ദൈവത്തിന്റെ വലത്തുഭാഗത്തിരുന്ന് നമുക്കുവേണ്ടി പക്ഷപാതം കഴിക്കുമെന്നു" (റോമർ 8:34) എന്നിങ്ങനെ നാം വായിക്കുന്നുണ്ടല്ലോ. ക്രിസ്തുവെന്ന ഏക മദ്ധ്യസ്ഥന്റെ സ്ഥാനം പ. സഭ മറ്റാർക്കും നൽകുന്നില്ല. മറിച്ച് മറ്റുള്ളവർക്കുവേണ്ടി ക്രിസ്തുവിൽ പ്രാർത്ഥിക്കുവാനാണ് വേദപുസ്തക അടിസ്ഥാനത്തിൽ പ. സഭ പഠിപ്പിക്കുന്നത്. തിമോത്തിയോസിനോടും ഫിലിപ്യരോടും സംസാരിക്കുമ്പോൾ (1 തിമോ. 2:1-3, ഫിലി. 1:19) പ. പൗലോസ് ശ്ലീഹാ ഇത് വ്യക്തമായി പറയുന്നു. "എന്നാൽ നിങ്ങൾക്കു രോഗശാന്തി വരേണ്ടതിനു തമ്മിൽ പാപങ്ങളെ ഏറ്റുപറഞ്ഞ് ഒരുവനുവേണ്ടി ഒരുവൻ പ്രാർത്ഥിപ്പിൻ. നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു" എന്ന് യാക്കോബ് ശ്ലീഹായും (5:16) പഠിപ്പിക്കുന്നു.




ക്രിസ്തുവിന്റെ ശരീരമാകുന്ന പ. സഭ പരിശുദ്ധാത്മകൃപയാൽ സർവ്വലോകത്തിനുവേണ്ടിയും 'അബ്ബാ പിതാവേ' (ഗലാ. 4:16) എന്ന് പ്രാർത്ഥിക്കുന്നു. അതിൽ ആദാം മുതലുള്ള സർവ്വരും, പ്രത്യേകാൽ പ. കന്യകമറിയം മുതൽ സർവ്വരും ഉൾപ്പെടുന്നു എന്ന മർമ്മമാണ് പ. സഭയുടെ മദ്ധ്യസ്ഥപ്രാർത്ഥനകളിൽ കാണുന്നത്. 'പ. മാതാവേ! രക്ഷിക്കണമെ' എന്നോ, 'പ. പരുമല തിരുമേനി രക്ഷിക്കണമെ' എന്നോ അല്ല; മറിച്ച് 'ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമെ' എന്നാണ് നാം അപേക്ഷിക്കുന്നത്.

സൃഷ്ടി മുഴുവനുംവേണ്ടി സ്രഷ്ടാവ് സമക്ഷം മദ്ധ്യസ്ഥത അർപ്പിക്കുക എന്നത് പൗരോഹിത്യ ധർമ്മത്തിന്റെ അനുപേക്ഷണീയമായ കർത്തവ്യമാണ്. സർവ്വ പ്രപഞ്ചവും സ്രഷ്ടാവിനെ സ്തുതിക്കുന്നതായി നാം കാണുന്നുണ്ടല്ലോ. "ആകാശങ്ങൾ ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു; ആകാശവിതാനം അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നു" (സങ്കീ. 19:1) എന്ന് നാം ധ്യാനിക്കുന്നു.

ദൈവത്തിന്റെ സ്മരണയിലുള്ളതിനു ജീവനുണ്ട്; അസ്ഥിത്വമുണ്ട്; നിത്യമായ നിലനിൽപ്പുണ്ട്. ആ ഓർമ്മയിൽ നിന്നും നാം അന്യമാകുമ്പോൾ അവന്റെ അസ്ഥിത്വം നഷ്ടപ്പെടുന്നു. "ഞാൻ നിങ്ങളെ അറിയുന്നില്ല" (മത്തായി 25:12) എന്ന അവസ്ഥയിലാണ് ഒരുവനിൽ മരണം സംഭവിക്കുന്നത്. ചുരുക്കത്തിൽ ദൈവസ്തുതിപ്പാണ് ജീവന്റെ ആധാരം. വി. കുർബ്ബാനയിൽ ഉടനീളം പ. സഭ ഒന്നിച്ച് മദ്ധ്യസ്ഥപ്രാർത്ഥനകൾ നടത്തുന്നതായി കാണാം. സർവ്വലോകത്തിന്റെയും സൗഖ്യത്തിനും സന്തോഷത്തിനും സമാധാനത്തിനുംവേണ്ടി ("ലോകാ സമസ്ഥാ സുഖിനോ ഭവന്തു") ആദം മുതലുള്ള സർവ്വ ചരാചരങ്ങളും പ.

ദൈവമാതാവിന്റെയും നിബിയന്മാരുടെയും ശ്ലീഹന്മാരുടെയും സഹദേന്മാരുടെയും പരിശുദ്ധന്മാരുടെയും വാങ്ങിപ്പോയവരുടെയും കൂടെനിന്ന് പ്രാർത്ഥിക്കുന്നതാണ് ആരാധനയിൽ ഉടനീളം നാം കാണുന്നത്.

മദ്ധ്യസ്ഥതയും അനുസ്മരണവും സഭയുടെ ആരംഭം മുതൽ ആരാധനയുടെ അടിസ്ഥാനഘടകം ആയിരുന്നുവെന്ന് ജസ്റ്റിൻ മാർട്ടിയർ (+161) യെരുശലേമിലെ വി. കൂറിലോസ് (+350) തുടങ്ങി അനേകം പിതാക്കന്മാരുടെ എഴുത്തുകളിൽ കാണുന്നുണ്ട്. ജീവനുള്ളവരും വാങ്ങിപ്പോയവരുമായ സർവ്വലോകത്തിനുംവേണ്ടി നാം പ്രാർത്ഥിക്കണമെന്നും അല്ലാതെയുള്ള വ്യക്തിഗത പ്രാർത്ഥനകൾ ദൈവസന്നിധിയിൽ പാപവും ശാപവും ശിക്ഷാർഹവുമാകുന്നുവെന്നും സ്വർണ്ണനാവുകാരനായ മാർ ഈവാനിയോസിനെപ്പോലെയുള്ള പിതാക്കന്മാർ പ്രത്യേകം ഓർമ്മിപ്പിക്കുന്നുണ്ട്.

വി. കുർബ്ബാനയുടെ ഒരുക്കശുശ്രൂഷയുടെ ആരംഭത്തിലെ പ്രുമിയോൻ - സെദറാ മുതൽ, ധൂപ്രാർത്ഥനകൾ തുടങ്ങി സിംഹഭാഗവും മദ്ധ്യസ്ഥപ്രാർത്ഥനകളാണ്. കാർമ്മികൻ ദർഗ്ഗായിൽ നിന്നുകൊണ്ട് തന്റെ ഇരുകരങ്ങളിൽ കാസാ-പീലാസകളിൽ അപ്പവുംവീഞ്ഞും എടുത്ത് ഉയർത്തിപിടിച്ചുകൊണ്ട് ചൊല്ലുന്ന പ്രാർത്ഥനകൾ എല്ലാം സർവ്വലോകത്തിനുവേണ്ടിയും പൊതുവെയും, ഓർക്കുവാൻ പേരുകൾ നൽകിയിട്ടുള്ളവർക്കുവേണ്ടി പ്രത്യേകിച്ചുമുള്ള മദ്ധ്യസ്ഥപ്രാർത്ഥനകൾ ആണ്. കാസാ-പീലാസകൾ ത്രോണോസ്സിൽ, വിരിക്കൂട്ടിനു മുകളിൽവച്ച് അനാഫുറാ കൊണ്ട് മൂടിയതിനുശേഷവും കാർമ്മികൻ മദ്ധ്യസ്ഥപ്രാർത്ഥനകൾ തുടരുകയും സർവ്വരേയും പേരുപേരായി ഓർത്ത് ധൂപാർപ്പണത്തോടെ പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഒരുക്കശുശ്രൂഷ അവസാനിക്കുമ്പോഴും "ദൈവത്തിൻ ജനനീ പാവന കന്യകയെ! യാചിച്ചീടണമെ കരുണയെ ഞങ്ങൾക്കായ്" എന്നു തുടങ്ങി നിബിയന്മാർ, ശ്ലീഹന്മാർ... എല്ലാവരോടും യാചിച്ച് വാങ്ങിപ്പോയവരുടെ പാപങ്ങൾ പോക്കണമെന്ന് അപേക്ഷിക്കുന്നു.

വി. കുർബ്ബാനയുടെ പരസ്യശുശ്രൂഷ ആരംഭിക്കുന്നതും വി. ദൈവമാതാവിന്റെയും വി. യൂഹോനോൻ മാംദ്ദോനോയുടെയും അനുസ്മരണത്തിലും മദ്ധ്യസ്ഥതയിലുമാണല്ലോ. തുടർന്ന് 'നിൻമാതാവു വിശുദ്ധന്മാർ എന്നിവർതൻ പ്രാർത്ഥനയാൽ ഞങ്ങളോട് കരുണ ചെയ്യണമെ...' എന്ന് അപേക്ഷിക്കുമ്പോഴും ആരാധനാസമൂഹം ഒന്നിച്ച് ദൈവസന്നിധിയിൽ നിൽക്കുകയും മനുഷ്യരക്ഷയ്ക്കുവേണ്ടി മർത്തീകരണം നടത്തി 'ക്രൂശിക്കപ്പെട്ടവനെ, ഞങ്ങളോടു കരുണ ചെയ്യണമെ' എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

വി. കുർബ്ബാനയിൽ അഞ്ചുതവണയെങ്കിലും പ്രുമിയോൻ സെദറാ പ്രാർത്ഥനകൾ വരുന്നുണ്ട്. ഇവയെല്ലാം സർവ്വലോകത്തിനും വേണ്ടിയുള്ള അനുസ്മരണ മദ്ധ്യസ്ഥ പ്രാർത്ഥനകൾ ആണ്.

1. കാർമ്മികൻ ഒരുക്കശുശ്രൂഷയ്ക്ക് വി. മദ്ബഹായിൽ പ്രവേശിക്കുന്നതിനു മുമ്പ് നമസ്കാരമേശയിൽ വച്ച് രഹസ്യത്തിൽ നടത്തുന്നത്. (രാത്രി നമസ്കാരത്തിനിടയ്ക്ക് ഇത് പരസ്യമായി ധൂപാർപ്പണത്തോടെയും ചൊല്ലാറുണ്ട്).

2. ഒരുക്ക ശുശ്രൂഷയുടെ ആദ്യഭാഗത്ത് രഹസ്യത്തിൽ.

3. ഒരുക്ക ശുശ്രൂഷയിൽ അംശവസ്ത്രം അണിഞ്ഞശേഷം ധൂപപ്രാർത്ഥനയോടെ രഹസ്യത്തിൽ നടത്തുന്നു.

4. വി. കുർബ്ബാനയുടെ പ്രധാന പ്രുമിയോൻ-ഹൂസോയോ-സെദറായായി ഉച്ചത്തിൽ ചൊല്ലുന്നു; കാർമ്മീകനുവേണ്ടി ശെമ്മാശ്ശൻ ധൂപാർപ്പണം നടത്തുന്നു.

5. കുർബ്ബാനാനുഭവാനന്തര ശുശ്രൂഷയിൽ വാങ്ങിപ്പോയവരെ പ്രത്യേകം ഓർത്തുകൊണ്ട് രഹസ്യത്തിൽ നടത്തുന്നു; ചിലർ പരസ്യമായും ചൊല്ലാറുണ്ട്.

ഇവ കൂടാതെ കുക്കുലിയോനുകൾക്കിടയിൽ ഓർമ്മകൾ പ്രത്യേകം നടത്തുമ്പോഴും പ്രുമിയോൻ-സെദറാ പരസ്യത്തിൽ വായിക്കാറുണ്ട് എന്നും ഓർക്കാം. ഈ പ്രാർത്ഥനകളുടെയെല്ലാം ഇതിവൃത്തം കർത്താവിന്റെ മനുഷ്യാവതാരവും, വി. കുർബ്ബാനയുടെ അർത്ഥവും മഹിമയും, കാർമ്മികന്റെ അയോഗ്യതയും അനുതാപവും, വി. റൂഹായുടെ സാനിധ്യവും സഹവാസവും, വിശ്വാസസമൂഹത്തിന്റെ സമർപ്പണവും ആണെന്നും കാണാം. ത്രിത്വസ്തുതിയും ധൂപക്കുറ്റി വാഴ്വും കഴിഞ്ഞ് കാർമ്മികൻ വി. മദ്ബഹായിൽ നിന്നുകൊണ്ട് വിശ്വാസസമൂഹത്തെ ധൂപിപ്പിക്കുമ്പോൾ വീണ്ടും 'രണ്ടു ലോകങ്ങളിലും മനസ്സലിവുതോന്നി കരുണചെയ്യുവാൻ' അപേക്ഷിക്കുന്നത് കാണാം. വീണ്ടും വിശ്വാസപ്രമാണത്തിനുശേഷം കാർമ്മികൻ കൈകൾ കഴുകി വി. ബലിപീഠത്തിനു മുന്നിൽ മുട്ടുകുത്തി പ്രാർത്ഥിക്കുന്ന വേളയിലും പ. ദൈവമാതാവു മുതൽ.... വാങ്ങിപ്പോയവർവരെ എല്ലാവരെയും വിശേഷാൽ വി. കുർബ്ബാനയിൽ ഓർക്കുവാൻ പ്രത്യേകം പേരുകൾ തന്നിട്ടുള്ളവരെയും ഓർത്ത് പ്രാർത്ഥിച്ച് വിരിക്കൂട്ടിന്മേൽ കുരിശുകൾ വരച്ച് അവരെ ബലിപീഠത്തോട് ബന്ധിപ്പിക്കുകയും വിശ്വാസസമൂഹം മുഴുവനും അനുതാപത്തോടെ 'യാചിക്കേണ്ടും സമയമിതാ......' ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

വി. കുർബ്ബാനയിലെ പരസ്യശുശ്രൂഷയിലെ മദ്ധ്യസ്ഥപ്രാർത്ഥനയുടെ പ്രത്യേകവേള 'തുബ്ദേൻ' പ്രാർത്ഥനകളാണല്ലോ. 'എന്നാൽ വീണ്ടും' എന്നാണ് ഈ സുറിയാനി പദത്തിന്റെ അർത്ഥം. ഈ പ്രാർത്ഥനകൾ ആരംഭിക്കുന്നത് 'തുബ്ദേൻ' എന്ന വാക്കാലാണ് എന്നതിനാലാണ് ഈ ആറ് Dyptics (ദിയാഫതുക്കെ) ഈ സംജ്ഞയാൽ അറിയപ്പെടുന്നത്. ഇതിൽ ആദ്യത്തെ മൂന്ന് പ്രാർത്ഥനകൾ ജീവിച്ചിരിക്കുന്നവർക്കുവേണ്ടിയും അവസാനത്തെ മൂന്ന് പ്രാർത്ഥനകൾ വാങ്ങിപ്പോയവർക്കുവേണ്ടിയുമാണ്. "ആദ്യത്തെ മൂന്നു തുബ്ദേനുകളെയും കുറിച്ച് പൊതുവിൽ പറഞ്ഞാൽ, അവ ലോകത്തിൽ സ്ഥിതിചെയ്യുന്ന സഭയെ ആകമാനവും, സഭാംഗങ്ങളിൽ വൈഷമ്യവിധേയരായി കഴിയുന്നവരെയും, സഭ സ്ഥിതിചെയ്യുന്ന ലോകത്തിലെ ഭരണവ്യവസ്ഥിതിയെയും ഓർത്ത് അവയ്ക്കുവേണ്ടി പ്രാർത്ഥിക്കുവാനുള്ളതത്രേ" എന്ന് ഫാ. ഡോ. വി. സി. സാമുവേൽ രേഖപ്പെടുത്തുന്നു.

ഒന്നാം തുബ്ദേൻ ജീവനോടിരിക്കുന്ന ആത്മീയപിതാക്കന്മാരെ ഓർത്ത് സഭ മുഴുവൻ പ്രാർത്ഥിക്കുന്ന സന്ദർഭമാണ്. പ. സഭയുടെ സാർവ്വത്രിക മേലദ്ധ്യക്ഷന്മാർക്കും ഇടവകാദ്ധ്യക്ഷനും പ. സുന്നഹദോസ് അംഗങ്ങളായ എല്ലാ മേൽപട്ടക്കാർക്കും വേണ്ടിയുള്ള പ്രാർത്ഥനയാണ്. തുടർന്നുള്ള കാർമ്മീകന്റെ രഹസ്യ-പരസ്യ പ്രാർത്ഥനകളിൽ വൈദികരെയും, പ്രത്യേകാൽ വി. കുർബ്ബാന അർപ്പിക്കുന്ന കാർമ്മികനെയും ഈ പ്രാർത്ഥനയിൽ ഓർക്കുന്നതായി കാണുന്നു. "കർത്താവേ! നിന്റെ പരിശുദ്ധ സഭയ്ക്ക് ശാന്തിയും സമാധാനവും, അതിലെ ഇടയന്മാർക്ക് ഉത്തമവും പ്രശാന്തവുമായ ദീർഘായുസ്സും നൽകണമെ. സത്യവചനം ശരിയായി പഠിപ്പിക്കുന്ന ഇടയന്മാരെ അതിൽ എഴുന്നേൽപിക്കണമെ" എന്ന കാർമ്മീകന്റെ പ്രാർത്ഥനയിൽ (മാർ ദീവന്നാസ്യോസിന്റെ ക്രമം) ഈ തുബ്ദേന്റെ ആഴം മനസ്സിലാക്കുന്നു.

രണ്ടാം തുബ്ദേൻ ഇടവകാംഗങ്ങളെ ഏവരെയും ഓർത്ത് പ്രാർത്ഥിക്കുന്നു. പ്രത്യേകിച്ചും രോഗികൾ, അനാഥർ, അഗതികൾ, വിധവകൾ എന്നിങ്ങനെ ദുഃഖത്തിലും പ്രയാസങ്ങളിലും കഴിയുന്ന എല്ലാവരെയും ഓർക്കുന്നു. പ്രാർത്ഥനകൾക്കായി പ്രത്യേകം പേരുകൾ തന്നിട്ടുള്ളവരെ കാർമ്മീകൻ ഓർത്ത് രഹസ്യത്തിൽ പ്രാർത്ഥിക്കുന്നു. "വിശ്വാസികളും സത്യക്രിസ്ത്യാനികളുമായ ഞങ്ങളുടെ സഹോദരങ്ങളെ എല്ലാവരെയും ഞങ്ങൾ ഓർക്കുന്നു. ... എല്ലാവർക്കും ഐക്യവും അഭിവൃദ്ധിയും ഉണ്ടാകുവാനായി എല്ലാവരും കർത്താവിനോട് പ്രാർത്ഥിക്കണം" എന്ന് തുബ്ദേൻ വായിക്കുന്ന ശുശ്രൂഷകൻ ആഹ്വാനം നൽകുന്നു.

മൂന്നാം തുബ്ദേൻ വിശ്വാസികളായ ഭരണാധികാരികളെ പ്രത്യേകം ഓർക്കുന്നതാണ്. "സത്യവിശ്വാസത്തിൽ നിലനിർത്തി ഉറപ്പിച്ച വിശ്വാസികളും സത്യക്രിസ്ത്യാനികളുമായ ഭരണകർത്താക്കളെയും" ഓർത്ത് മദ്ധ്യസ്ഥപ്രാർത്ഥന നടത്തുകയും "പട്ടക്കാരും വിശ്വാസികളായ ജനങ്ങളുടെ സംഘവും ക്രിസ്ത്യാനി സമൂഹം മുഴുവനും സുകൃതമുള്ളവരായി തീരുവാൻ കർത്താവിനോടു നാം പ്രാർത്ഥിക്കണം" എന്നുമാണ് ശുശ്രൂഷകന്റെ ആഹ്വാനം. വിശ്വാസികളായ ഭരണകർത്താക്കൾ എന്ന് വിളിക്കുമ്പോൾ തന്നെ "നാലു ഭാഗങ്ങളിലുമുള്ള ദൈവത്തിന്റെ സഭകളെയും ദയറാക (ഭവനങ്ങൾ)ളെയും ഭരണസംവിധാനത്തിലൂടെ പരിരക്ഷിക്കുന്ന എല്ലാ ഭരണകൂടസംവിധാനത്തെയും ഇവിടെ ഓർക്കണമെന്ന് ബഹു. ഡോ. വി. സി. സാമുവേലച്ചനെപോലുള്ളവർ അഭിപ്രായപ്പെടുന്നത് ഏറെ അർത്ഥമുള്ളതും കാലികപ്രാധാന്യം അർഹിക്കുന്നതുമായ ആശയമാണ്. ഭരണസംവിധാനത്തിനും ആയതിന് നേതൃത്വം നൽകുന്നവർക്കും വേണ്ടിയായിരിക്കണം മൂന്നാം തുബ്ദേനിലെ മദ്ധ്യസ്ഥം.

നാലും അഞ്ചും ആറും തുബ്ദേനുകൾ വാങ്ങിപ്പോയ വിശ്വാസികളെ ഓർക്കുന്നതാണ് എന്ന് കണ്ടുവല്ലോ. അവയിൽ ആദ്യത്തേതു ദൈവമാതാവിൽ ആരംഭിച്ചു, നിബിയന്മാർ, ശ്ലീഹന്മാർ, ഏവൻഗേലിസ്ഥന്മാർ, സഹദേന്മാർ, മൗദ്യാനന്മാർ, ആദിയായ പരിശുദ്ധന്മാരെയും ശുദ്ധിമതികളെയും അനുസ്മരിക്കുന്നതും 'അവരുടെ പ്രാർത്ഥന നമുക്ക് കോട്ടയായിരിക്കുവാൻ' അഭ്യർത്ഥിക്കുന്നതുമാണ്. വി. യോഹന്നാൻ മാംദ്ദാന, മാർ സ്തേഫാനോസ് സഹദാ, പത്രോസ്, പൗലൂസ്, മാർത്തോമ്മാ ശ്ലീഹാ എന്നിവരെ പേരുകൾ പറഞ്ഞും ഓർക്കുന്നു. "അവരോടൊരുമിച്ചുള്ള അവകാശത്തിനും ഓഹരിക്കും വിശ്വാസികളും അവകാശികളായി തീരുവാനാണ്" ഈ പ്രാർത്ഥന ആഹ്വാനം ചെയ്യുന്നത്.

അഞ്ചാം തുബ്ദേനിൽ നിഖ്യ, കുസ്തന്തീനോപോലീസ്, എപ്പേസോസ് എന്നീ മൂന്നു പൊതു സുന്നഹദോസുകളെയും അവയിൽ സംബന്ധിച്ച് സത്യ വിശ്വാസം ഉറപ്പിച്ച പിതാക്കന്മാരെ പൊതുവായും അനുസ്മരിച്ച് അവരുടെ മാദ്ധ്യസ്ഥം അപേക്ഷിച്ചശേഷം 'ഊർശ്ലേമിന്റെ ഒന്നാമത്തെ പ്രധാനാചാര്യനും പുണ്യവാനും ശ്ലീഹായും സഹദായുമായ വി. യാക്കോബു മുതൽ ഇന്നയോളം പ. സഭയെ സത്യവിശ്വാസത്തിൽ നയിച്ച എല്ലാ വാങ്ങിപ്പോയ പിതാക്കന്മാരെയും നാം സ്മരിക്കുകയും അവരുടെ പ്രാർത്ഥന നമുക്കു കോട്ടയായിരിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു. തുടർന്നുള്ള കാർമ്മികന്റെ രഹസ്യ-പരസ്യ പ്രാർത്ഥനകളിൽ "അവരുടെ ആ സത്യവിശ്വാസത്തിൽ ഞങ്ങളെയും കാത്തുകൊള്ളണമെയെന്നും അതിൽ നിന്നും വ്യതിചലിക്കാത്തവരും കുറ്റമില്ലാത്തവരുമായി ഞങ്ങളെ ആക്കി തീർക്കണമെ" എന്നും അപേക്ഷിക്കുന്നു.

ആറാമത്തെയും അവസാനത്തേതുമായ തുബ്ദേൻ നിദ്രപ്രാപിച്ച വിശ്വാസികളെ അനുസ്മരിക്കുവാനും അവർക്ക് വേണ്ടി പ്രാർത്ഥിക്കുവാനും അവരുടെ പ്രാർത്ഥനകളിൽ നമ്മളും ഓർക്കപ്പെടുവാനുമുള്ള അപേക്ഷയും ആഹ്വാനവുമാണ്. "സത്യവിശ്വാസത്തിൽ മുമ്പുകൂട്ടി നിദ്രപ്രാപിച്ചു വിശ്രമിച്ചു നിന്റെ അടുക്കൽ വന്നുചേർന്നവരായ ഈ പരിശുദ്ധ മദ്ബഹായിൽ നിന്നും ഈ പള്ളിയിൽ നിന്നും ഈ സ്ഥലത്തുനിന്നും എല്ലാ ഭാഗങ്ങളിൽ നിന്നും സ്നേഹത്തോടും സത്യവിശ്വാസത്തോടും കൂടെ വാങ്ങിപ്പോയിരിക്കുന്ന വിശ്വാസികളായ സകല മരിച്ചുപോയവരെയും ഞങ്ങൾ ഓർക്കുന്നു" എന്ന പ്രാർത്ഥനയുടെ ആഴവും അർത്ഥവും എത്ര ശ്രേഷ്ഠം എന്ന് ഓർക്കുക.

"നിലവിലുള്ള തുബ്ദേനുകൾ മദ്ധ്യശതകങ്ങളിൽ മദ്ധ്യ-പൂർവ്വദേശത്തെ സിറിയൻ സഭ അതിന്റെ ആ കാലങ്ങളിലെ ആവശ്യത്തിലേക്കു വേണ്ടി ഉണ്ടാക്കിയിട്ടുള്ളതാകയാൽ, ആയതിന് കാലികമായ മാറ്റങ്ങൾ വരുത്തുന്നതിൽ തെറ്റില്ല" എന്ന ബ. ഡോ. വി. സി. സാമുവേലച്ചന്റെ നിരീക്ഷണത്തെ ഡോ. ജോർജ് കോശിഅച്ചൻ സ്വാഗതം ചെയ്യുന്നുണ്ട്. മോശയ്ക്കു ലഭിച്ച പത്ത് കല്പനകൾ ദൈവം നൽകിയതാണ്. അവ കാലികമായി വ്യാഖ്യാനിക്കാം; എന്നാൽ തിരുത്തപ്പെടുവാൻ പാടില്ല. എന്നാൽ അതുപോലെയല്ല മദ്ധ്യസ്ഥതാ പ്രാർത്ഥനകൾ എന്ന് ഡോ. വി. സി. സാമുവേലച്ചൻ അല്പം നർമ്മഹാസ്യപ്രയോഗത്തിലൂടെ എഴുതിയിരിക്കുന്നു.

ഒന്നാം തുബ്ദേനിൽ ആദ്യം പേരുപറയുന്നത് അന്ത്യോഖ്യാ പാത്രിയർക്കീസ് മാർ ഇഗ്നാത്തിയോസിന്റെയാണല്ലോ. ആയതിനു കാരണം അത് സിറിയൻ സഭയിൽ ഉണ്ടായ ആരാധനാക്രമം എന്നതുമാത്രമാണ്. മലങ്കരസഭയുടെ പ്രധാന മേലദ്ധ്യക്ഷൻ മലങ്കര മെത്രാപ്പോലീത്തായും പൗരസ്ത്യ കാതോലിക്കായുമായ 'ബസ്സേലിയോസ് മാർത്തോമ്മാ'യാണ്. ആകയാൽ തുബ്ദേനിൽ അദ്ദേഹത്തിന്റെ പേര് ആദ്യം ഓർക്കുകയും മലങ്കര സഭയുമായി വി. കുർബ്ബാന ബന്ധമുള്ള ഓറിയന്റൽ ഓർത്തഡോക്സ് സഭകളുടെ സാർവ്വത്രിക ഇടയന്മാരെ ഒന്നിച്ച് പൊതുവേ ഓർക്കുകയുമാണ് വേണ്ടത് എന്ന ബഹു. വി. സി. സാമുവേലച്ചന്റെ അഭിപ്രായത്തോട് പൂർണ്ണമായും യോജിക്കുന്നു. 'ഇന്നും ഈ ആയുഷ്ക്കാലത്തും നമ്മുടെ സഭയെ മേയിച്ചു ഭരിക്കുന്ന പിതാക്കന്മാരിൽ' ചരിത്രത്തിൽ 350 വർഷങ്ങൾക്കെങ്കിലും മുമ്പ് പൂർണ്ണമായും ഇല്ലാതായ യെരുശലേമിലെ മോർ ഗ്രീഗോറിയോസ്സിനെ നാം ഓർക്കുന്നതിലെ യുക്തി എന്താണെന്ന് ബഹു. സാമുവേലച്ചൻ ചോദിക്കുന്നു. അഞ്ചാം തുബ്ദേനിലും ഇതുപോലെ തന്നെയുള്ള പ്രശ്നങ്ങൾ ഉണ്ടെന്നും അതിനാൽ തുബ്ദേനുകൾ എല്ലാം തന്നെ അവയുടെ വേദശാസ്ത്ര അർത്ഥങ്ങൾ വ്യത്യാസപ്പെടാതെ കാലികമായി പരിഷ്കരിക്കപ്പെടണമെന്ന് ഈ രണ്ട് വൈദീകശ്രേഷ്ഠരും ചൂണ്ടികാണിക്കുന്നതിനോട് ഞാനും പൂർണ്ണമായും യോജിക്കുന്നു. പ. സുന്നഹദോസിന്റെ ആത്മീക അധികാരത്തിൽപ്പെടുന്ന ഇത്തരം കാര്യങ്ങളിൽ വ്യക്തിപരമായി ഒറ്റപ്പെട്ട അഭിപ്രായം പറയുന്നത് ശരിയല്ലാത്തതിനാൽ, ഏറ്റവും പെട്ടെന്ന് ഇക്കാര്യങ്ങൾ പരിഹരിക്കപ്പെടും എന്ന് ശുഭാപ്തി രേഖപ്പെടുത്തുകയും അതിനായി നടത്തുന്ന പ്രവർത്തനം തുടരുമെന്നും ഞാനും ഉറപ്പുതരുന്നു.

വി. കുർബ്ബാനയിലെ ആഴമുള്ള മദ്ധ്യസ്ഥ പ്രാർത്ഥനകളുടെ മറ്റൊരു അവസരമാണ് 'ലുത്തിനിയാ' പ്രാർത്ഥനകളുടെ സമയം. വി. കുർബ്ബാനയിൽ ഖണ്ഡിപ്പിന്റെ ശുശ്രൂഷ സമയത്താണല്ലോ 'ലുത്തിനിയാ' പ്രാർത്ഥനകൾ നടത്തുന്നത്. ലുത്തിനിയാ എന്ന വാക്കിന് 'അപേക്ഷ' അഥവാ 'മദ്ധ്യസ്ഥപ്രാർത്ഥന' എന്നാണ് അർത്ഥം. ഇപ്പോൾ നാം ഉപയോഗിക്കുന്ന വി. കുർബ്ബാനക്രമത്തിൽ ഒമ്പതു ലുത്തിനിയാ പ്രാർത്ഥനകൾ കാണുന്നുണ്ട്. "സഹോദരങ്ങളെ, നിരപ്പിന്റെയും സമാധാനത്തിന്റെയും അനുഗ്രഹങ്ങളുടെയും കരുണയുടെയും ദൂതിന് നിന്റെ അനുഗ്രഹങ്ങളാൽ ഞങ്ങൾ യോഗ്യരായി തീരണമേ എന്ന് എല്ലായ്പ്പോഴും കർത്താവിനോടു നാം അപേക്ഷിക്കണം" എന്നാണ് ആദ്യ ആഹ്വാനം. "ഞങ്ങളുടെ കർത്താവേ! നിന്റെ കരുണയാൽ ഞങ്ങൾക്ക് സംഗതിയാക്കണമേ." എന്ന് വിശ്വാസികൾ ഉത്തരമായി പ്രാർത്ഥിക്കുന്നു. തുടർന്ന് പള്ളികൾക്ക് (സഭകൾക്ക്) നിരപ്പും ദയറാകൾക്ക് (ഭവനങ്ങൾക്ക്) സമാധാനവും പട്ടക്കാർക്ക് കാവലും പ്രജകൾക്ക് പുഷ്ടിയുള്ള കാലവും ഉണ്ടാകുവാനും നാം സത്പ്രവർത്തികളാലും നീതിയുള്ള പുണ്യനടപടികളാലും ദൈവത്തിന് ഇഷ്ടമുള്ള സത്യക്രിസ്ത്യാനികളായിരിപ്പാനും, ദൈവകോപത്തിൽ നിന്നും അകന്നിരിപ്പാനും, "പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ! വന്ന് അകത്തു പ്രവേശിച്ച് നിങ്ങൾക്കായി ഒരുക്കപ്പെട്ട രാജ്യം അനുഭവിച്ചുകൊള്ളുവിൻ" എന്ന കർത്തൃശബ്ദം കേൾക്കുവാനും നിന്റെ കൃപയാലും ശ്ലീബായുടെ ശക്തിയാലും ഞങ്ങളെ യോഗ്യരാക്കണമെയെന്നും ഞങ്ങളുടെ രോഗികൾക്ക് സൗഖ്യവും അഗതികൾക്ക് വിടുതലും ഭിന്നിച്ചിരിക്കുന്നവർക്ക് ഐക്യവും സ്നേഹവും കാണാതെ പോയവർക്ക് കണ്ടെത്തലും വിലപിക്കുന്നവർക്ക് ആശ്വാസവും ക്ഷീണിച്ചിരിക്കുന്നവർക്ക് വിശ്രമവും വിധവമാർക്ക് മനോധൈര്യവും സഹായവും ദരിദ്രർക്ക് പോഷണവും പാപികൾക്ക് മോചനവും ആചാര്യത്വത്തിന് ഉന്നതിയും ശുശ്രൂഷകർക്ക് വെണ്മയും കൊടുക്കുകയും നിന്റെ നിരപ്പ് ഭൂമിയിലെ രാജ്യങ്ങളിൽ വാഴുകയും യുദ്ധങ്ങൾക്ക് ഒതുക്കവും, മരിച്ചവർക്ക് ആശ്വാസവും ഞങ്ങൾക്ക് കടങ്ങളുടെയും പാപങ്ങളുടെയും മോചനവും നൽകണമെയെന്ന് പ്രാർത്ഥിക്കുന്നു. വീണ്ടും ദൈവമാതാവിനെക്കുറിച്ചും പരിശുദ്ധന്മാരെക്കുറിച്ചും വിശ്വാസികളായ വാങ്ങിപ്പോയവരെക്കുറിച്ചും നല്ല ഓർമ്മ ഉണ്ടാകുവാനും അവരുടെ പ്രാർത്ഥന നമുക്ക് കോട്ടയായിത്തീരുന്നതിനും അപേക്ഷിക്കുന്നു. മശിഹാതമ്പുരാനോട് നമ്മുടെയും നമ്മുടെ മാതാപിതാക്കളുടെയും സഹോദരിസഹോദരന്മാരുടെയും നേതാക്കന്മാരുടെയും ഗുരുക്കന്മാരുടെയും അന്യോന്യം നാം ഓരോരുത്തരുടെയും ആത്മാക്കൾക്കായി യാചിക്കണമെന്നും സകലത്തിനും ഉടയവനായിരിക്കുന്ന പിതാവാം ദൈവത്തെ നാം സ്തോത്രം ചെയ്യുകയും തന്റെ ഏകപുത്രനെ വന്ദിക്കുകയും ജീവനുള്ള തന്റെ വിശുദ്ധറൂഹായെ മഹത്വപ്പെടുത്തുകയും കരുണയുള്ളവനായ കർത്താവിന്റെ തൃക്കരങ്ങളിൽ നമ്മുടെ ജീവനെ ഭരമേൽപിച്ച് തന്നോട് അനുഗ്രഹങ്ങൾ യാചിക്കണം എന്നും ഓർമ്മിപ്പിച്ചുകൊണ്ടാണ് ലുത്തിനിയാ പ്രാർത്ഥനകൾ അവസാനിക്കുന്നത്!

സർവ്വത്തേയും ദൈവസന്നിധിയിൽ, പ്രത്യേകിച്ച് ക്രൂശിക്കപ്പെട്ട കർത്താവിന്റെ ബലിപീഠത്തിനു മുന്നിൽ അവതരിപ്പിച്ച് സമർപ്പിച്ച് നടത്തേണ്ട അനിവാര്യമായ യാചനകളാണ് ലുത്തിനിയാ പ്രാർത്ഥനകൾ. അവയ്ക്ക് മുമ്പ് ആമുഖമായി "കരുണയുള്ള ദൈവമെ, നിന്റെ കരുണയുടെ വാതിലിൽ ഞങ്ങളുടെ അപേക്ഷാസ്വരം മുട്ടുന്നു..." എന്ന വി. അപ്രേമിന്റെ ബോവൂസോ ചൊല്ലണം. ശയന നമസ്കാരത്തിൽ ഉപയോഗിക്കുന്ന ആ ബോവൂസ്സോ നാല് വരികൾ വച്ചുള്ള ലുത്തിനിയാ പ്രാർത്ഥനയുടെ പ്രാരംഭമാണ്. എന്നാൽ ഇന്ന് അതും മറ്റ് പല ഗാനങ്ങളും ഈ സമയത്ത് താളമേളങ്ങളോടെ ചൊല്ലി തകർക്കുകയും ലുത്തിനിയാകൾ പൂർണ്ണമായും ഉപേക്ഷിക്കപ്പെടുകയും ചെയ്യുന്നു എന്നത് ഏറെ സങ്കടകരം എന്ന് പറയേണ്ടിയിരിക്കുന്നു.

ക്രിസ്തുവിന്റെ ക്രൂശുമരണവും പുനരുത്ഥാനവും (വി. കുർബ്ബാനയിലെ ഹാശയും ഉയിർപ്പും) നടക്കുന്ന സമയത്ത് അതുമായി യാതൊരു ബന്ധവും ഇല്ലാത്ത 'കാസോലിക്കി' (പൊതുഗാനം) പാടി തിമിർക്കുന്നത് പൈശാചികം എന്നു മാത്രമേ പറയേണ്ടതുള്ളു എന്ന് ബഹു. കോശി അച്ചൻ വേദനയോടെ ഓർക്കുന്നു. അതീവ രഹസ്യശുശ്രൂഷയായതിനാലാണ് ആ സമയത്ത് മറയിടുന്നത്. വി. മറിയമും വിശ്വാസസമൂഹവും ക്രൂശിനു മുന്നിൽ അല്പം ദൂരെ നിന്ന് മാറത്തടിച്ച് കരഞ്ഞുകൊണ്ട് പ്രാർത്ഥിക്കുന്ന സന്ദർഭമാണ് അത്. ഇതൊക്കെ ഇന്ന് ആരോടുപറയാൻ എന്ന് ബ. അച്ചനോടൊപ്പം ഞാനും ചോദിച്ചു പോകുന്നു.


കുക്കിലിയോൻ പ്രാർത്ഥനകളും മദ്ധ്യസ്ഥപ്രാർത്ഥനകളാണെന്ന് പ്രത്യേകിച്ച് ഓർമ്മിപ്പിക്കേണ്ടതില്ലല്ലോ. പ്രത്യേകം ധൂപാർപ്പണത്തോടെ നടത്തുന്ന മദ്ധ്യസ്ഥ പ്രാർത്ഥനകൾ എന്ന പ്രത്യേകതയുണ്ടെന്നതും ഓർക്കണം. ചുരുക്കത്തിൽ വി. കുർബ്ബാനയുടെ ആദ്യാവസാനം അത് സ്മരണവും മദ്ധ്യസ്ഥ പ്രാർത്ഥനകളുമാണ്. സർവ്വലോകവും ഒരുമിച്ച് ക്രിസ്തുവിൽ ഒന്നായി പ. ആത്മാനിറവിൽ പിതാവിനെ മഹത്വപ്പെടുത്തുന്നു.

## ഫാ. കോശി ജോർജ് വരിഞ്ഞവിളയ്ക്ക് വിലക്ക്

കോട്ടയം: സഭാ പാരമ്പര്യങ്ങൾക്കും കാനോനുകൾക്കും വിരുദ്ധമായി പ്രവർത്തിച്ച മലങ്കര ഓർത്തഡോക്സ് സഭാ വൈദികൻ ഫാ. കോശി ജോർജ് വരിഞ്ഞവിളയെ, അദ്ദേഹം ശുശ്രൂഷ അനുഷ്ഠിക്കുന്ന ദേവാലയത്തിൽ ഒഴികെ മലങ്കരസഭയുടെ മറ്റ് ദേവാലയങ്ങളിൽ പൗരോഹിത്യ ശുശ്രൂഷകൾ അനുഷ്ഠിക്കുന്നതിൽ നിന്നും പ. കാതോലിക്കാ ബാവാ വിലക്ക് ഏർപ്പെടുത്തി.

ലേഖനം

# പരിശുദ്ധ കന്യകമറിയാം: 'സമർപ്പണത്തിന്റെ രാജ്ഞി'



ഫിലിപ്പോസ് റമ്പാൻ
(ജ്യോതിസ് ആശ്രമം, അബു റോഡ്, രാജസ്ഥാൻ)

പരിശുദ്ധ കന്യകമറിയാമിനോടുള്ള ലുത്തിനിയായിൽ നാം ചൊല്ലുന്നു "പരിശുദ്ധ മാലാഖമാരുടെ രാജ്ഞിയായ മാതാവെ" ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ. "പരിശുദ്ധ നിബിയന്മാരുടെയും സഹദേന്മാരുടെയും രാജ്ഞിയായ മാതാവേ" ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ. പരിശുദ്ധ കന്യകമറിയാമിനു പരിശുദ്ധ ശ്ലീഹന്മാരിൽ എല്ലാ പരിശുദ്ധന്മാരിലും വച്ചു ഏറ്റവും വലിയ സ്ഥാനമാണ് പരിശുദ്ധ സഭ കൊടുത്തിരിക്കുന്നത്. കർത്താവായ യേശുമശിഹായുടെ അടുത്ത് എല്ലാ പരിശുദ്ധന്മാരെക്കാളും ശുദ്ധിമതികളെക്കാളും അപേക്ഷാസ്വാതന്ത്ര്യമുള്ളവളായും പരിശുദ്ധ സഭ കന്യകമറിയാമിനെ വാഴ്ത്തുകയും മാതാവിന്റെ മദ്ധ്യസ്ഥതയെ ഏറ്റവും വിലമതിക്കുകയും ചെയ്യുന്നു. ഒന്നാം ഹവ്വായിലൂടെ പാപം ലോകത്തിലേക്ക് കടന്നുവന്നു എങ്കിൽ രണ്ടാം ഹവ്വായായ വി. കന്യകമറിയാമിലൂടെ മനുഷ്യരാശിയുടെ രക്ഷയുടെ കാരണമായ മശിഹാ കടന്നുവന്നു. തന്മൂലം എല്ലാ തലമുറകളും കന്യകമറിയാമിനെ ഭാഗ്യവതി എന്നു വാഴ്ത്തുന്നു. പരിശുദ്ധ മാതാവിന്റെ നാമത്തിൽ അഭയപ്പെട്ടുകൊണ്ട് സഭ ശൂനോയോ നോമ്പ് (ഓഗസ്റ്റ് 1 മുതൽ 15 വരെ) ആചരിക്കുന്നു. കൂടാതെ കാനോനികമല്ലെങ്കിലും ചിലർ മാതാവിന്റെ ജനനപ്പെരുന്നാളിനോട് അനുബന്ധിച്ചു സെപ്റ്റംബർ 1 മുതൽ 8 വരെയും നോമ്പ് ആചരിക്കുന്നു. മാതാവിന്റെ നാമത്തിൽ അനേക പെരുന്നാളുകളും നാം ആചരിക്കുന്നു. (1) മാതാവിന്റെ വചനിപ്പു പെരുന്നാൾ (മാർച്ച് 25 ഉൾപ്പെടെ രണ്ടുപ്രാവശ്യം) (2) പുകഴ്ച പെരുന്നാൾ (ഡിസംബർ 26) (3) വിത്തുകൾക്കുവേണ്ടിയുള്ള പെരുന്നാൾ (ജനുവരി 15) (4) കതിരുകൾക്കുവേണ്ടിയുള്ള പെരുന്നാൾ (മെയ് 15) (5) വാങ്ങിപ്പു പെരുന്നാൾ (ശൂനോയോ ഓഗസ്റ്റ് 15) ഇങ്ങനെ അഞ്ച് പെരുന്നാളുകളും, കൂടാതെ എല്ലാ ബുധനാഴ്ച മാതാവിന്റെ ദിവസമായി നാം ആചരിക്കുന്നു. ഒപ്പം എല്ലാ ആരാധനകളിലും, ശുശ്രൂഷകളിലും മാതാവിന്റെ നാമത്തിൽ പ്രത്യേക മദ്ധ്യസ്ഥപ്രാർത്ഥനകൾ ക്രമീകരിച്ചിരിക്കുന്നു. എല്ലായിടത്തും മാതാവിനാണ് പ്രഥമസ്ഥാനം നൽകിയിരിക്കുന്നത്.

## വി. കന്യകമറിയാം തിരുവചനത്തിന്റെ വെളിച്ചത്തിൽ

ആദിമസഭയുടെ കേന്ദ്രബിന്ദു മാതാവായിരുന്നു. അപ്പോസ്തലപ്രവൃത്തിയുടെ ആദ്യഭാഗങ്ങളിൽ നിന്ന് നമുക്ക് അത് മനസ്സിലാക്കുവാൻ സാധിക്കും. യൂദായ്ക്കു പകരം മത്ഥ്യാസിനെ തിരഞ്ഞെടുക്കുവാൻ ശിഷ്യന്മാർ ഒന്നിച്ചു കൂടിയപ്പോഴും വി. കന്യകമറിയാമിന്റെ സാന്നിദ്ധ്യം ഉണ്ടായിരുന്നു. അങ്ങനെ തിരുവചനത്തിൽ പല സ്ഥലത്തും നേരിട്ടും അല്ലാതെയും ദൃഷ്ടാന്തം വഴിയും മാതാവിന്റെ സാന്നിദ്ധ്യം നമുക്ക് ദർശിക്കുവാൻ സാധിക്കും. ആദിമസഭയുടെ തിരുവചനം പഴയനിയമമായിരുന്നു. പഴയനിയമത്തിൽ പുതിയ നിയമം ഒളിഞ്ഞുകിടക്കുന്നു. പുതിയനിയമത്തിൽ പഴയനിയമം നിഴലിച്ചു കാണുന്നു. പഴയനിയമം പുതിയനിയമവുമായി ബന്ധിപ്പിക്കുന്ന ഏറ്റവും വലിയ കണ്ണി എന്നതിനെക്കാൾ പഴയ ഇസ്രായേലിൽ നിന്നു പുതിയ ഇസ്രായേലിലേക്കു പ്രവേശിക്കുന്ന വാതിലായിട്ടാണ് ദൈവജനനിയായ കന്യകമറിയാമിനെ വിശേഷിപ്പിക്കുന്നത്.

### 1. കന്യകമറിയാം പഴയനിയമത്തിൽ

ഉൽപത്തി പുസ്തകത്തിൽ തന്നെ ആദ്യ മനുഷ്യന്റെ വീഴ്ചയെ തുടർന്ന് വിമോചകന്റെ വരവിനെക്കുറിച്ചുള്ള വാഗ്ദാനം ഉണ്ടായി. "ഞാൻ നിനക്കും നിന്റെ സന്തതിക്കും അവളുടെ സന്തതിക്കും തമ്മിൽ ശത്രുത്വം ഉണ്ടാക്കും. അവൻ നിന്റെ തല തകർക്കും (ഉൽപത്തി 3:15) സർപ്പത്തിന്റെ തല തകർക്കുന്ന സന്തതിക്കു ജന്മം നൽകിയത് കന്യകമറിയാം ആയിരുന്നല്ലോ. കന്യകമറിയാമിനെക്കുറിച്ചുള്ള ഏറ്റവും വ്യക്തമായ സൂചന നൽകുന്നത് മഹത്വവാനായ




യെശയ്യാ ദീർഘദർശിയാണ്. "അതുകൊണ്ട് കർത്താവ് തന്നെ നിങ്ങൾക്ക് ഒരു അടയാളം തരും. കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും. അവനു ഇമ്മാനുവേൽ എന്നു പേർ വിളിക്കും (യെശയ്യാവ് 7:14). ഇമ്മാനുവേലായ ക്രിസ്തുവിന്റെ കന്യകയിൽ നിന്നുള്ള ജനനത്തെക്കുറിച്ചാണ് യെശയ്യാവ് ദീർഘദർശനം നടത്തിയതെങ്കിൽ മീഖാ പ്രവാചകൻ ക്രിസ്തു ജനിക്കുന്ന ഗോത്രത്തെക്കുറിച്ചും സ്ഥലത്തെക്കുറിച്ചുമാണ്.

കന്യകമറിയാം രണ്ടാമത്തെ സ്വർഗ്ഗമാണ്. ദൈവം വസിക്കുന്ന സ്ഥലം സ്വർഗ്ഗമാണ്. ദൈവപുത്രൻ കന്യകമറിയാമിൽ വന്നു വസിച്ചതു മൂലം മറിയാം രണ്ടാമത്തെ സ്വർഗ്ഗമായി മാറി. കന്യകമറിയാമിന്റെ പഴയനിയമത്തിലെ നിഴലായിരുന്നു വാഗ്ദത്തപേടകം. പേടകം ദൈവസാന്നിദ്ധ്യത്തിന്റെ പ്രതീകമെങ്കിൽ കന്യകമറിയാം ദൈവം തന്നെ വന്നു വസിച്ച പേടകമായിരുന്നു. വാഗ്ദത്തനാട്ടിലേക്കുള്ള യാത്രയിൽ ദൈവസാന്നിദ്ധ്യത്തിന്റെ ഉറപ്പും പ്രതീകവും വാഗ്ദത്ത പേടകം ഉൾക്കൊള്ളുന്ന സമാഗമനകൂടാരം. വാഗ്ദത്ത പേടകത്തിൽ സൂക്ഷിച്ചിരുന്നത് യഹോവയുടെ കൽപനകളുടെ പലകകളും, അഹരോന്റെ തളിർത്ത വടിയും, മന്നാ നിക്ഷേപിച്ച പൊൻപാത്രവും ആയിരുന്നു. ഈ വാഗ്ദത്ത പേടകമായിട്ടാണ് കന്യകമറിയാമിനെ പിതാക്കന്മാർ സാദൃശ്യപ്പെടുത്തിയിരിക്കുന്നത്. വാഗ്ദത്ത പേടകം ഉൾക്കൊള്ളുന്ന സമാഗമനകൂടാരത്തി

ലൂടെ യഹോവ ഇസ്രായേലിന്റെ ഗർഭഗൃഹത്തിൽ വസിക്കുന്നുവെന്നുള്ളതായിരുന്നു യഹൂദ വിശ്വാസം (പുറ. 33:8, 34:9). യേശുക്രിസ്തുവിന്റെ ജനനവുമായി കന്യകമറിയാമിനെ അനുബന്ധപ്പെടുത്തി രേഖപ്പെടുത്തിയിരിക്കുന്ന വാക്കുകളിൽ ഈ പഴയനിയമരഹസ്യവും ആശയവുമുൾക്കൊള്ളുന്നു. "നീ ഗർഭം ധരിച്ച് ഒരു മകനെ പ്രസവിക്കും" (ലൂക്കോ. 1:31). സഭയുടെ ആരാധനകളുമായി ബന്ധപ്പെട്ട ഭാഗങ്ങളിൽ പ്രത്യേകം വേറിട്ടു കാണാവുന്ന ഒന്നു ക്രിസ്തുവിന്റെ കന്യാജനനത്തിനു കൊടുത്തിരിക്കുന്ന പ്രാധാന്യമാണ്. പഴയനിയമം ബന്ധപ്പെടുത്തിയാണ് അവയിൽ കൂടുതലും. "അദ്ഭുതമാം ഫലമേകും വൃക്ഷം, കുഞ്ഞാടിനെ വൃക്ഷം നൽകി, തീക്കൽപാറ ജലം നൽകി" മുതലായവ.

**2. കന്യകമറിയാം പുതിയനിയമത്തിൽ**

പുതിയനിയമത്തിൽ സുവിശേഷങ്ങളിലാണ് കന്യകമറിയാമിനെക്കുറിച്ചു കൂടുതലായി രേഖപ്പെടുത്തിയിട്ടുള്ളത്. കന്യകമറിയാമിന്റെ പേരുപറഞ്ഞു രേഖപ്പെടുത്തിയിരിക്കുന്നത് സമവീക്ഷണ സുവിശേഷത്തിലും അപ്പോസ്തല പ്രവൃത്തിയും ആണ്. എന്നാൽ യോഹന്നാന്റെ സുവിശേഷത്തിൽ പ്രത്യേകം പേരു എടുത്തു പറയാതെ യേശുവിന്റെ അമ്മ, അവന്റെ അമ്മ എന്നെല്ലാമാണ് കൊടുത്തിരിക്കുന്നത്. പൗലോസ് ശ്ലീഹാ ഗലാത്യ ലേഖനത്തിൽ സ്ത്രീയുടെ സന്തതിയെക്കുറിച്ചു രേഖപ്പെടുത്തുന്നു. സുവിശേഷം ആരംഭിക്കുന്നതു തന്നെ ദൈവപുത്രന്റെ മാനുഷിക ജനനത്തിനു പിമ്പിലുള്ള ദൈവീക ശക്തിയേയും വെളിപ്പെടുത്തിക്കൊണ്ടാണ്. കാലത്തികവിൽ മാനുഷിക പിതാവില്ലാതെ മനുഷ്യസ്ത്രീയിൽനിന്നു ക്രിസ്തു ജനിച്ചു. തന്റെ മനുഷ്യപുത്രനായുള്ള ജനനം കന്യകയായ മറിയാമിൽ നിന്ന് പരിശുദ്ധാത്മാവു മൂലമായിരുന്നു. താൻ ഗർഭം ധരിക്കാൻ പോകുന്നു എന്ന വിവരം, മാലാഖയുടെ അറിയിപ്പ് ലഭിച്ചപ്പോൾ മറിയാമിന്റെ വിനീതമായ പ്രതികരണം അവളുടെ സ്വഭാവം, ശ്രേഷ്ഠത, സ്ഥാനം തുടങ്ങിയവ വ്യക്തമാക്കുന്നു.

"കൃപ നിറഞ്ഞവളേ നിനക്കു സമാധാനം" എന്നാണ് മാലാഖ മറിയാമിനെ അഭിസംബോധന ചെയ്യുന്നത്. കൃപയുടെ പൂർണ്ണത ക്രിസ്തുവാണ്. കന്യകമറിയാം കൃപ നിറഞ്ഞവളും. കൃപ സ്വർഗ്ഗീയ ദാനമാണ്. കൃപ ലഭിക്കാത്ത മനുഷ്യരില്ല. പക്ഷേ കൃപ നിറഞ്ഞവൾ കന്യകമറിയാം മാത്രം. ഈ അത്യുന്നത പദവി സ്വർഗ്ഗത്തിൽ നിന്നും മറ്റാർക്കും ലഭിച്ചിട്ടില്ല. "ഇതാ ഞാൻ കർത്താവിന്റെ ദാസി" (വി. ലൂക്കോ. 1:38) എന്നു പറഞ്ഞാണ് മറിയാം മാലാഖയുടെ മുമ്പിൽ ദൈവഹിതത്തിനു വിധേയപ്പെടുന്നത്. ഞാൻ കർത്താവിന്റെ ദാസി എന്നുള്ള കന്യകമറിയാമിനെക്കുറിച്ചുള്ള ബോദ്ധ്യം അവളെ വിശുദ്ധിയുടെ പദവിയിലേക്ക് ഉയർത്തി. യഹൂദ പശ്ചാത്തലമനുസരിച്ച് ദാസിയായി ജനിച്ചവളോ ദാസ്യവേല ചെയ്യുവാൻ വിധിക്കപ്പെട്ടവളോ ആയിരുന്നില്ല കന്യകമറിയാം. എന്നാൽ ദൈവഇഷ്ടത്തിനു സമ്പൂർണ്ണമായി സമർപ്പിച്ച് സ്വർഗ്ഗത്തിനു ദാസ്യവേല ചെയ്യുവാൻ സദാ സന്നദ്ധയുമായിരുന്നു മറിയാം. സ്വർഗ്ഗത്തിനു ദാസിയായിത്തീർന്ന മറിയാം അനുസരണത്തിലൂടെയും സമർപ്പണത്തിലൂടെയും ദൈവപുത്രന്റെ മാതാവായി തീർന്നതുപോലെ നമുക്കും ദൈവഹിതത്തിനു നമ്മെത്തന്നെ സമർപ്പിക്കാം. സമർപ്പണത്തിന്റെ രാജ്ഞിയായ കന്യകമറിയാമിന്റെ ജീവിതം നമുക്ക് മാതൃകയാക്കാം. പരിശുദ്ധ കന്യകമറിയാമിന്റെ മദ്ധ്യസ്ഥത നമുക്ക് കാവലും കോട്ടയുമായിരിക്കട്ടെ. ❑



**പൂതൃക്ക സെന്റ് മേരീസ് ഓർത്തഡോക്സ് സുറിയാനി പള്ളിയിൽ വിഘടിത വിഭാഗം അതിക്രമിച്ചു കയറി അക്രമത്തിനു ഇര ആക്കിയ പള്ളി വികാരി, ശുശ്രൂഷക്കാരൻ, ട്രസ്റ്റി, സെക്രട്ടറി, ഇടവക അംഗങ്ങൾ എന്നിവരെ കോലഞ്ചേരി മെഡിക്കൽ കോളജ് ആശുപത്രി തീവ്രപരിചരണ വിഭാഗത്തിൽ എത്തി ഡോ. തോമസ് മാർ അത്താനാസ്യോസ് സന്ദർശിച്ചു.**



**തടാകം ക്രിസ്തുശിഷ്യ ആശ്രമത്തിന്റെ സ്ഥാപക പിതാവായ ബിഷപ്പ് പെക്കൻ ഹാം വാൽഷിന്റെ 64–ാം ഓർമ്മ പെരുന്നാളും, കുവൈറ്റ് സെന്റ് ഗ്രീഗോറിയോസ് മഹാ ഇടവകയിലെ മാർ ബസേലിയോസ് മൂവ്മെന്റിന്റെ സഹായത്തോടെ ബിഷപ്പ് വാൽഷ് മെമ്മോറിയൽ ഹോസ്പിറ്റലിൽ പുതുതായി ആരംഭിച്ച semi ICU യൂണിറ്റിന്റെ ഉദ്ഘാടനവും ആശ്രമം വിസിറ്റർ ബിഷപ്പ് ഗീവർഗീസ് മാർ കൂറിലോസ് മെത്രപ്പോലീത്തായുടെ മുഖ്യ കാർമികത്വത്തിൽ നടന്നു. മാർ ബസേലിയോസ് മൂവ്മെന്റ് പ്രവർത്തകരായ ഐസക്ക് വർഗീസ്, റ്റിജു അലക്സ്, സോമജ എന്നിവർ സംബന്ധിച്ചു. ബിഷപ്പിനോടൊപ്പം തടാകം ആശ്രമത്തിൽ താമസിക്കുകയും, പഠിക്കുകയും ചെയ്ത രാമസ്വാമി മാസ്റ്റർ അനുസ്മരണ പ്രഭാഷണം നിർവഹിച്ചു.**




**കോട്ടയം ഭദ്രാസന ദിനാചരണം പ. കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്തു.**



**യൂഹാനോൻ മാർ പോളികാർപ്പോസിനെ പുളിന്താനം പള്ളി കവാടത്തിൽ പോലീസ് തടഞ്ഞു.**



**OCYM UAE ZONE**
**പ്രസിഡന്റായി നിയമിതനായ ഫാ. ജിജോ തോമസ് (സഹവികാരി, ഷാർജ സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് ചർച്ച്).**

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH
MY LORD AND MY GOD

ചരിത്ര നോവൽ

# അഞ്ചാം മാർത്തോമ്മായുടെ പീഡാനുഭവം അഥവാ ഡച്ചുകാരുടെ പന്തീരായിരം

ചിത്രമെഴുത്തു കെ. എം. വറുഗീസ്

## II

കറുത്തവനു കറുത്ത നിറമുള്ളവൻ നൽകിയിട്ടുള്ള സ്ഥാനാഭിഷേകത്തെ നിന്ദിക്കണമെന്നുള്ള നിർബന്ധബുദ്ധിയോടു കൂടി ചില പരദേശമെത്രാന്മാർ ഈ രാജ്യത്തു കാട്ടിക്കൂട്ടീട്ടുള്ള കുണ്ടാമണ്ടികൾ കുറച്ചൊന്നുമല്ല. ഒരു പരദേശമെത്രാൻ നാട്ടുമെത്രാന്റെയും യോഗത്തിന്റെയും പ്രതിഷേധം വകവയ്ക്കാതെ കണ്ടെടത്തൊക്കെ കണ്ണിൽക്കണ്ട പിള്ളേർക്കെല്ലാം പട്ടം കൊടുത്തു. പള്ളികളിലുള്ള അലങ്കാരശിൽപങ്ങളൊക്കെ തല്ലിത്തകർത്ത് ചുട്ടു ചാമ്പലാക്കി. ബലാൽക്കാരമായി കത്തനാരന്മാരുടെ നീണ്ട കുടുമ്മി ചെത്തി (പഴയകാലത്തു നസ്രാണിപ്പട്ടക്കാർ ചിത്രങ്ങളിൽ കാണുന്നതായ യേശുക്രിസ്തുവിന്റെ രീതിയിൽ തലമുടി നീട്ടിവളർത്തി ഇരുവശത്തേക്കും വകഞ്ഞിട്ടിരുന്നു) ജനക്ഷോഭത്തെ വകവയ്ക്കാതെ ഓടിച്ചുപിടിച്ചു മാപ്പിളമാരുടെ കുടുമ്മി ചെത്തി, (പണ്ടെ കാലത്തു സർവ നസ്രാണികൾക്കും കുടുമ്മിയും കടുക്കനുമുണ്ടായിരുന്നു) മൊട്ടയടിപ്പിച്ചു. വേറൊരു പരദേശമെത്രാൻ പട്ടക്കാരുടെ തലയിൽ കിടന്നിരുന്ന നീണ്ട ഉറത്തൊപ്പി (പഴയകാലത്തു സുറിയാനിപ്പട്ടക്കാർ പിൻഭാഗം ഒരു പൊടിപ്പോടുകൂടി പൃഷ്ടംവരെ താണുകിടക്കുന്നതും തലയിണ ഉറപോലെ നീണ്ടതുമായ കറുത്ത ഉറത്തൊപ്പിയായിരുന്നു ധരിച്ചുപോന്നത്) നീക്കി ഇന്നത്തെ കറുത്ത മക്കത്തൊപ്പി ചാർത്തുകയും അവർക്ക് രണ്ടാമതു പട്ടം കൊടുക്കുകയും ചെയ്തു. മറ്റൊരു പരദേശമെത്രാൻ നാട്ടുകാരനായ റമ്പാന്റെ തലയിൽ ഇട്ടിരുന്ന മസനപ്സാ തട്ടിപ്പറിച്ചെടുക്കുക, തൃപ്പൂണിത്തുറ പള്ളിയിലേയും കരിങ്ങാശ്ര പള്ളിയിലേയും കാസാകൾ അപഹരിക്കുക, പള്ളികളിലും കബറുകളിലുമുള്ള അലങ്കാരപ്പണികൾ വെട്ടിക്കീറുക, കണ്ടനാട്ടുപള്ളിയുടെ വാതിൽക്കതകുകൾ കോടാലികൊണ്ടു തന്നത്താൻ വെട്ടിപ്പൊളിക്കുക, പള്ളികളിലെ ഭണ്ഡാരക്കുറ്റികൾ ബലാൽക്കാരമായി തന്നത്താൻ വെട്ടിക്കീറി പണം അപഹരിക്കുക, പിന്നീടു മലങ്കര മെത്രാപ്പോലീത്തായായിത്തീർന്ന പുന്നത്തറ കുര്യൻ കത്തനാരെ പട്ടാപ്പകൽ പട്ടാണിക്കലി കയറി അടിച്ചപായപ്പെടുത്തുന്നതിനായി നെടുവടിയുമായി കോട്ടയം താഴത്തങ്ങാടി റോഡിലൂടെ അദ്ദേഹത്തിന്റെ പുറകെ നെട്ടോട്ടം ഓടുക, കോഴഞ്ചേരി തേവർവേലിക്കത്തനാരുടെ തലമണ്ട തല്ലിക്കീറുക, പല കത്തനാരന്മാരെ അടിച്ചവശമാക്കുക, പുലകുളിച്ചോറും ഉപ്പേരിയും സമയത്തു വന്നുചേരായ്കയാൽ മരത്തിൻമൂട്ടിൽ കത്തനാരെ തല്ലിക്കൊല്ലുവാൻ ശ്രമിക്കുക, മറ്റൊരാളുടെ നീണ്ട കുടുമ്മയുടെ അറ്റത്ത് ഇടക്കെട്ടുശീല കെട്ടി പള്ളിയുടെ മേത്തട്ടുശീലാന്തിയിൽ കെട്ടിത്തൂക്കുക, അരിശം മൂത്തു പുരയ്ക്കു തീ വയ്ക്കുക, പള്ളിപ്രദക്ഷിണവേളയിൽ കുരിശും കുടകളും തട്ടിമറിക്കുക, ഹോശാനയ്ക്കു കുരുത്തോല കൊടുക്കേണ്ട സന്ദർഭത്തിൽ വില തന്നു വാങ്ങണമെന്നു ശഠിച്ച് ഓലക്കെട്ടു വാരിക്കെട്ടികൊണ്ടു പോവുക എന്നിങ്ങനെ പല വികൃതികൾ കാട്ടിക്കൂട്ടി. മറ്റൊരു പരദേശമെത്രാൻ മലയാളത്തുള്ള മെത്രാന്മാർ മുഴുവൻ വേഷധാരികളാണെന്നും അവർ തന്നിൽ നിന്നു ശീമപ്പട്ടം വാങ്ങിക്കൊള്ളണമെന്നും ശഠിച്ചുകൊണ്ടു രണ്ടു നാട്ടുമെത്രാന്മാരുടെ ചുവപ്പുകുപ്പായം ചീന്തിക്കീറുവാൻ തയ്യാറെടുത്തു നടന്നു.

981-ാമാണ്ട് ഇവിടെ എത്തി ഈ നാട്ടിലെ സുറിയാനിക്കാരുടെയും അവരുടെ മേലദ്ധ്യക്ഷനായ ഏഴാം മാർത്തോമ്മാ മെത്രാപ്പോലീത്തായുടെയും പരമസുഖസമൃദ്ധമായ ആഥിത്യത്തിൽ മൂന്നു വർഷക്കാലം കഴിച്ചുകൂട്ടിയ ഒരു പരദേശമെത്രാൻ സഭയിൽ സ്വേഛാനുസാരം അധികാരം പ്രവർത്തിക്കുന്നതിലേക്ക് വേലുത്തമ്പി ദളവായുടെ പ്രീതി കരസ്ഥമാക്കുന്നതിനായി സുറിയാനിക്കാർ വേലുത്തമ്പിക്ക് എതിരായി കർണ്ണൽ മക്കാളിയുമായി കൂട്ടുകെട്ടു നടത്തുന്നുണ്ടെന്ന് സത്യവിരുദ്ധമായി പറഞ്ഞു പിടിപ്പിച്ച് ദളവായുടെ ക്രിസ്തുമത വിദ്വേഷത്തിന് വാശി കൂട്ടിയതിന്റെ ഫലമായി 984-ാം ആണ്ട് വേലുത്ത



മ്പി ദളവായും കൊച്ചിയിലെ മന്ത്രി പാലിയത്തച്ചനും കൂടി അമ്പതിനായിരം സുറിയാനി ക്രിസ്ത്യാനികളെ കൊന്നൊടുക്കിയ കഥ ഇന്നും ദഹിക്കുന്ന ഹൃദയത്തോടുകൂടി മാത്രമേ സ്മരിക്കുവാൻ കഴിയുന്നുള്ളു. ക്രിസ്ത്യാനികളെ കൊന്നൊടുക്കുന്നതിന് വാൾ മതിയാവാതെ വരികയാൽ അനവധി ആളുകളെ കൈകാലുകൾ കൂട്ടിക്കെട്ടി കായലിൽ എറിഞ്ഞുകളയുകയാണുണ്ടായത് (കൊച്ചിയിലെ പ്രസിദ്ധമായ വെട്ടിക്കൊലപ്പടയെപ്പറ്റി അറിയാത്തവരില്ലല്ലോ). അനേകായിരം ക്രിസ്ത്യാനികളുടെ ശവങ്ങൾ കൈകാലുകൾ കെട്ടപ്പെട്ട നിലയിൽ അഴിമുഖത്തും കായലിലും ഒഴുകി നടക്കുന്ന കാഴ്ച കണ്ട് കർണ്ണൽ മക്കാളി പോലും പൊട്ടിക്കരഞ്ഞു പോയി (ഇതിനൊക്കെ രേഖകൾ ഉള്ളതാണ്).



പക്ഷേ പരദേശമെത്രാന്മാർ എല്ലാവരും ഇത്തരക്കാരാണെന്ന് ഈ എഴുത്തുകാരന് അഭിപ്രായമില്ല. മലങ്കര സുറിയാനി സഭയെ ഉള്ളഴിഞ്ഞ് സ്നേഹിക്കയും അതിനുവേണ്ടി നിരവധി കഷ്ടനഷ്ടങ്ങൾ സഹിക്കുകയും ചെയ്തിട്ടുള്ള പുണ്യാത്മാക്കളായ ചില പരദേശമെത്രാന്മാരുടെ മഹനീയ നാമങ്ങൾ ഈ അവസരത്തിൽ പ്രത്യേകം സ്മരിക്കേണ്ടതായിട്ടുണ്ട്. ഊർശ്ലേം മാർ ഗ്രീഗോറിയോസ് ബാവാ, കോതമംഗലം മാർ ഈവാനിയോസ് ബാവാ എന്നീ രണ്ടു മഹാശയന്മാർ മലങ്കരയിൽ കാൽ വെക്കാതിരുന്നുവെങ്കിൽ ഇന്നു കാണുന്നതായ മലങ്കര സുറിയാനി സഭ എന്നൊന്ന് ഈ ഭൂമുഖത്ത് കാണുമായിരുന്നുവോ എന്ന് സംശയമാണ് (അന്ത്യോഖ്യായുടെ അബ്ദേദ് മശിഹാ പാത്രിയർക്കീസു ബാവായും ഈ കൂട്ടത്തിൽപെടുന്നുണ്ട്). അവർ സുറിയാനി സഭയ്ക്കുവേണ്ടി തങ്ങളുടെ ജീവിതത്തേയും കഴിവുകളെയും നിത്യഹോമാർപ്പണം ചെയ്ത യഥാർത്ഥ ക്രിസ്തുദാസന്മാരായിരുന്നു. സഭയെ ചൂഷണം ചെയ്വാനോ അധികാരങ്ങൾ തട്ടിപ്പറിക്കുവാനോ മലങ്കര സുറിയാനി സഭയെ അടിമച്ചങ്ങലയിൽ കുടുക്കുവാനോ അവർ യാതൊരു കാലത്തും സ്മരിക്കപോലും ചെയ്തിരുന്നില്ല. എന്നാൽ പിൽക്കാലത്തു ഈ തീരത്തെത്തിച്ചേർന്നിട്ടുള്ള പരദേശമെത്രാന്മാർ മിക്കവാറും എല്ലാവരും തന്നെ ഈ ശ്രേഷ്ഠാദർശത്തെ ദയനീയമാംവണ്ണം അവഗണിച്ചു കളഞ്ഞുവെന്നുള്ളത് ഏറ്റവും വ്യസനഹേതുകമത്രെ. അവർ സഭയുടെ ക്ഷേമൈശ്വര്യത്തെയല്ല, സ്വകീയനുഭൂതികളെയും സ്വാർത്ഥ പ്രകർഷത്തെയും മാത്രമെ ജീവിതലക്ഷ്യമായി കരുതിയിരുന്നുള്ളുവെന്നുള്ളതാണ് മലങ്കരസഭയ്ക്ക് അവരെപ്പറ്റി ഹൃദയവേദനയോടുകൂടി പറവാനുള്ള ഏക ആക്ഷേപം. നേരെ മറിച്ച് സ്വതന്ത്രമായ ശ്വാസോഛ്വാസത്തിനുള്ള സൗകര്യവും, സ്വന്തം കാലിൽ എഴുന്നേറ്റുനിന്ന് സ്വന്തം കഴിവുകൾ അത്ര ധാരാളമായി പ്രയോഗിക്കുന്നതിനുള്ള സുസ്ഥിതിയും അവർ മലങ്കരസഭയ്ക്കായി സ്നേഹപൂർവം കൈയൊഴിഞ്ഞിരുന്നുവെങ്കിൽ ജനസംഖ്യയിലും സാമുദായിക ശക്തിയിലും സാമ്പത്തികശക്തിയിലും മറ്റു പുരോഗമന പ്രസ്ഥാനങ്ങളിലും രാഷ്ട്രീയ ശക്തിയിലും അടിക്കടി അധോഗതിയെ പ്രാപിച്ചുവരുന്ന അന്ത്യോഖ്യാ സഭാശാഖയ്ക്ക് അത് എത്രമാത്രം ഉൽക്കർഷകരമാവുമായിരുന്നുവെന്ന് ഭാവന ചെയ്യുവാൻ തക്ക ഹൃദയവിസ്തൃതി ഇന്നും പരദേശമെത്രാന്മാർക്കുണ്ടായിട്ടില്ല. അൽപ്പപക്ഷക്കാരായ ആഫ്രിക്കയിലെ ഇന്ത്യൻ ജനതക്കുവേണ്ടി ഭാരതീയ ജനസമൂഹം ഇന്ന് എന്തൊക്കെ പ്രവർത്തിപ്പാൻ സന്നദ്ധമായിരിക്കുന്നുവോ അതിലധികമായ ഒരു പ്രേമബന്ധവായ്പോടു കൂടി മലങ്കര സുറിയാനിസഭ അന്ത്യോഖ്യാ സഭയ്ക്കുവേണ്ടി പ്രവർത്തിക്കുമായിരുന്നുവെന്നുള്ളത് നിശ്ചയമല്ലേ. പക്ഷേ തുർക്കി രാജ്യത്തെ പഴയ മാമൂലുകളിലും ഇരുളടഞ്ഞ ഭരണസമ്പ്രദായങ്ങളിലും പാപ്പാമാരുടെ അതി മൃഗീയവും സ്വേഛ്വാപരവുമായ ദുഷിച്ചുനാറിയ ഭരണസമ്പ്രദായങ്ങളിലും ആണ്ടു പരിചയിച്ച അറബി മനസ്സിന് ഈ ഉൽകൃഷ്ടാദർശങ്ങളെ വീക്ഷിപ്പാൻ ശക്തിയില്ലെങ്കിൽ ആ കാര്യത്തിൽ അവരെ ലേശവും കുറ്റപ്പെടുത്തുവാൻ നമുക്ക് അവകാശമില്ല. സ്വാതന്ത്ര്യത്തിനും സ്വയം വികാസത്തിനും വേണ്ടി ഭൂലോകരാഷ്ട്രങ്ങളിൽ പ്രസവവേദനപ്പെടുന്ന ജനസമുദായങ്ങളുടെ നേരെ സിംഹാസന ചെങ്കോലുകൾ വിനയപൂർവം തലകുനിക്കുന്ന ഈ കാലഘട്ടത്തിലെങ്കിലും പരദേശക്രിസ്ത്യാനികൾ അടിമച്ചങ്ങലയും അടിമനുകവുമായി നമ്മെ മല്ലിടുവാൻ പുറപ്പെടുന്നതിന്റെ അപകടത്തം എത്ര വമ്പിച്ചതാണെന്നു മനസ്സിലാക്കുവാൻ തക്ക ക്രാന്തിദർശിത്വം നമ്മെ സംബന്ധിച്ചിടത്തോളം സുറിയായിലെ ക്രിസ്ത്യൻ സഹോദരങ്ങൾക്ക് ഉണ്ടാകുമോ?

മേൽ വിവരിച്ച നിലയിൽ കറുത്തവന്റെ 'നാട്ടുപട്ട'ത്തിന്റെ നേരെ ഏറ്റവും ആഭാസമായ രീതിയിൽ നടത്തപ്പെട്ടിട്ടുള്ള പല കൈയേറ്റങ്ങൾക്കും പുറമെ കൊല്ലവർഷം 923 മുതൽ 1050 വരെ അഞ്ചു പ്രധാന ഘട്ടങ്ങളിലായി മലങ്കര സുറിയാനിക്കാരുടെ ജാതിത്തലവരായ മലങ്കര മെത്രാപ്പോലീത്തന്മാരുടെ ഭരണാധികാരം തട്ടിപ്പറിക്കുവാൻ പരദേശമെത്രാന്മാർ വമ്പിച്ച ഉൾപോരുകളും കഠോരയുദ്ധങ്ങളും നടത്തിയതായി ചരിത്രം സാക്ഷിക്കുന്നു.

## III

കൊല്ലവർഷം 861-ൽ കോതമംഗലം ബാവാന്മാർ എന്നറിയപ്പെടുന്ന മാർ ബസ്സേലിയോസ് കാതോലിക്കാ, മാർ ഈവാനിയോസ് എപ്പിസ്ക്കോപ്പാ എന്നീ രണ്ടു പരദേശമേൽപ്പട്ടക്കാർ പാണ്ടി വഴി മലങ്കര എത്തിച്ചേർന്നു. പകലോമറ്റം രണ്ടാം മാർത്തോമ്മാ മെത്രാപ്പോലീത്തായായിരുന്നു അക്കാലം മലങ്കരസഭാഭരണം നടത്തിയിരുന്നത്. മാർ ബസ്സേലിയോസ് പതിമ്മൂന്നു ദിവസം ജീവിച്ചിരുന്നശേഷം കാലംചെയ്തു. കോതമംഗലം ചെറിയപള്ളിയിൽ കബറടങ്ങി. മാർ ഈവാനിയോസാവട്ടെ, രണ്ടാം മാർത്തോമ്മായുടെ പിൻഗാമിയായി മൂന്നാം മാർത്തോമ്മായെ തനിച്ചു വാഴിച്ചു. മൂന്നാം മാർത്തോമ്മായുടെ ഹ്രസ്വകാല ജീവിതത്തിനുശേഷം മാർ ഈവാനിയോസ് തനിച്ചുതന്നെ വീണ്ടും നാലാം മാർത്തോമ്മായെ സ്ഥാനാഭിഷേകം ചെയ്തു. ഇതു കഴിഞ്ഞു മാർ ഈവാനിയോസ് ഇഹലോകവാസം വെടിഞ്ഞു. അനന്തരം നാലാം മാർത്തോമ്മാ, തന്റെ പിൻഗാമിയായി അഞ്ചാം മാർത്തോമ്മായെ മലങ്കര മെത്രാപ്പോലീത്തായായി വാഴിച്ചു. ഈ സംഭവത്തിനു 31 വർഷത്തിനു മുമ്പു കൊച്ചി രാജാവും ഡച്ചുകാരുമായി ചെയ്തിരുന്ന ഒരു ഉടമ്പടിയിൽ കൊച്ചീരാജ്യത്തെ ക്രൈസ്തവരുടെ മേലുള്ള സിവിൾ ക്രിമിനൽ അധികാരങ്ങൾ ഡച്ചു ഗവണ്മെന്റിനു വിട്ടുകൊടുത്തതായി വ്യവസ്ഥ ചെയ്തിരുന്നു. പരദേശിയായ മാർ ഈവാനിയോസ് തനിച്ചു മൂന്നും നാലും മാർത്തോമ്മാമാരെ വാഴിച്ചതിൽ യാതൊരു അയുക്തതയും കണ്ടുപിടിപ്പാൻ കഴിയാതിരുന്ന ഈ നാട്ടിലെ നസ്രാണി മാപ്പിളമാർക്കു നാലാം മാർത്തോമ്മാ തനിച്ച് അഞ്ചാം മാർത്തോമ്മായെ വാഴിച്ചതു വീഴത്തക്ക തെറ്റാണെന്നു ഭയപ്പാടായി. ജനം രണ്ടു കക്ഷിയായി പിരിഞ്ഞു. അഞ്ചാം മാർത്തോമ്മായുടെ സ്ഥാനാഭിഷേകം സാധുവായിട്ടുള്ളതല്ലെന്നും അദ്ദേഹത്തെ ഭരണാധികാരത്തിൽ നിന്നു വിട്ടുതരണമെന്നും ഒരു കൂട്ടർ ഡച്ചു കുമദോരിൽ വ്യവഹാരവും ബോധിപ്പിച്ചു. തെക്കർ, വടക്കനായ അഞ്ചാം മാർത്തോമ്മായേയും വടക്കുള്ളവർ ശീമക്കാരെയും അനുകൂലിച്ചു. കൂട്ടവും കുറിയും പൊതുയോഗ നിശ്ചയങ്ങളും കലശലായിത്തീർന്നപ്പോൾ വല്ലവിധവും ഈ മാരണം ഒതുങ്ങിയാൽ മതിയെന്നു നിശ്ചയിച്ചു ശീമക്കാരോടു ഒരിക്കൽകൂടി പട്ടം ഏൽക്കാമെന്നു സാധുവായ അഞ്ചാം മാർത്തോമ്മാ സമ്മതിച്ചു. അതനുസരിച്ചു എസക്കിയേൽ റാബി എന്നൊരു യഹൂദ വണിക്കിന്റെ സഹായത്താൽ ബസ്റായിൽ നിന്നു മാർ ഈവാനിയോസ് എന്നൊരു മെത്രാപ്പോലീത്തായെ വരുത്തി. അദ്ദേഹമാവട്ടെ, അഞ്ചാം മാർത്തോമ്മായുടെ ആവശ്യം നിവൃത്തിക്കുന്നതിനു പകരം താനാണ് മലങ്കര മെത്രാപ്പോലീത്താ എന്നു വാദിച്ചുകൊണ്ടു അഞ്ചാം മാർത്തോമ്മായുടെയും യോഗത്തിന്റെയും അറിവും സമ്മതവും കൂടാതെ ഭരണം ആരംഭിച്ചു. മാർ ഈവാനിയോസിനെ ക്ഷണിച്ചു വരുത്തിയതു അബദ്ധമായിപ്പോയെന്ന് അപ്പോൾ രണ്ടുകൂട്ടരും ഒപ്പം ബോധിച്ചു. അഞ്ചാം മാർത്തോമ്മായെ ഭരണത്തിൽനിന്ന് ഒഴിവാക്കുന്നതിനുള്ള വ്യവഹാരം ഡച്ചു കുമോദോരുടെ കച്ചേരിയിൽ കിടക്കുമ്പോൾതന്നെ ഈവാനിയോസ്സിനെക്കൊണ്ടു തങ്ങൾ പൊറുതിമുട്ടിയെന്നു, ജനസമൂഹം കൊച്ചി രാജാവിനോടും ഡച്ചുകാരോടും നിലവിളിച്ചു. എന്നിട്ടും ഒരു ഭാഗക്കാരുടെ ബഹളം തീരായ്കയാൽ പരദേശത്തുനിന്നും മേൽപട്ടക്കാരെ ക്ഷണിച്ചുവരുത്തുവാൻ അഞ്ചാം മാർത്തോമ്മാ

നിർബന്ധിതനായിത്തീർന്നു. അപേക്ഷാനുസരണം മാർ ബസേലിയോസ് കാതോലിക്കോസും ഒരു ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായും ഒരു യോഹന്നാൻ റമ്പാനും വേറെ ചിലരും കൂടി കൊല്ലവർഷം 926-ൽ ഡച്ചുകാരുടെ ഒരു കപ്പലിൽ കൊച്ചിയിൽ വന്നുചേർന്നു. കച്ചവടക്കാരനായ ഒരു അന്തോണിയോസ് ശെമ്മാശ്ശായിരുന്നു ഇടനിലക്കാരനായി കൂട്ടിക്കൊണ്ടുവന്നത്. ഇവരുടെ ചെലവു വകയ്ക്കായി 4000 രൂപാ കൊടുത്തുകൊള്ളാമെന്ന് അഞ്ചാം മാർത്തോമ്മാ ഡച്ചു കമ്പനിക്കാരുമായി നേരത്തെ ഉടമ്പടിയും ചെയ്തിരുന്നു. എന്നാൽ യാത്രക്കാർ ഡച്ചുകാരോടു പലപ്പോഴായി കടം പറ്റുകയാൽ ഒടുവിൽ 11454 രൂപായ്ക്കാണ് ഡച്ചുകാർ അഞ്ചാം മാർത്തോമ്മായ്ക്കു കേവുബിൽ അയച്ചത്. എന്നിട്ടും ആഗതരെ ആഡംബരപൂർവ്വം എതിരേൽക്കുന്നതിനായി അഞ്ചാം മാർത്തോമ്മാ കണ്ടനാട്ടു വേണ്ട കോപ്പു കൂട്ടിയെങ്കിലും അവർ കൊച്ചിയിൽ വന്നിറങ്ങിയതോടെ ഉൾഭരണത്തിൽ പ്രവേശിക്കുവാൻ ശ്രമിക്കുന്നതായി കാണുകയാൽ തൽക്കാല പരിതഃസ്ഥിതിയിൽ കർത്തവ്യം എന്താണെന്ന് അദ്ദേഹം ചിന്താചഞ്ചലനായും തീർന്നു. യാത്രച്ചെലവു, കപ്പൽക്കൂലി, കടംപറ്റ്, പലിശ എന്നീ ഇനങ്ങളിൽ രൂപാ പന്തീരായിരവും ഇടനിലക്കാരനും ഡച്ചുകമ്പനിക്കും കൊടുത്തു വീട്ടാതെ ആഗതർക്കു കൊച്ചി വിട്ടുപോകുവാനോ, ഡച്ചു കമ്പനിക്ക് അവരെ വിട്ടയപ്പാനോ, അവരിൽ നിന്ന് പട്ടം കിട്ടുന്ന കാര്യം സംശയഗ്രസ്തമായതിനാൽ കേവുബിൽ അനുസരിച്ചുള്ള തുക അഞ്ചാം മാർത്തോമ്മായ്ക്കു കൊടുത്തടപ്പാനോ കഴിഞ്ഞില്ല. ഉടമ്പടിക്കെതിരായി കേവുബിൽ അനുസരിച്ചുള്ള തുക കൊടുത്തു പട്ടം വാങ്ങിയാൽ തന്നെയും മലങ്കരസഭാഭരണം പിടിച്ചെടുക്കണമെന്നുള്ള ദൃഢനിശ്ചയത്തിൽ മെത്രാപ്പോലീത്താ നിന്നു. ക്ഷണിച്ചു വരുത്തപ്പെട്ടവർ പിൻമാറുമെന്നു വിശ്വസിപ്പാൻ കഴിയാത്ത വിഷമകരമായ ഒരു പരിതഃസ്ഥിതിയിൽ കാര്യങ്ങൾ എത്തിച്ചേർന്നു. നേരിട്ടുകണ്ടു കാര്യങ്ങൾക്ക് ഒരു ഒതുക്കം വരുത്തണമെന്നു വിചാരിച്ച് അഞ്ചാം മാർത്തോമ്മാ ഇതിനിടയ്ക്കു കൊച്ചിക്കു പുറപ്പെടുവാൻ വട്ടംകൂട്ടുകയിൽ ഇടനിലക്കാരൻ ശെമ്മാശൻ മെത്രാപ്പോലീത്തായെ പ്രതിയാക്കി പന്തീരായിരം രൂപയ്ക്കു ഡച്ചു കുമുദോരിൽ വ്യവഹാരം ബോധിപ്പിച്ചുവെന്നും അതനുസരിച്ചു മെത്രാപ്പോലീത്തായെ പിടിച്ചുകൊണ്ടുചെല്ലുന്നതിനായി ഡച്ചു സൈന്യാധിപനും പട്ടാളവും കൊച്ചിയിൽ നിന്നു പുറപ്പെട്ടിരിക്കുന്നു എന്നും അറിവു കിട്ടി. അഞ്ചാം മാർത്തോമ്മാ തന്റെ മാനരക്ഷയേയും ദേഹരക്ഷയേയും ജീവരക്ഷയേയും കരുതി അംഗരക്ഷക ഭടന്മാരോടു കൂടി തൽക്ഷണം പള്ളിക്കര നിന്നു പുറപ്പെട്ടു. തലേത്തു മൂന്നാം കൂർകൈമ്മൾ, കുരീക്കാട്ട് തായ്‌വഴിക്കർത്താവ് എന്നീ ഇടപ്രഭുക്കന്മാരെ ആശ്രയിച്ച് അവരുടെ അഭയദാനത്തിൽ ഗൂഢമായി താമസിച്ചു. ഡച്ചു സൈന്യാധിപനും കുപ്പിണിയും പള്ളിക്കര എത്തിയപ്പോൾ മെത്രാപ്പോലീത്തായെ പിടികിട്ടായ്കയാൽ കണ്ണിൽക്കണ്ട നസ്രാണി ഗൃഹങ്ങളിൽ നിന്നും കമ്പോളത്തിൽ നിന്നും സർവവും കുത്തിക്കവർന്നു കൊള്ള ചെയ്തു കൊണ്ടുപോയി.

ഡച്ചു കമ്പനിയിൽ വ്യവഹാരം ഫയലായതോടു കൂടി ശീമ മെത്രാന്മാർ കൊച്ചിയിൽ നിന്നു പുറപ്പെട്ടു കോതമംഗലത്തെത്തിച്ചേർന്നു. പട്ടാളം പിറകെ വരുന്നുവെന്നുള്ള ശ്രുതി ചുറ്റും പരക്കുകയാൽ ശരിക്ക് ആഹാരം കഴിക്കുന്നതിനോ, മതകർമ്മങ്ങൾ അനുഷ്ഠിക്കുന്നതിനോ, തല വെളിക്കു കാണിക്കുന്നതിനു തന്നെയുമോ, നിവൃത്തിയില്ലാതെ മാർത്തോമ്മാ മെത്രാപ്പോലീത്താ പ്രാണഭീതിയോടു കൂടി വീണ്ടും ഒളിപ്പാൻ നിർബന്ധിതനായിത്തീർന്നു. ജനം തെക്കും വടക്കും രണ്ടു കക്ഷിയായി പിരിഞ്ഞു. തെക്കുള്ളവർ സ്വവർഗ്ഗത്തിൽപ്പെട്ട ഒറ്റുകാരെ ഭയന്ന് തങ്ങളുടെ സമുദായത്തിന്റെ അഭിമാനനികേതനമായ ആ വൈദീകാദ്ധ്യക്ഷനെ ഡച്ചുകാരുടെ സ്വാധീനശക്തിക്കു വിധേയമല്ലാത്ത തിരുവിതാംകൂർ മഹാരാജാവിന്റെ രാജ്യത്ത് നിരണത്തേക്ക് അതിഭദ്രമായി കൊണ്ടുപോന്നു.

(തുടരും)



## കെ. മാത്തൻ അന്തരിച്ചു

കോട്ടയം: മലയാള മനോരമ മുൻ പത്രാധിപസമിതി അംഗം കുറിച്ചി കരുനാട്ട് കെ. മാത്തൻ (മാത്തുക്കുട്ടി-95) അന്തരിച്ചു സംസ്കാരം കുറിച്ചി സെന്റ് പീറ്റേഴ്സ് ആൻഡ് സെന്റ് പോൾസ് പള്ളിയിൽ നടത്തി.

മലയാള മനോരമയിൽ 32 വർഷം സേവനമനുഷ്ഠിച്ച കെ. മാത്തൻ നിയമ ഗ്രന്ഥങ്ങളുടെ രചയിതാവുമായിരുന്നു. ലോ ഡിക്ഷണറി (ഇംഗ്ലീഷ്-മലയാളം). നമ്മുടെ രാജ്യത്തെ കോടതികൾ, നമ്മുടെ നിയമസഭ, ജനം അറിഞ്ഞിരിക്കേണ്ട നിയമകാര്യങ്ങൾ തുടങ്ങിയവയാണ് പ്രധാന കൃതികൾ.

അദ്ദേഹം രചിച്ചതും കേരളത്തിലെ പ്രമുഖ പ്രസാധകരായ എസ്.പി.സി.എസ്. പ്രസിദ്ധീകരിച്ചതുമായ "നിയമനിഘണ്ടു ഇംഗ്ലീഷ് മലയാളം" എന്ന പുസ്തകം നിയമം കൈകാര്യം ചെയ്യുന്നവർക്ക് വിശിഷ്യ യുവഅഭിഭാഷകർക്ക് അവശ്യമായ ഒരു പദവിജ്ഞാനകോശമാണ്.

മലങ്കരസഭാ കേസുകളുടെ സമഗ്ര സമാഹാരം എന്ന ഗ്രന്ഥത്തിലൂടെ പ്രധാനപ്പെട്ട സഭാ കേസുകളുടെ വിധികൾ മലയാളത്തിൽ ലഭ്യമാക്കി. ചിങ്ങവനം സെന്റ് തോമസ് ഹൈസ്കൂളിൽ അധ്യാപകനായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

ഭാര്യ: മേപ്രാൽ കണിയാന്ത്ര പരേതയായ ലീലാമ്മ. മക്കൾ: പരേതനായ കുര്യൻ മാത്യു, ബീന കോശി, കോശി മാത്യു. മരുമക്കൾ: തിരുവനന്തപുരം മാടവന ലത കുര്യൻ, കെ. വി. കോശി മുളപ്പനേട്ടുകണ്ടത്തിൽ, മിറിയം കോശി, ചെമ്മരപ്പള്ളിൽ, മാങ്ങാനം.

## നിയമഭാഷ തർജ്ജമയിൽ അഗ്രഗണ്യൻ

### കെ. വി. മാമ്മൻ

മലങ്കരസഭാ കേസുകളെപ്പറ്റിയുള്ള വിധികൾ എല്ലാം തന്നെ ദീർഘകാലം മലയാള മനോരമ പത്രാധിപസമിതിയിലെ നിയമജ്ഞനായിരുന്ന് വേണ്ടവിധം കൈകാര്യം ചെയ്തത് കുറിച്ചി കരുനാട്ടു കെ. മാത്തൻ ബി. എസ്.സി., ബി.എൽ. ആണ്. കുറിച്ചി പുത്തൻപുരയ്ക്കൽ കുടുംബത്തിന്റെ കല്ലാശ്ശേരി ശാഖയുമായി അടുത്ത ബന്ധമുള്ള കരുനാട്ടു കെ. മാത്തൻ 1928 ഡിസംബർ 19-നു ജനിച്ചു. എസ്.ബി. കോളജിൽ നിന്നു ബി.എസ്.സി. യും എറണാകുളം ലോ കോളജിൽ നിന്നും ബി.എൽ. ബിരുദവും നേടി. കുറച്ചുകാലം അധ്യാപകനായിരുന്ന ശേഷം 1957 മുതൽ റിട്ടയർ ചെയ്യുന്ന 1989 വരെ മുപ്പതിൽപരം വർഷം മനോരമ പത്രാധിപ സമിതിയിൽ എഡിറ്റിംഗ് ജോലികൾക്കു പുറമെ ലീഗൽ വിഷയങ്ങൾ സമർത്ഥമായി കൈകാര്യം ചെയ്തു.

1958-ലെ സുപ്രീംകോടതി വിധിയും കേരള ഹൈക്കോടതി വിധികളും ലളിതസുന്ദരമായ ഭാഷയിൽ തർജ്ജമ ചെയ്ത് കുറഞ്ഞ വാക്കുകളിൽ പത്രങ്ങളിൽ ചേർത്തത് കെ. മാത്തനാണെന്ന വസ്തുത അനുവാചകർ വൈകിയെങ്കിലും അറിയട്ടെ.

1958-ലെ സുപ്രീംകോടതി വിധിയും 1990-ലെ കേരള ഹൈക്കോടതി ഡിവിഷൻ ബഞ്ചു വിധിയും 1995-ലെ സുപ്രീംകോടതി വിധിയും 1889-ലെ റോയൽ കോടതി വിധിയും എല്ലാം സമർത്ഥമായും സമ്പൂർണ്ണമായും ഇങ്ങനെ തർജ്ജമ ചെയ്യുകയും അവയെല്ലാം അദ്ദേഹത്തിന്റെ സഹപ്രവർത്തകനും കോട്ടയ്ക്കൽ പബ്ലിഷേഴ്സ് ഉടമയുമായ ഞാൻ പുസ്തകങ്ങളാക്കുകയും ചെയ്തിട്ടുണ്ട്. "സഭാക്കേസുകളുടെ സമഗ്ര സമാഹാരം" എന്ന ബൃഹത്തായ പുസ്തകമാണ് ഇക്കൂട്ടത്തിൽ ഏറ്റവും സുപ്രധാനം. കോടതിവിധി ഭാഷയുടെയും നിയമസംബന്ധമായ പല വാക്കുകളുടെയും യഥാർത്ഥ അർത്ഥം ഒട്ടും ചോരാതെ മനസ്സിലാക്കാനോ തർജ്ജമ ചെയ്യാനോ നിയമം ശരിക്കു പഠിക്കുന്നവർക്കും സാധ്യമല്ല. നിയമഭാഷ തർജ്ജമയിൽ കെ. മാത്തനെ പിന്നിലാക്കാൻ ഇന്നു സഭയിൽ ആരും തന്നെ ഉണ്ടെന്നു തോന്നുന്നില്ല.

# ദനഹായ്ക്കു ശേഷം രണ്ടാം ഞായർ

## (വി. യോഹന്നാൻ 1:43–51)

ഫാ. ജെറിൻ ജോൺ അടൂർ



ഫീലിപ്പോസിനെയും നഥാനായേലിനെയും ദൈവം വിളിച്ച് തന്റെ ശിഷ്യസമൂഹത്തിലേക്ക് ചേർക്കുന്ന തിരുവചനഭാഗമാണ്. നഥാനിയേൽ ബർത്തലോമിയോ ആണ് എന്ന് ബൈബിൾ പണ്ഡിതന്മാർ സാക്ഷിക്കുന്നു.

ക്രിസ്തുവിന്റെ വിളി സ്വീകരിച്ചു സന്തോഷത്തോടെ ഫിലിപ്പോസ് പോയത് തന്റെ സുഹൃത്തായ നഥാനിയേലിന്റെ അടുത്തേക്കാണ്. വി. മത്തായിയുടെയും വി.ലൂക്കോസിന്റെയും സുവിശേഷങ്ങളിൽ അപ്പോസ്തോലന്മാരിൽ ഒരുവനായ ബർത്തലോമ്യോ എന്ന പേരിൽ അറിയപ്പെടുന്ന നഥാനിയേൽ പക്ഷേ യേശുവിനെപ്പറ്റി ഫിലിപ്പോസ് പറഞ്ഞ കാര്യങ്ങൾ വിശ്വസിക്കാൻ അത്ര എളുപ്പത്തിൽ തയ്യാറല്ലായിരുന്നു. നഥാനിയേലിന്റെ സംശയം മനസ്സിലാക്കിയ ഫിലിപ്പോസാകട്ടെ അവനുമായി തർക്കിക്കുകയോ, തിരുലിഖിതങ്ങളുടെ അപഗ്രഥനത്തിലൂടെ അവനെ ബോധ്യപ്പെടുത്തുകയോ ഒന്നുമല്ല ചെയ്യുന്നത്, ഫിലിപ്പോസ് നഥാനിയേലിനെ യേശുവിന്റെ അടുക്കലേക്ക് ക്ഷണിക്കുക മാത്രമാണ് ചെയ്യുന്നത്. പലപ്പോഴും വിശ്വാസികളായ വ്യക്തികൾക്ക് അവിശ്വാസികളുമായി ഇടപഴകുമ്പോൾ സംഭവിക്കുന്ന ഒരു വലിയ തെറ്റിലേക്കാണ് പീലിപ്പോസിന്റെ ഈ പ്രവൃത്തി വിരൽ ചൂണ്ടുന്നത്. ഒരു വ്യക്തിയെ ദൈവവുമായി ബന്ധപ്പെടുത്തി ദൈവസ്നേഹമെന്തെന്നു പഠിപ്പിച്ചുകൊടുക്കാൻ ഒരിക്കലും മറ്റൊരു വ്യക്തിക്കാവില്ല. ഒരോ വ്യക്തിയും ദൈവവുമായുള്ള ബന്ധം അനന്യസാധാരണമാണ്;

### നഥാനിയേലിനെ അദ്ഭുതപ്പെടുത്തിയ ക്രിസ്തുവിന്റെ പ്രതികരണം

ഫിലിപ്പോസിന്റെ ക്ഷണം സ്വീകരിച്ചു സംശയത്തോടെ യേശുവിന്റെ അടുക്കലെത്തുന്ന നഥാനിയേലിനെ അദ്ഭുതപ്പെടുത്തുന്നതായിരുന്നു യേശുവിന്റെ പ്രതികരണം. ഒരായുഷ്കാലം മുഴുവൻ അടുത്തറിഞ്ഞ ഒരു വ്യക്തിയെക്കുറിച്ചെന്നപോലെ നഥാനിയേലിന്റെ ശരിയായ വ്യക്തിത്വം വെളിപ്പെടുത്തികൊണ്ടാണ് യേശു അയാളെ സ്വീകരിക്കുന്നത്. പിന്നെയും നഥാനിയേലിൽ സംശയം നിലനിൽക്കുന്നു എന്നു മനസ്സിലാക്കിയ യേശു, ദൈവത്തിനും നഥാനിയേലിനും അല്ലാതെ മറ്റാർക്കും അറിയില്ലാത്ത ഒരു രഹസ്യം കൂടി വെളിപ്പെടുത്തി താൻ ദൈവപുത്രനാണെന്ന് സ്ഥിരീകരിക്കുകയാണ്. അത്തിമരത്തിന്റെ തണലിലിരുന്ന് പ്രാർത്ഥിക്കുന്ന പതിവ് ഒട്ടേറെ യാഹൂദർക്കുണ്ടായിരുന്നു. പഴയനിയമത്തിൽ പാണ്ഡിത്യമുണ്ടായിരുന്ന നഥാനയേലിനോട് ദൈവം ഇസ്രായേൽ എന്നു വിളിച്ചനുഗ്രഹിച്ച യാക്കൊബിന്റേതിനു സമാനമായ ഒരു ദർശനത്തെപ്പറ്റി (ഉൽപത്തി 28:11–13) ക്രിസ്തു സംസാരിക്കുന്നുണ്ട്. ഇതിൽനിന്നും മനസ്സിലാക്കാനാവുന്നത്, നഥാനിയേൽ അത്തിമരത്തിന്റെ ചുവട്ടിൽ ധ്യാനിച്ചുകൊണ്ടിരുന്നപ്പോൾ അതിനു സമാനമായ ഒരു ദർശനം അദ്ദേഹത്തിനും ദൈവം നൽകിയിരുന്നു എന്നതാണ്. മാറ്റാർക്കും അറിയില്ലാതിരുന്ന ഈ കാര്യം യേശു വെളിപ്പെടുത്തിയപ്പോൾ നഥാനയേൽ ഹൃദയംകൊണ്ട് ദൈവപുത്രനിൽ വിശ്വസിച്ചു.

ദൈവത്തോടൊപ്പം സഹവസിക്കുന്നതിനായാണ് അവിടുന്ന് മനുഷ്യനെ സൃഷ്ടിച്ചത്. ഇതറിഞ്ഞ വിശുദ്ധ അഗസ്റിൻ തന്റെ ആത്മകഥയായ കൺഫെഷൻസ് (Confessions) എന്ന ഗ്രന്ഥത്തിൽ എഴുതി, ‘കർത്താവേ, അങ്ങേയ്ക്ക് വേണ്ടിയാണ് അങ്ങ് ഞങ്ങളെ സൃഷ്ടിച്ചത്; ആയതിനാൽ, അങ്ങയിൽ അണയുവോളം ഞങ്ങളുടെ ഹൃദയം ശാന്തമാകുന്നില്ല‘. നാമറിയാതെതന്നെ നമ്മുടെ ഹൃദയം സദാ ദൈവത്തെ തേടുന്നുണ്ട്. പലപ്പോഴും ദൈവത്തെ അറിഞ്ഞ ഒരു വ്യക്തിയുടെ ഒരു വാക്കു മതി നമുക്ക് ദൈവത്തിനായി ഹൃദയത്തെ തുറന്നുകൊടുക്കുവാൻ. ദൈവത്തിനായി ഹൃദയം തുറക്കുന്ന എല്ലാവർക്കും വിശ്വസിക്കാനാവശ്യമായ കൃപകൾ ദൈവം തന്നെ തന്റെ പരിശുദ്ധാത്മാവിലൂടെ നൽകുന്നുണ്ട്.

### ക്രിസ്തുവിന്റെ വിളിയുടെ സന്തോഷത്തെ പങ്കുവയ്ക്കുന്ന ഫിലിപ്പോസ്

യേശുതമ്പുരാന്റെ വിളി സ്വീകരിക്കുന്നയാൾ ഈ സന്തോഷം മറ്റുള്ളവരുമായി പങ്കുവയ്ക്കാനാണ് വിളിക്കപ്പെടുക. ഫീലിപ്പോസിന്റെ ജീവിതം അതാണ് നമ്മെ പഠിപ്പിക്കുക. ഫീലിപ്പോസ് ദൈവത്തിന്റെ വിളി കേട്ടയുടനെ ഓടിപ്പോയി നഥാനായേലിനെ കണ്ട് അവനോട് പറയുകയാണ്, മോശയുടെ നിയമത്തിലും പ്രവാചകഗ്രന്ഥങ്ങളിലും ആരെപ്പറ്റി എഴുതിയിരിക്കുന്നുവോ അവൻ, ആ ജോസഫിന്റെ മകൻ നസ്രത്തിൽ നിന്നുള്ള യേശുവിനെ ഞങ്ങൾ കണ്ടു. നിയമാവർത്തന പുസ്തകം പതിനെട്ടാം അധ്യായം പതിനഞ്ചാം തിരുവചനത്തിൽ നമ്മൾ വായിക്കുന്നുണ്ട്, നിന്റെ ദൈവമായ കർത്താവ് നിന്റെ സഹോദരങ്ങളുടെ ഇടയിൽനിന്നും എന്നെപ്പോലെയുള്ള ഒരു പ്രവാചകനെ നിനക്കുവേണ്ടി അയക്കും; അവന്റെ വാക്കാണ് നീ ശ്രവിക്കേണ്ടത്. നിയമവാർത്തനം പതിനെട്ടാം അധ്യായം പതിനെട്ടാം വാക്യം, അവരുടെ സഹോദരന്മാരുടെ ഇടയിൽനിന്ന് നിന്നെപ്പോലെയുള്ളൊരു പ്രവാചകനെ ഞാൻ അവർക്കുവേണ്ടി അയക്കും. എന്റെ വാക്കുകൾ ഞാൻ അവന്റെ നാവിൽ നിക്ഷേപിക്കും. ഞാൻ കല്പിക്കുന്നതെലാം അവൻ അവരോട് പറയും. ഈ പ്രവചനങ്ങളുടെ ഒക്കെ പൂർത്തിയായ യേശുതമ്പുരാനെ കണ്ടു എന്ന് പ്രവാചകഗ്രന്ഥങ്ങളിൽ ആരെപ്പറ്റി എഴുതിയിരിക്കുന്നുവോ ആ പ്രവാചകനെ, യേശുതമ്പുരാനെ കണ്ടു എന്ന് സന്തോഷത്തോടുകൂടി ഫീലിപ്പോസ് നഥാനായേലിനെ അറിയിക്കുകയാണ്. നമ്മളും കർത്താവിനെ അടുത്തറിയാനായിട്ട് വിളിക്കപ്പെട്ടവരും നമ്മളും ഈ സന്തോഷം, യേശുവെന്ന സന്തോഷം മറ്റുള്ളവരിലേക്ക് അറിയിക്കുവാൻ, മറ്റുള്ളവരിലേക്ക് എത്തിക്കുവാനായിട്ട് ബാധ്യസ്ഥരാണ് എന്ന് ഫീലിപ്പോസിന്റെ ജീവിതം നമ്മെ ഓർമ്മപ്പെടുത്തുന്നു. ഉടനെ നഥാനായേൽ ഫീലിപ്പോസിനോട് ചോദിക്കുകയാണ്, നസ്രത്തിൽ നിന്നും എന്തെങ്കിലും നന്മയുണ്ടാകുമോ? ഏറ്റവും തിരസ്കൃതമായ നഗരങ്ങളിലൊന്നായിരുന്നു നസ്രത്ത്. പഴയനിയമത്തിൽ അധികം പ്രതിപാദിക്കപ്പെടാത്ത ഈ നഗരം ഒരു പക്ഷെ ബെത്ലെഹെമിൽനിന്നുള്ള യേശു എന്ന് പറഞ്ഞാൽ നഥാനായേലിന് കുറച്ചുകൂടെ വിശ്വാസ്യമായേനെ. പക്ഷെ നസ്രത്തിൽനിന്നുള്ള യേശു എന്ന് പറഞ്ഞപ്പോൾത്തന്നെ നഥാനായേൽ ചോദിക്കുകയാണ് നസ്രത്തിൽ നിന്നും എന്തെങ്കിലും നന്മയുണ്ടാകുമോ? പ്രിയമുള്ളവരേ, കർത്താവ്, യേശുതമ്പുരാൻ ജീവിച്ച നസ്രത്ത്, നസ്രായനായ യേശു നസ്രത്തിനെ ഉയർത്തിയതുപോലെ നമ്മുടെ ജീവിതങ്ങളിലേക്ക് കർത്താവ് കടന്നുവരുന്നുണ്ടെങ്കിൽ ഏത് തിരസ്കരിക്കപ്പെട്ട അവസ്ഥയിലാണ് നമ്മുടെ ജീവിതമെങ്കിലും, നമ്മൾ ഉയർത്തപ്പെടും; യേശുതമ്പുരാൻ നസ്രത്ത് പട്ടണത്തെ ഉയർത്തിയതുപോലെ. നമ്മുടെ ജീവിതങ്ങളും ദൈവസാന്നിധ്യത്തിൽ നിറയപ്പെടുമ്പോൾ ഉയർത്തപ്പെടും. ഫീലിപ്പോസ് ഒരുപാട് വാദപ്രതിവാദങ്ങൾക്ക് നിൽക്കാതെ നഥാനായേലിനോട് പറയുക വന്ന് കാണുക എന്നതാണ്. വലിയ ഒരു ഇൻവിറ്റേഷൻ ആണ് നഥാനായേലിന് ഫീലിപ്പോസ് കൊടുക്കുക. വന്ന് യേശുതമ്പുരാനെ കണ്ട് അനുഭവിച്ചറിയാനുള്ള വലിയ ഒരു ഇൻവിറ്റേഷൻ കൊടുക്കുകയാണ്. നമ്മളും എല്ലാവരെയും വിളിക്കേണ്ടത് ഈ അനുഭവത്തിലേക്കാണ്. യേശു അനുഭവത്തിലേക്ക്, ദൈവവചനാനുഭവത്തിലേക്ക്, ദിവ്യകാരുണ്യ അനുഭവത്തിലേക്ക് എല്ലാവരെയും വിളിച്ചുചേർക്കാനായിട്ട് നിയോഗിക്കപ്പെട്ട ശിഷ്യരാണ്, കർത്താവിനെ അനുഗമിക്കുന്ന നല്ല ശിഷ്യരാണ് നമ്മളെന്ന ബോധ്യം നമ്മുടെ ഉള്ളിലുണ്ടാവണം. നഥാനായേലിനെ കാണുമ്പോൾത്തന്നെ യേശുതമ്പുരാൻ പറയുകയാണ്, ഇതാ നിഷ്കപടനായ ഒരു യഥാർത്ഥ ഇസ്രായേൽക്കാരൻ.

ഉൽപ്പത്തിപ്പുസ്തകം ഇരുപത്തിയെട്ടാം അധ്യായം പന്ത്രണ്ട് പതിമൂന്ന് തിരുവചനങ്ങളിൽ നമ്മൾ കാണുന്നുണ്ട്, യാക്കോബിന് ലഭിക്കുന്ന ഒരു ദർശനം. സ്വർഗം തുറക്കപ്പെട്ട് ഗോവണിയിലൂടെ മാലാഖമാർ കയറിപ്പോകുന്നതും ഇറങ്ങിപ്പോകുന്നതും. പിന്നീടാണ് യാക്കോബ് ഇസ്രായേലായിട്ട് നാമകരണം ചെയ്യപ്പെടുക. യോഹന്നാന്റെ സുവിശേഷം ഒന്നാം അധ്യായം അൻപത്തിയൊന്നാം തിരുവചനത്തിൽ നഥാനായേലിനോട് ദൈവം പറയുന്ന ഒരു കാര്യമുണ്ട്. സത്യം സത്യമായി ഞാൻ നിങ്ങളോട് പറയുന്നു, സ്വർഗ്ഗം തുറക്കപ്പെടുന്നതും ദൈവദൂതന്മാർ കയറിപ്പോകുന്നതും മനുഷ്യപുത്രന്റെമേൽ ഇറങ്ങിവരുന്നതും നിങ്ങൾ കാണും. കർത്താവിനെ അടുത്തനുഗമിക്കുന്നവൻ യഥാർത്ഥ ഇസ്രായേലാണ്, നിഷ്കപടനായ യഥാർത്ഥ ഇസ്രായേൽക്കാരനാണ്. ആ വലിയ സ്നേഹത്തോടും ത്യാഗത്തോടും കൂടെ കർത്താവിനെ അനുഗമിക്കുന്നുണ്ടെങ്കിൽ ഈ കാഴ്ച നമുക്കും അനുഭവവേദ്യമാക്കും എന്ന് ഈ തിരുവചനം നമ്മളെ ഓർമ്മപ്പെടുത്തുന്നു.

❑

Church Calendar

# SUMMONING THE DISCIPLES

## (Second Sunday after Denaha, John 01:43-51)

Fr. Sajoie Samuel



Jesus selecting His disciples for His public ministry is well accounted for in all four Gospels. Just as today a believer has the freedom to select whichever denomination s/he wants to worship in, similarly in those days a person could select his/her teacher or rabbi according to his/her choice. St. John the Apostle, the forerunner of Jesus, had his own set of disciples who followed his teachings. So in John 01: 35 and 36, the Baptizer points out Jesus to his discipes and they immediately follow Him.

The Gospel portion for the Second Sunday after Denaha is taken from John 01: 43-51. In Galilee Jesus meets Philip who belonged to Bethsaida along with Peter and Andrew. Philip then communicates his joy to Nathaniel about having met Jesus. Initially, Nathaniel is skeptical until he interacts with Jesus and then changes his rhetoric. Jesus then promises him that he will see great things if he trusts.

The Church remembers the martydom of St. Stephen, the first martyr on January 08th and St. Gregory of Nyssa on 10th.

**I. GOD CONSTANTLY SEEKS US**

John 15: 16 says "You have not chosen me; but I have chosen you". Isaiah 49:16 says "Behold I have graven thee upon the palms of my hand..." Such is God's love for us that to save humankind from the shadow of sin, He sent His patriarchs, judges, prophets, kings, priests and His own dear Son so that we would be reconciled to Him. In this Gospel portion we see the seeking love of God for His masses.

God created humans in His own image and likeness so that we could be like Him. So St. Augustine says "Thou has created us for Thyself, and our heart is not quiet until it rests in Thee". The difference between human seeking and divine seeking is appalling. Humans get dejected when they fail, but in God's case, even if we sin, He still seeks us. So when Adam and Eve hid from God, He sets out to seek them. Cain's blood filled hands cannot deter God from seeking him.

**II. JESUS MELTS AWAY OUR PREJUDICES AND GIVES US HOPE**

When Nathaniel is told about Jesus of Nazareth, he instantly refutes him by asking if any good can come from Nazareth? His prejudice towards the place stops him from accepting the good news that he and all of Israel was eagerly waiting for. We several times fall prey to such prejudices and fail to accept the good tidings coming our way. But Jesus, optimist as He is, talks Nathaniel out of his ignorance.

Jesus turns our negative barren thoughts to positive fertile realities. Having refuted the concept of Jesus coming from Nazareth, within a matter of seconds, Jesus makes him address Him as Rabbi, Son of God and King of Israel. Moreover, Jesus also promises him that he will see greater things than what he intended to. So in Jesus, a glimmer of positive hope leads us to a whole new horizon of possibilities.

**III. DONT LET PRE-CONCEIVED NOTIONS HAMPER YOUR SPIRITUALITY**

George Bernard Shaw once said "Beware of false knowledge; it is more dangerous than ignorance". Our pre-conceived notions are like a haze leading to blurring of our understanding of reality. Nathaniel was prey to this and it paralysed his thinking until Jesus converses with him. Nathaniel was a man of good learning and he was waiting for the redemption of Israel. The reference to fig tree shows the old tradition of Israel to learn the Scriptures by sitting under it (Micah 4:5, Zechariah 03:10).

Our notions not only pull us down, they also discourage others from believing. Hence we become the cause of our downfall and also of others. It is to these notions that Jesus Christ asks Nathaniel to put to rest and believe by which he could see heaven open and angels ascend and descend. Jesus Christ is inviting him to see what was seen as a majestic spectacle that happened in the past.

**IV. WAIT ON THE COMING OF THE LORD**

Nathaniel and Philip teach us a big lesson. They waited with hope and trust about the coming of the Messiah. Inspite of no clear evidence about when the Messiah will appear, still they were enthusiastic amongst themselves to wait for His coming. The fact that they are referring to Moses and the prophets shows their in- depth knowledge in the Scriptures.

A majority of the parables focus on we preparing for the Second Coming of the Lord. Nathaniel waited for His Master with all chastity and purity. That is why Jesus calls him an Israelite sans guile. And when we are without guile like Nathaniel, Jesus promises to make us see things that far exceed our understanding of divine authority.

V. THE OMNIPRESENT NATURE OF GOD

Jesus had observed Nathaniel sit under a fig tree and study the Scriptures without the latter's knowledge. This played a key role in the faith foundation of the apostle. For the next three and a half years of His public ministry, Jesus touched lives of thousands of people as He was omnipresent. The Psalmist says in 23:04 says "Even though I walk through the valley of the shadow of death, I will fear no evil, for you are with me, your rod and your staff, they comfort me".

When we are aware of the divine presence of God to be with us, it gives us a feeling of security which shields us from all harm and danger. The thought that Nathaniel was being watched by God, made him believe in the Savior. This spiritual nourishment helped him to turn thousands to God after the resurrection of Jesus.

To conclude, each one of us are the disciples of God. We need to spread the divine message to one and all so that, we can prepare for the Second Coming of our Lord. Let us keep aside all our prejudices, believe in the power of God who constantly seeks us and loom forward to the Second Coming of our Lord. May the prayers of St. Stephen and St. Gregory of Nyssa be a strong fortress for us.

❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH
MY LORD AND MY GOD

# വൈദികർ രാഷ്ട്രീയ പ്രചാരകർ ആകരുത്: പ. കാതോലിക്കാ ബാവാ

### ബിജെപിയിൽ ചേർന്ന നിലയ്ക്കൽ ഭദ്രാസന സെക്രട്ടറിയുമായി ബന്ധപ്പെട്ട പരാതി അന്വേഷിക്കും

കോട്ടയം: വൈദികർ ഏതെങ്കിലും രാഷ്ട്രീയ പാർട്ടികളുടെ പര സ്യപ്രചാരകർ ആകാതിരിക്കാൻ ശ്രദ്ധിക്കണമെന്നും പ്രചാരകരാകുന്നവർ സഭാശുശ്രൂഷകളിൽ നിന്നു മാറിനിൽക്കുന്നതായിരിക്കും ഉചിതമെന്നും പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായുടെ കൽപന.

വൈദികരെ സംബന്ധിച്ച് വർ ധിച്ചുവരുന്ന പരാതികൾ ദുഃഖകരമാണ്. ഇനി സഭാ ഭരണഘടനയും കാനോൻ നിയമപ്രകാരവുമുള്ള കർശനമായ അച്ചടക്ക നടപടികൾ ദാക്ഷിണ്യമില്ലാതെ കൈക്കൊള്ളുമെന്നും കൽപനയിൽ പ. കാതോലിക്കാ ബാവാ വ്യക്തമാക്കി. വൈദികർ പരസ്പരം ആരോപണം ഉന്നയിക്കാൻ ദൃശ്യ മാധ്യമങ്ങളും സാമൂഹിക മാധ്യമങ്ങളും ഉപയോഗിക്കുന്നത് അധമ പ്രവൃത്തിയാണ്. പ്രശ്നപരിഹാരത്തിനു സഭയ്ക്കുള്ളിൽ വ്യവ സ്ഥാപിത മാർഗങ്ങളുണ്ട്. വൈദികർക്കു വ്യക്തിപരമായ രാഷ്ട്രീ യവീക്ഷണം ഉണ്ടാകുന്നതു സഭ വിലക്കുന്നില്ല. എന്നാൽ പരസ്യമായി പ്രകടിപ്പിക്കരുതെന്നും കൽപനയിൽ പറഞ്ഞു.

അതേസമയം, ബിജെപിയിൽ ചേർന്ന നിലയ്ക്കൽ ഭദ്രാസന സെക്രട്ടറി ഫാ. ഷൈജു കുര്യനുമായി ബന്ധപ്പെട്ടു ലഭിച്ച പരാതികളിൽ അന്വേഷണം നടത്താൻ കമ്മിഷനെ ഭദ്രാസന കൗൺസിൽ നിയമിച്ചു. രണ്ടു മാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കും. ഇക്കാലയളവിൽ ഭദ്രാസനത്തിന്റെ ചുമതലകളിൽ നിന്ന് ഫാ. ഷൈജുവിനെ മാറ്റിനിർത്താനും തീരുമാനിച്ചു. സഭാ സമിതികളിൽ പരാതി സമർപ്പിക്കുന്നതിനു പകരം ചാനൽ ചർച്ചകളിൽ പങ്കെടുത്ത് ആരോപണമുന്നയിച്ച ഫാ. ഡോ. മാത്യൂസ് വാഴക്കുന്നത്തിനോടു വിശദീകരണം തേടാനും തീരുമാനിച്ചു.



# പൂതൃക്ക പള്ളിയിലെ ഗുണ്ടാ ആക്രമണം: ഓർത്തഡോക്സ് യുവജന പ്രസ്ഥാനം പ്രതിഷേധിച്ചു

കോലഞ്ചേരി: പൂതൃക്ക സെന്റ് മേരിസ് ഓർത്തഡോക്സ് സുറിയാനി പള്ളിയിലെ പ്രധാന പെരുന്നാൾ ദിനത്തിൽ യാക്കോബായ വിഭാഗം പള്ളിയിൽ അതിക്രമിച്ചു കടന്ന് വികാരി ഫാ. അബി ഉലഹന്നാന്നേയും വിശ്വാസികളെയും ആക്രമിച്ചു പരിക്കേല്പിച്ചതിൽ ക്രൈസ്തവ യുവജന പ്രസ്ഥാനം പ്രതിഷേധിച്ചു. ഓർത്തഡോക്സ് സഭയുടെ വികാരിക്ക് മാത്രം ശുശ്രൂഷകൾ നടത്തുവാൻ അധികാരം ഉള്ള പള്ളിയിലും കുരിശടികളിലും യാക്കോബായ വിഭാഗം അതിക്രമിച്ചു കയറി സംഘർഷം ഉണ്ടാക്കുന്നത് സ്ഥിരം പതിവാണ്. നിയമ വ്യവസ്ഥയെ വെല്ലുവിളിച്ചു കൊണ്ടു ഇത്തരം പ്രവർത്തനങ്ങൾ ചെയ്യുന്നത് ഒരു ക്രൈസ്തവ കൂട്ടായ്മക്ക് അനുയോജ്യമല്ല. പോലീസ് സംരക്ഷണം ഹൈക്കോടതി നൽകിയിട്ടും പോലീസിന്റെ ഭാഗത്തു നിന്നുള്ള അനാസ്ഥയാണ് ഇന്നത്തെ അക്രമണത്തിന്റെ പിന്നിൽ. സംഭവത്തിൽ പ്രതികളെ എത്രയും പെട്ടെന്നു പിടികൂടി അക്രമങ്ങൾ തടയണമെന്ന് യുവജനപ്രസ്ഥാനം പ്രസിഡന്റ് ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തി, വൈസ് പ്രസിഡന്റ് ഫാ. ഷിജി കോശി, ജനറൽ സെക്രട്ടറി ഫാ. വിജു ഏലിയാസ് ട്രഷറർ പേൾ കണ്ണേത്ത്, കേന്ദ്ര കമ്മിറ്റി അംഗങ്ങൾ എന്നിവർ ആവശ്യപ്പെട്ടു.



**2024 ഫെബ്രുവരിയിൽ നടക്കുന്ന മാർത്തോമ്മൻ പൈതൃക സംഗമത്തിന്റെ ലോഗോ പ. മാത്യൂസ് തൃതിയൻ കാതോലിക്കാ ബാവാ പ്രകാശനം ചെയ്തു. വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വർഗീസ് അമയിൽ, അൽമായ ട്രസ്റ്റി റോണി വർഗീസ്, അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, ഫാ. മോഹൻ ജോസഫ് (പി.ആർ.ഒ), ഫാ. തോമസ് ജോർജ് പട്ടശ്ശേരിൽ (കോട്ടയം സെൻട്രൽ ഭദ്രാസന സെക്രട്ടറി) എന്നിവർ സമീപം. ഇടുക്കി ഭദ്രാസനത്തിലെ കുങ്കിരിപ്പെട്ടി സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ ഇടവകാംഗം ടോബിൻ തോമസാണ് ലോഗോ തയ്യാറാക്കിയത്.**

# ഫാ. മാത്യൂസ് വാഴക്കുന്നത്തിനെതിരെ നടപടിയുമായി മലങ്കരസഭ

കോട്ടയം: നിലയ്ക്കൽ ഭദ്രാസന മെത്രാപ്പോലീത്താ ഡോ. ജോഷ്വാ മാർ നിക്കോദിമോസിനെ സാമൂഹ്യ മാധ്യമങ്ങൾ വഴി അധിക്ഷേപിക്കുകയും വെല്ലുവിളിക്കുകയും ഭദ്രാസനത്തിലെ വൈദികനെതിരെ ചാനൽ ചർച്ചയിൽ ഗുരുതരമായ ആരോപണങ്ങൾ ഉന്നയിക്കുകയും ചെയ്ത നിലയ്ക്കൽ ഭദ്രാസനത്തിലെ വൈദികനായ ഫാ. ഡോ. മാത്യൂസ് വാഴക്കുന്നത്തിനെ സഭാ സംബന്ധമായ എല്ലാ ചുമതലകളിൽ നിന്നും അന്വേഷണ വിധേയമായി മാറ്റി നിർത്തിയതായി പ. കാതോലിക്കാ ബാവാ അറിയിച്ചു. ഒരു പുരോഹിതനും അധ്യാപകനുമെന്ന നിലയിൽ തികച്ചും മാതൃകാപരമായി പെരുമാറേണ്ട ഒരു വ്യക്തിയിൽ നിന്നും ഇത്തരത്തിലുള്ള അപലപനീയവും ധിക്കാരപരവുമായ പെരുമാറ്റം അത്യന്തം ഖേദകരമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സഭാ മക്കളെ നേർവഴി നടത്തേണ്ട ഒരു പുരോഹിതന്റെ ഭാഗത്തു നിന്നും ഉണ്ടായ ഈ ഹീനമായ പ്രവർത്തനം സഭാംഗങ്ങൾ മാത്രമല്ല, പൊതു സമൂഹം പോലും ഏറെ അദ്ഭുതത്തോടെയാണ് ശ്രവിച്ചത്. ഒരു സഹോദര വൈദികനെതിരെ പരാതി ഉന്നയിക്കുവാൻ സഭാപരമോ നിയമപരമോ ആയ നടപടികൾ സ്വീകരിക്കാമെന്നിരിക്കെ ചാനൽ ചർച്ചയിൽ പരസ്യമായി കുറ്റാരോപണം നടത്തിയത്, ഒരു അച്ചടക്കമുള്ള വൈദികന് ചേർന്നതല്ല. ഇക്കാരണങ്ങളാൽ അന്വേഷണത്തിനു നിയോഗിച്ചിരിക്കുന്ന സമിതി റിപ്പോർട്ട് സമർപ്പിക്കുന്നതുവരെ സഭയുടെ പൗരോഹിത്യത്തിനടുത്ത എല്ലാ ചുമതലകളിൽനിന്നും അദ്ദേഹത്തെ മാറ്റി നിർത്തിയിരിക്കുന്നതായി പ. ബാവാ പറഞ്ഞു.

നിലയ്ക്കൽ ഭദ്രാസനത്തിൽ അടുത്തയിടെ ഉണ്ടായ പരാതികൾ പരിശോധിച്ച് ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്ത, ഫാ. വി. എം. എബ്രഹാം വാഴയ്ക്കൽ, അഡ്വ. കെ. കെ. തോമസ് എന്നിവരെ പരിശുദ്ധ ബാവാ നിയമിച്ചു.




**ഡോ. ജോസ് പാറക്കടവിലിനു കെ. റ്റി. തോമസ് കുന്നുതറ ഫൗണ്ടേഷൻ നൽകിയ അവാർഡ് യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് സമ്മാനിച്ചപ്പോൾ.**



## കോട്ടപ്പടി പള്ളി പെരുന്നാളിന് കൊടിയേറ്റി

കുന്നംകുളം: കോട്ടപ്പടി സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളിയിലെ ദൈവമാതാവിനോടുള്ള വിത്തുകൾക്ക് വേണ്ടിയുള്ള പെരുന്നാളും ഇടവകയുടെ 92-ാം സ്ഥാപന പെരുന്നാളിനും സംയുക്തമായി കൊടിയേറ്റി. രാവിലെ ദനഹാ പെരുന്നാളിന്റെ ശുശ്രൂഷകൾക്കും വി. കുർബ്ബാനയ്ക്കും ശേഷം ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത പ്രധാന കാർമ്മികത്വം വഹിച്ചു. വികാരി ഫാ. വർഗ്ഗീസ് ലാലും കമ്മറ്റി അംഗങ്ങളും നേതൃത്വം നൽകി. ജനുവരി 14, 15 തീയതികളിലാണ് പ്രധാന പെരുന്നാൾ.






കുവൈറ്റ് സെന്റ് ഗ്രീഗോറിയോസ് ഇന്ത്യൻ ഓർത്തഡോക്സ് മഹാ ഇടവകയിലെ ആത്മീയ-ജീവകാരുണ്യ പ്രസ്ഥാനമായ മാർ ബസേലിയോസ് മൂവ്മെന്റിന്റെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് 'കുവൈറ്റിലെ ക്രൈസ്തവ സമൂഹത്തിനു നൽകിയ സമഗ്ര സംഭാവനകളെ മുൻനിർത്തി' ഏർപ്പെടുത്തിയ 'ബസേലിയോ സുവർണ്ണ പുരസ്ക്കാരം' റവ. ഇമ്മാനുവേൽ ബെഞ്ചമിൻ ഗരിബിന് അലക്സിയോസ് മാർ യൗസേബിയോസ് സമ്മാനിക്കുന്നു. കുവൈറ്റ് ഉൾപ്പെടുന്ന ജി.സി.സി. രാജ്യങ്ങളിൽ നിന്നുള്ള ഏക ക്രിസ്ത്യൻ പുരോഹിതനായ റവ. ഇമ്മാനുവേൽ ഗരിബ്, 1999 ജനുവരിയിലാണ് പൗരോഹിത്യം സ്വീകരിച്ചത്. കുവൈറ്റ് ഓയിൽ മന്ത്രാലയത്തിലെ അണ്ടർ സെക്രട്ടറിസ്ഥാനം ഉപേക്ഷിച്ചാണ് അദ്ദേഹം വൈദീക ശുശ്രൂഷയിലേക്ക് തിരിഞ്ഞത്. കുവൈറ്റി പൗരനായ റവ. ഇമ്മാനുവേൽ ഗരീബ്, ചെയർമാനായിരിക്കുന്ന നാഷണൽ ഇവാഞ്ചലിക്കൽ ദേവാലയത്തിന്റെ വളപ്പിലാണ് കുവൈറ്റിലെ 100-ഓളം വരുന്ന വിവിധ ക്രിസ്ത്യൻ വിഭാഗങ്ങളുടെ പ്രാർത്ഥനകൾ നടന്നുവരുന്നത്.

## ആറാം മാർത്തോമ്മ അവാർഡ് 2024

പുത്തൻകാവ് സെന്റ് മേരീസ് ഓർത്തഡോക്ൾസ് കത്തീഡ്രലിൽ കബറടങ്ങിയിരിക്കുന്ന വലിയ മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്താ (ആറാം മാർത്തോമ്മ)യുടെ നാമത്തിൽ ഏർപ്പെടുത്തിയ അവാർഡിന് നാമനിർദ്ദേശങ്ങൾ ക്ഷണിക്കുന്നു. 25000/ രൂപയും പ്രശസ്തി പത്രവും അടങ്ങുന്നതാണ് അവാർഡ്.

ഭാരതത്തിന്റെ സാമൂഹ്യ, സാംസ്കാരിക, സാമുദായിക മണ്ഡലങ്ങളിൽ തനതായ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള ഒരു കേരളീയനാണ് അവാർഡ് നല്കപ്പെടുന്നത്. നാമനിർദ്ദേശം ചെയ്യപ്പെടുന്ന വ്യക്തിയുടെ സമഗ്രമായ സംഭാവനകളെക്കുറിച്ച് അര പേജിൽ കുറയാതെയുള്ള ഒരു വിവരണവും കൂടി നാമനിർദ്ദേശത്തോടൊപ്പം 'പ്രസിഡന്റ്, അവാർഡ് കമ്മിറ്റി, സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ, പുത്തൻകാവ്, 689123' അല്ലെങ്കിൽ puthencavupalli@gmail.com എന്ന വിലാസത്തിൽ അയച്ചുതരേണ്ടതാണ്. നാമനിർദ്ദേശങ്ങൾ ലഭിക്കേണ്ട അവസാന തീയതി 2024 ജനുവരി 31. കൂടുതൽ വിവരങ്ങൾക്ക് 9446710671, 9947020926, 9447663222 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.



## ബേബി കെ. മാണി അന്തരിച്ചു

ദേവലോകം: കോ ഓപ്പറേറ്റീവ് ഡിപ്പാർട്മെന്റ് റിട്ട. അസി. റജിസ്ട്രാർ പാറകുളത്തിൽ കൊല്ലംകുന്നേൽ ബേബി കെ. മാണി (69) അന്തരിച്ചു.

ദേവലോകം, കാതോലിക്കേറ്റ് സണ്ടേസ്കൂൾ അധ്യാപകനായി ദീർഘനാൾ പ്രവർത്തിച്ചിട്ടുണ്ട്. കോട്ടയം ഓർത്തഡോക്സ് വൈദിക സെമിനാരി ഓഫീസ് മാനേജരായും സേവനം അനുഷ്ഠിച്ചു.

സംസ്കാ രം കോട്ടയം സെന്റ് ലാസറസ് പള്ളിയിൽ നടത്തി. ഭാര്യ: തിരുവാതുക്കൽ പരേതയായ സുജാത ബേബി (ബി.എസ്.എൻ.എൽ. കോട്ടയം). മക്കൾ: ഗ്രീഷ്മ ബോബൻ, വിശാഖ് മാണി (ഇരുവരും ഓസ്ട്രേലിയ). മരുമക്കൾ: കരുവാറ്റ താഴ്ശയിൽ ബോബൻ വർഗീസ് (മൂവാറ്റുപുഴ), പൂനാട്ട് ലിജ വിശാഖ് (ഇരുവരും ഓസ്ട്രേലിയ).